# രാമപുരത്തെ നാലമ്പലങ്ങൾ ഒരു ചരിത്ര പഠനം

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബിരുദാനന്തര

ബിരുദചരിത്ര വിഭാഗത്തിൻ്റെ ഭാഗമായിസമർപ്പിക്കുന്ന

പ്രബന്ധം


**ആതിര പി.സ്**

**രജി.നമ്പർ : 190011005443**

**ചരിത്ര വിഭാഗം**

**ഹെൻറി ബേക്കർ കോളേജ് , മേലുകാവ്**


**2021**

# സാക്ഷ്യപത്രം

എം.ജി. സർവ്വകലാശാലയിൽ എം. എ. ബിരുദാനന്തര ബിരുദത്തിനായി സമർപ്പിക്കുന്ന 'രാമപുരത്തെ നാലമ്പലങ്ങൾ ഒരു ചരിത്ര പഠനം ' എന്ന ഈ പ്രബന്ധം എന്റെ മേൽനോട്ടവും നിർദ്ദേശവും അനുസരിച്ച് ആതിര പി. എസ് നിർവഹിച്ച ഗവേഷണ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

| | |
|---|---|
| കുമാരി. നീതു മരിയ ജെയിംസ് | ഡോ. ബീനപോൾ |
| സൂപ്പർവൈസിംഗ്അധ്യാപിക | ഹെഡ്ഓഫ്ഡിപ്പാർട്മെന്റ് |
| ചരിത്രവിഭാഗം | ചരിത്രവിഭാഗം |
| ഹെൻറി ബേക്കർ കോളേജ് | ഹെൻറി ബേക്കർ കോളേജ് |
| മേലുകാവ് | മേലുകാവ് |

# പ്രസ്താവന

''രാമപുരത്തെ നാലമ്പലങ്ങൾ ഒരു ചരിത്ര പഠനം'' എന്ന ഈ പ്രബന്ധം ഇതിനു മുൻപ് ബിരുദത്തിനോ ഫെലോഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതിയതല്ലാ എന്നും പ്ലാജിയറിസത്തിനു വിധേയമാക്കിയെന്നു ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.


ആതിരപി. എസ്

ഹെൻറിബേക്കർകോളേജ്

എം. എ. ചരിത്രവിഭാഗം

മേലുകാവ്

# കൃതജ്ഞത

ആദ്യമായി ഈ പ്രബന്ധം തയ്യാറാക്കുവാൻഎനിക്ക്ധൈര്യവും, ഉത്സാഹവും നൽകിയ സർവ്വശക്തനായ ദൈവത്തിനു നന്ദി പറയാൻ ഈ അവസരം ഞാൻ ഉപയോഗിക്കുന്നു.

ഈ പ്രബന്ധം ചെയ്യുവാനായിഎന്നെ സഹായിച്ച ചരിത്രവിഭാഗംമേധാവി ഡോ. ബീനാ പോൾ, ചരിത്രവിഭാഗം സൂപ്പർവൈസിംഗ്ടീച്ചർ കുമാരി നീതുമിസ്സ്,മറ്റ് അനഅധ്യാപകരായ ഡോ. നിഷജോസഫ്, ഡോ.ജിബിൻ മാത്യു, കുമാരി ലിജി തോംസൺ, മിസ്റ്റർ സാജൻ സാർ എന്നിവരുടെ വിലമതിക്കാനാവാത്ത സഹായത്തിനും പ്രോത്സാഹനത്തിനും ഞാൻ ആത്മാർത്ഥമായി നന്ദി അർപ്പിക്കുന്നു.

നിരന്തരമായ പ്രോത്സാഹനത്തിന് എന്റെ മാതാപിതാക്കൾക്കും, സുഹൃത്തുക്കൾക്കും, എന്റെ ഹൃദയംഗമായ നന്ദി. എന്റെ പ്രബന്ധത്തിനു വിവിധ ഭാഗങ്ങളിൽ നിന്നുള്ള പരിധിയില്ലാത്ത പ്രോത്സാഹനവും, സഹായവും ആസ്വദിക്കാൻ എനിക്ക് ഭാഗ്യം ഉണ്ടായിരുന്നു.

ഈ പ്രബന്ധം തയ്യാറാക്കുന്നതിൽ പല ഘട്ടങ്ങളിലും എന്നെ സഹായിച്ചഹെൻട്രി ബേക്കർ കോളേജ് ലൈബ്രറിയോടുള്ള നന്ദി അറിയിക്കുന്നു. ഇതോടൊപ്പം തന്നെ നാലമ്പലം ഭാര വാഹികളോടുള്ള നന്ദിയും അറിയിക്കുന്നു.

എന്റെ പ്രബന്ധം പൂർത്തീകരിക്കുന്നതിന്നേരിട്ടോ, അല്ലാതെയോ സംഭാവന നൽകിയ എല്ലാവരോടും എന്റെ അഗാധമായനന്ദി അർപ്പിക്കുന്നു.

ആതിരപി. എസ്

# ഉള്ളടക്കം

സാക്ഷ്യപത്രം

സത്യപ്രസ്താവന

കൃതജ്ഞ

| അദ്ധ്യായങ്ങൾ | പേജ്നം |
|---|---|
| 1. ആമുഖം | 1-5 |
| 2. കേരളത്തിലെനാലമ്പലങ്ങൾ | 6-20 |
| 3. നാലമ്പലത്തിന്റെരൂപീകരണത്തിനു പിന്നിലെ പുരാവൃത്തങ്ങൾ | 21-26 |
| 4. കോട്ടയംജില്ലയിലെനാലമ്പലം | 27-34 |
| 5. നാലമ്പലവുംരാമപുരവും | 35-39 |
| 6. ഉപസംഹാരം | 40-42 |
| അനുബന്ധം | 43-59 |
| ഗ്രന്ധസൂചി | 60-61 |

# അദ്ധ്യായം 1

# ആമുഖം

ക്ഷേത്രങ്ങൾക്ക് ചുറ്റുമായാണ് ഗ്രാമങ്ങളും ഉപഗ്രാമങ്ങളും മുൻപെല്ലാം കേരളത്തിൽ രൂപം കൊണ്ടിരുന്നത്. കാലം ചെന്നപ്പോൾ നാടുവാഴികളുടെയോ, രാജക്കന്മാരുടെയോ ഊർക്കൂട്ടങ്ങളുടെയോ സംരക്ഷണം ഈ ക്ഷേത്രങ്ങൾക്കു ലഭിച്ചു. 9-12 വരെയുള്ള നൂറ്റാണ്ടുകളിൽ കേരളത്തെഭരിച്ചിരുന്ന മഹോദയപുരം കുലശേഖരന്മാരുടെ കാലത്താണ് ഏറ്റവും കൂടുതൽ ക്ഷേത്രങ്ങൾ ഇവിടെ ഉയരുന്നത്. അതിന് മുൻപ് ഭഗവതിമാരെയോ അയ്യപ്പനെയോ സർപ്പങ്ങളെയോ പ്രതിഷ്ഠിച്ച കാവുകളായിരുന്നു ഇവിടെ. പാറതുരന്നുള്ള ഗുഹാക്ഷേത്രങ്ങൾ അപൂർവ്വം ചിലയിടങ്ങളിൽ മാത്രം കാണുന്നുണ്ടായിരുന്നു. സമചതുരത്തിലോ, വൃത്തത്തിലോ ഉള്ള ചെറിയ ശ്രീകോവിലുകളായിരുന്നു ആക്കാലത്ത് ഏറെയും, ഈ ശ്രീകോവിലുകളെ ഗർഭഗ്രഹങ്ങളാക്കി അവയ്ക്ക് ചുറ്റുംമായി കുറെകൂടി വിസ്തൃതമായ ശ്രീകോവിലുകൾ തുടർന്നുണ്ടായി .[1]

12 – 16 വരെയുള്ള നൂറ്റാണ്ടുകളിൽ നിർമ്മിക്കപ്പെട്ട മധ്യകാല ക്ഷേത്രങ്ങൾ മിക്കപ്പോഴും ആദ്യകാല ക്ഷേത്രങ്ങളുടെ വിപുലീകരണങ്ങളായിരുന്നു. ശ്രീകോവിലുകളും നമസ്കാരമണ്ഡപങ്ങളും നാലമ്പലങ്ങളുംരൂപീകരിക്കപ്പെട്ടു. 17 – 18 നൂറ്റാണ്ടുകളിലായിരുന്നു ക്ഷേത്രവാസ്തു ശില്പത്തിന്റെ ഗംഭീരപരിണാമം. നാലമ്പലത്തിനു വെളിയിലായി പ്രേത്യേകം കൂത്തമ്പലങ്ങൾ ഉണ്ടാകുന്നതും പടിപ്പുരകളിൽ നിന്നു ക്ഷേത്രഗോപുരങ്ങൾക്കു പൂർണതകൈ വന്നതും ഇക്കാലത്താണ്. ശ്രീകോവിലുകൾക്കും നമസ്കാരമമണ്ഡപങ്ങൾക്കു മറ്റും ചെമ്പുമേൽക്കൂരകളും സ്വർണതാഴികക്കുടങ്ങളും ഉണ്ടായതാണ് മറ്റൊരു മാറ്റം. കൂത്തമ്പലങ്ങൾ ഉണ്ടാകുന്നതിന് മുൻപ് കൂത്ത് തറകളായിരുന്നു ഇവിടെ.[2]

കർക്കിടക മാസത്തിലെ രാമായണപാരയണം പോലെ തന്നെ പ്രധാനമാണ് നാലമ്പലദർശനം. രാമായണമാസമായി കണക്കാക്കപ്പെടുന്ന കർക്കിടക മാസത്തിൽ ത്രേതയുഗത്തിൽ ദശരദ പുത്രന്മാരായി ജനിച്ച് വൈഷ്ണവഅവതാരങ്ങളായരാമ, ലക്ഷ്മണ, ഭരത, ശത്രുഘ്നൻ കുടികൊള്ളുന്ന ക്ഷേത്രങ്ങളാണ് നാലമ്പലം എന്ന്

[1]ഡോ. എംജി.ശശിഭൂഷൺ, ദേശയചരിത്രം കേരളീയ ക്ഷേത്രങ്ങളിലൂടെ, വിജയദശമി, തിരുവനന്തപുരം,2017, പു. 6

[2]Ibid., പു. 7

വിശേഷിപ്പിക്കുന്നത്. ഈ ക്ഷേത്രങ്ങളിൽ ഒരേദിവസം ദർശനം നടത്തുന്നപൂർവീകാചാരമാണ് നാലമ്പലദർശനം എന്ന പേരിൽ അറിയപ്പെടുന്നത് .[3]

## പഠനലക്ഷ്യങ്ങൾ

"രാമപുരത്തെ  നാലമ്പലങ്ങൾ ഒരു ചരിത്ര പഠനം" എന്ന പ്രബന്ധത്തിന്റെ പഠന ലക്ഷ്യങ്ങൾ താഴെ പറയുന്നതാണ്.

- കേരളത്തിലെ നാലമ്പലങ്ങളുടെ പെരുമയും പ്രസക്തിയും പഠിക്കുക.
- നാലമ്പലത്തിന്റെ രൂപികരണവും, തീർത്ഥാടനത്തിനു പിന്നിലെ ചരിത്രപരമായ പുരാണങ്ങൾ മനസ്സിലാക്കുക.
- കോട്ടയംജില്ലയിലെനാലമ്പലത്തിന്റെ ഭൂമിശാസ്ത്രപരമായി ചുറ്റപ്പെട്ടു കിടക്കുന്നതിന്റെ പ്രേത്യേകതകളെക്കുറിച്ചും, ക്ഷേത്രവുമായി ബന്ധപ്പെട്ടആചാരഅനുഷ്ഠാനങ്ങളെക്കുറിച്ചും, കർക്കിടമാസം നാലമ്പലവുംതമ്മിലുള്ള ബന്ധങ്ങളെകുറിച്ച്പഠിക്കുക.
- രാമപുരത്തിന്റെവികസനത്തിന് നാലമ്പലം ഭാഗമാണോഎന്ന്കണ്ടെത്തുക.

## ഗ്രന്ഥ പരിചയം

"രാമപുരത്തെ നാലമ്പലങ്ങൾ ഒരു ചരിത്ര പഠനം " എന്ന വിഷയത്തെക്കുറിച്ച് അതികം പഠനം നടന്നിട്ടില്ല. എന്നാൽ നാലമ്പലവും, ക്ഷേത്രങ്ങളും, രാമായണമാസവും, രാമപുരത്തെക്കുറിച്ചും പരാമർശിച്ചിട്ടുള്ള ഗ്രന്ധങ്ങൾ ആണ് പഠനവിദേയമാക്കിയിട്ടുള്ളത് അവയിൽ ചിലത് താഴെ പറയുന്നു.

അനിൽകുമാർ വലിയവീട്ടിലിന്റെ "രായണ മാസവും നാലമ്പല തീർത്ഥാടനവും" എന്ന ഗ്രന്ഥത്തിൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിലായി സ്ഥിതി നാലമ്പല

[3]എൻ. സുകുമാരൻ നമ്പൂതിരിപ്പാട്, രാമപുരംശ്രീരാമസ്വാമി ക്ഷേത്രം നാലമ്പല ദർശനം,രാമപുരം,2013, പു .13

സാങ്കേതങ്ങളിലേക്ക് തീർത്ഥാടനയാത്ര ചെയ്യുന്നവർക്കും, കേരളത്തിൽ സ്ഥിതി ചെയ്യുന്ന നാലമ്പലങ്ങളെ പരിചയപ്പെടുത്തുന്നതാണ് ഈ ഗ്രന്ഥം.

ഡോ. എം. ജി. ശശിഭൂഷണിന്റെ ദേശചരിത്രം കേരളീയ ക്ഷേത്രങ്ങളിലൂടെ എന്നഗ്രന്ധത്തിൽ ക്ഷേത്രങ്ങളുടെ ചരിത്രത്തെ അവലംബമാക്കി ദേശചരിത്രം എഴുതാനുള്ള ഒരു വ്യത്യസ്ത സമിപനത്തിന്റെ ഭാഗമാണ് ഈ പുസ്തകം.

കുഞ്ഞിക്കുട്ടൻ ഇളയതിന്റെ കേരളത്തിലെ പ്രധാന ക്ഷേത്രങ്ങളിലൂടെ എന്നഗ്രന്ധത്തിൽ കേരളത്തിലെ മഹാക്ഷേത്രങ്ങളിൽ പലതിലുംഔദ്യോഗികപദവി വഹിച്ചഗ്രന്ധകാരൻ തന്റെ ക്ഷേത്രപരിചയവും അനുഭവസമ്പത്തും ആധാരമാക്കി രചിച്ചതും പ്രശസ്തമായ ക്ഷേത്രങ്ങളുടെയൊക്കെ ചരിത്രം ഒരു ദേശത്തിന്റെ, ഒരു ജനതതിയുടെ കഥകൂടി ഈ ഗ്രന്ധത്തിൽ ഉൾചേരുന്നു.

കുറ്റിപ്പുഴ രവിയുടെ രാമയണകഥകളും നാലമ്പലങ്ങളും എന്ന ഗ്രന്ധത്തിൽ കേരളത്തിലെനാല് നാലമ്പലങ്ങൾ, രാമായണപ്രസക്തി, രാമയണത്തെയും ഭാഷപിതാവായ തുഞ്ചത്ത് ആചാര്യനേയും ആധാരമാക്കിയുള്ള ചിന്തകളിലേയ്ക്ക് കൂട്ടിക്കൊണ്ട് പോകുന്നു.

## പഠനത്തിന്റെ പ്രസക്തി

ത്രേത യുഗത്തിൽ ദശരദ പുത്രന്മാരായി ജനിച്ച് വൈഷ്ണവ അവതാരങ്ങളായ ശ്രീരാമ, ലക്ഷ്മണ, ഭരത, ശത്രുഘ്നൻ കുടികൊള്ളുന്ന ക്ഷേത്രങ്ങളാണ് നാലമ്പലം എന്ന് വിശേഷിപ്പിക്കുന്നത്. ഈ നാല് ക്ഷേത്രങ്ങളും ഒരേ ദിവസം ഉച്ചയ്ക്കു മുമ്പ് ദർശനം നടത്തുന്നതിനെ നാലമ്പലദർശനമെന്നു അറിയപ്പെടുന്നതിന്റെ കാരണവും, കർക്കിടക മാസത്തിലെ നാലമ്പലങ്ങളുടെ പ്രസക്തിയും, കാലകാലങ്ങളിൽ ഉള്ള സാമുഹ്യ മാറ്റങ്ങൾ വിലയിരുത്തപ്പെടേണ്ടതും മനസ്സിലാക്കേണ്ടതു മാണ്.

കേരളത്തിൽ നാലമ്പലങ്ങൾ ഉടലെടുക്കാനുള്ള കാരണവും, നാലമ്പലങ്ങളുടെ പ്രാധാന്യമേറി വരുന്നതും അതു വഴി ഉണ്ടായ മാറ്റങ്ങളും വികാസങ്ങളും എത്രമാത്രം എന്ന് കണ്ടെത്തുകയും രേഖപ്പെടുത്തുകയും ചെയ്യേണ്ടതിന്റെ ആവിശ്യകതയും ഈ പഠനം വ്യക്തമാക്കുന്നു.

## പഠനപദ്ധതി

"രാമപുരത്തെ നാലമ്പലങ്ങൾ ഒരു ചരിത്ര പഠനം" എന്ന ഈ പ്രബന്ധം ആറ് അദ്ധ്യായങ്ങളാക്കി തിരിച്ചിരിക്കുന്നു.

ഒന്നാം അദ്ധ്യായമായആമുഖത്തിൽ പഠനത്തിന്റെ പ്രസക്തി, പഠനപദ്ധതി, പഠനലക്ഷ്യങ്ങൾ, ഗ്രന്ധപരിചയം, രീതിശാസ്ത്രം എന്നിവ ഉൾകൊള്ളിച്ചിരിക്കുന്നു.

"കേരളത്തിലെ നാലമ്പലങ്ങൾ" എന്ന രണ്ടാം അദ്ധ്യായത്തിൽ കേരളത്തിൽ പ്രധാനമായും നാല് നാലമ്പലങ്ങൾ ആണ് ഉള്ളത്തൃശൂർ - എറണാകുളം ജില്ലകളിലായി സ്ഥിതി ചെയ്യുന്നത്, കോട്ടയം ജില്ലയിലെ രാമപുരം പഞ്ചായത്തിലെ നാലമ്പലങ്ങൾ, എറണാകുളം ജില്ലയിലെ കിഴക്കൻ മേഖലയിൽ മൂവാറ്റുപുഴആറിനു സമീപത്തായി സ്ഥിതിചെയ്യുന്ന നാലമ്പലങ്ങൾ, മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി പഞ്ചായത്തിലെ നാലമ്പലങ്ങൾ എന്നിവയുടെ ആചാരങ്ങൾ, പെരുമയും, പ്രസക്തിയും, പ്രധാനപ്പെട്ട വിവരങ്ങൾ എല്ലാം ഉൾപെടുന്നതാണ്.

'നാമ്പലത്തിന്റെരൂപീകരണത്തിന് പിന്നിലെ പുരാവൃത്തങ്ങൾ' എന്ന മൂന്നാം അദ്ധ്യായത്തിൽ,നാലമ്പല ദർശന ക്രമം, ഐതിഖ്യവും, കർക്കിടക മാസത്തിലെ നാലമ്പല ദർശനത്തിന്റെ പ്രേത്യേകത, നാലമ്പല രൂപീകരണത്തിനു പിന്നിലെ ചരിത്രപരമായ പുരാണങ്ങൾ വിശദീകരിക്കുന്നതാണ്.

"കോട്ടയം ജില്ലയിലെ നാലമ്പലം" എന്ന നാലാമത്തെ അദ്ധ്യായത്തിൽ രാമപുരത്തെ നാലമ്പലത്തിന്റെ ആചാരം,ചടങ്ങ്, അമ്പലം സ്ഥിതിചെയ്യുന്ന പ്രദേശം ചുറ്റപ്പെട്ടു കിടക്കുന്നതിന്റെ ഘടന, പ്രതിഷ്ഠ, ഉത്സവം, പ്രധാന വഴിപാട്, എന്നിങ്ങനെയുള്ള കാര്യങ്ങൾ അടങ്ങിയതാണ്.

"രാമപുരവും നാലമ്പലവും" എന്ന അഞ്ചാമത്തെ അദ്ധ്യായത്തിൽ രാമപുരത്തിന്റെ വികസനത്തിൽനാലമ്പലംഒരു ഭാഗമാണോ എന്ന് കണ്ടെത്താനും, ഏതെല്ലാം രീതിയിലാണ് നാലമ്പലം രാമപുരത്തിന്റെ വികസനത്തിന് ഭാഗമായത് എന്ന് അഭിമുഖ രൂപത്തിൽ വിശദീകരിക്കുന്നതാണ്.

ആറാംഅദ്ധ്യായം ഉപസംഹാരമാണ്. ഈ പഠനത്തിലൂടെ ലഭിച്ച അറിവുകളെയും വിവരണങ്ങളെയും ക്രോഡീകരിച്ചിരിക്കുന്നു.

## രീതിശാസ്ത്രം

ഈ പഠനം ഒരു ചരിത്രവിശകലനം ആണ്. നാലമ്പങ്ങളെയും, ക്ഷേത്രങ്ങളെക്കുറിച്ചും, രാമപുരത്തെക്കുറിച്ചുമുള്ള പുസ്തകങ്ങളാണ് പ്രധാനമായും പഠനത്തിനു തിരഞ്ഞെടുത്തിരിക്കുന്നത്. നേരിൽ കണ്ടതും, കേട്ടതും, ലഭിച്ചതുമായ വിവരണങ്ങളും ഉൾകൊള്ളിച്ചിരിക്കുന്നു. നാലമ്പലങ്ങളെപ്പറ്റി അധികം പഠനങ്ങൾ നടന്നിട്ടില്ല, എന്ന പരിമിതി കാരണം നവീന മാധ്യമങ്ങളിൽ നിന്നും ലഭിച്ച ദ്വിതീയ ഉറവിടങ്ങളും പഠനത്തിന് ഉപയോഗിച്ചിരിക്കുന്നു.

## അദ്ധ്യായം 2

# കേരളത്തിലെ നാലമ്പലങ്ങൾ

തൃശൂർ- എറണാകുളം ജില്ലകളിലായി സ്ഥിതി ചെയ്യുന്നത്

- ശ്രീരാമക്ഷേത്രം -തൃപ്രയാർ
- കൂടൽമാണിക്യ ക്ഷേത്രം -ഇരിങ്ങാലിക്കുട
- ലക്ഷ്മണക്ഷേത്രം – മൂഴിക്കുളം
- ശത്രുഘ്നക്ഷേത്രം – പായമ്മൽ

കോട്ടയം ജില്ലയിലെ രാമപുരം പഞ്ചായത്തിലെ നാലമ്പലങ്ങൾ

- ശ്രീരാമക്ഷേത്രം– രാമപുരം
- ലക്ഷ്മണക്ഷേത്രം – കുടപ്പുലം
- ഭാരതക്ഷേത്രം – അമനകര
- ശത്രുഘ്നക്ഷേത്രം – മേതിരി

എറണാകുളം ജില്ലയിലെ കിഴക്കൻമേഖലയിൽ മൂവാറ്റുപുഴയാറിനു സമീപത്തായി സ്ഥിതി ചെയ്യുന്നനാലമ്പലങ്ങൾ.

- ശ്രീരാമസ്വാമി ക്ഷേത്രം – മാമലശ്ശേരി
- ഭാരതപ്പിള്ളി ശ്രീഭരതസ്വാമിക്ഷേത്രം – മേമുറി
- ശ്രീലക്ഷ്മണസ്വാമിക്ഷേത്രം – മുളക്കുളം
- നെടുങ്ങാട്ട് ശ്രീശത്രുഘ്നസ്വാമി ക്ഷേത്രം – മാമലശ്ശേരി

മലപ്പുറം ജില്ലയിലെ പുഴക്കട്ടിരി പഞ്ചായത്തിലുള്ള നാലമ്പലങ്ങൾ

- ശ്രീരാമക്ഷേത്രം– രാമപുരം
- ഭാരതക്ഷേത്രം – കരിഞ്ചാപ്പാടി
- ലക്ഷ്മണക്ഷേത്രം – അയോധ്യ നഗർ
- ശത്രുഘ്നക്ഷേത്രം – നാറാണത്ത്

തൃശൂർ എറണാകുളം ജില്ലകളിലായി സ്ഥിതിചെയ്യുന്ന നാലമ്പലങ്ങൾ

## തൃപ്രയാർ - ശ്രീരാമക്ഷേത്രം

തൃശൂർഎറണാകുളം ജില്ലകളിലായി സ്ഥിതിചെയ്യുന്ന നാലമ്പലങ്ങളിൽ ആദ്യത്തെ ക്ഷേത്രം ആണ് തൃപ്രയാർ ശ്രീരാമക്ഷേത്രം. തൃശൂർ ജില്ലയിൽ തീവ്ര നദിയെന്നറിയുന്ന കനോലി കനാലിന്റെ പടിഞ്ഞാറെ തീരത്താണ് ശ്രീ രാമ ചന്ദ്രൻ പ്രധാന പ്രതിഷ്ഠയായ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും രൂപ ഭംഗിയേറിയതും പഴക്കമുള്ളതുമായ നാലമ്പലങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ക്ഷേത്രം കൂടിയാണിത്.[1]ഇതിനു പിന്നിലെ ഐതിഹ്യം ദ്വാപരയുഗത്തിൽ ശ്രീകൃഷ്ണഭഗവാൻ വെച്ചാരാധിച്ചിരുന്ന ദാശരദികളിൽ (ശ്രീരാമ, ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നൻ) പ്രളയം വന്നു. ദ്വാപരയുഗത്തിന്റെ അവസാനം ദ്വാപര മുഴുവൻ സമുദ്രത്തിന് അടിയിലായി നാല്മൂർത്തികൾ സമുദ്രത്തിൽ കടലിൽ ഒഴുകി നടക്കാൻ തുടങ്ങി. ഒരിക്കൽ ഒരു മുക്കുവൻ മീൻപിടിക്കാൻ വല എറിഞ്ഞപ്പോൾ ഭാരം ഉള്ള എന്തോതടഞ്ഞു. വലിയ മത്സ്യം ആണെന്ന് കരുതി കരക്കടിപ്പിച്ചു തുറന്നു നോക്കിയപ്പോൾ കാണുന്നത് ചതുർബാഹികളായ നാല്കരങ്ങളോട്കൂടിയ നാലവിഗ്രഹങ്ങൾ. അദ്ദേഹം ആ പ്രദേശത്തെ പ്രമാണിയായ വാക്കൈകൈമളുടെ അടുത്ത് വിവരമറിയിച്ചു, വാക്കൈകൈമൾ ഇതിനു മുൻപ് തന്നെ സ്വപ്നത്തിൽ കണ്ടു മൂർത്തികൾ കടലിൽ അലഞ്ഞു നടക്കുന്നതായി.കൈമൾ ജ്യോതിഷികളും ആയി പ്രശ്നം വച്ചു നോക്കിയപ്പോൾ കണ്ടത് ദ്വാപരയിൽ ഭഗവാൻ പണ്ട് ആരാധിച്ചിരുന്ന മൂർത്തികൾ ആണെന്നും അവയ്ക്ക്യഥാസ്ഥാനം നൽകി പ്രതിഷ്ഠ നടത്തി അമ്പലം സ്ഥാപിക്കണമെന്ന് പറയുകയുണ്ടായി. അങ്ങനെ സ്ഥാനംനോക്കി നാലമ്പലങ്ങൾ പണിയുകയുണ്ടായി. തീവ്ര നദിക്കരയിൽ തൃപ്രയാർശ്രീരാമ ക്ഷേത്രംപണിതു.[2]തൃപ്രയാർ എന്ന പേര് വന്നത് തീവ്രനദിക്കരയിൽ ഉള്ള രാമ സ്വാമി ക്ഷേത്രം, മറ്റു ചില ചരിത്രകാരൻമാർ പറയുന്നത് ശ്രീപ്രയാറിന്റെ ഭാഷ ന്ദരികം ആണ് തൃപ്രയാർ, കുറ്റിപ്പുഴ രവിയുടെ അഭിപ്രായത്തിൽ തിരുപ്പൊറ്റയൻ ആർ എന്നീ പദങ്ങൾ ലോപിച്ച്

തൃപ്രയാർ എന്നായി എന്നാണ് പഴമൊഴി എന്ന് അദ്ദേഹം പറയുന്നു. തൃപ്പാദങ്ങളിൽ കഴുകിയ ജലം ആറായി.[3]

ശ്രീ രാമക്ഷേത്രം കൊടുങ്ങല്ലൂരിനും, ഇരിങ്ങാലക്കുടയ്ക്കും, തൃശ്ശൂരിനും ,ഗുരുവായൂറിനും ഇടയ്ക്ക് ഏറെക്കുറെ 25 കിലോമീറ്റർ തുല്യ ദൂരത്തായി സ്ഥിതിചെയ്യുന്നു. ആറടി ഉയരം വരുന്ന ചതുർബാഹു വിഗ്രഹം കിഴക്കോട്ട് ദർശനം

---

[1]അനിൽകുമാർ വലിയ വീട്ടിൽ, രാമായണമാസവുംനാലമ്പല തീർത്ഥാടനവും,ഡിസി ബുക്സ്, കോട്ടയം,2015, പു .23

[2]താളിയോലമലയാളം, തൃപ്രയാർ ശ്രീരാമ ടെമ്പിൾ,3, ജൂൺ,2020

[3]കുറ്റിപ്പുഴ രവി, രാമായണ കഥകളും നാലമ്പലങ്ങളും, വി. മാക്സ് ഓഫ്സെറ്റ് പ്രസ്സ്, വടക്കാഞ്ചേരി,2017 പു.61

രണ്ട് കൈയിലും ശങ്കു ചക്രങ്ങളും പുറകിലെ വലതുകൈയ്യിൽവില്ലും മുന്നിലെ വലതുകൈയിൽ അക്ഷമാലയും പിടിച്ച് നിൽക്കുന്ന ശ്രീരാമൻ ത്രിമൂർത്തി സങ്കൽപ്പത്തോട് കുടികൊള്ളുന്നു.[4] ഗണപതി, ദക്ഷിണാമൂർത്തി, അയ്യപ്പൻ, ഹനുമാൻ, ശ്രീകൃഷ്ണൻആണ്ക്ഷേത്രത്തിലെ ഉപദേവതകൾ. മീനൂട്ട്, വെടിവഴിപാട്, അവൽ, നെൽപായസം,തട്ടം,എള്ളുകിഴി ആണ് ഭഗവാന്റെ പ്രധാന വഴിപാടുകൾ. ക്ഷേത്രത്തിൽ കൊടിയേറി ഉത്സവം ഇല്ല കൊടിമരവും ഇല്ല എന്നത് ഇവിടത്തെ പ്രത്യേകതയാണ്.[5]വൃശ്ചിക മാസത്തിലെ കറുത്ത ഏകാദശി വിളക്കും മീനമാസത്തിലെ ആറാട്ടുപുഴ പൂരവുംആണ് ക്ഷേത്രത്തിലെ പ്രധാന ആണ്ടുവിശേഷം. ആറാട്ടുപുഴ പൂരത്തിന് നെടുനായകത്വം വഹിക്കുന്നത് തൃപ്രയാർതേവരാണ്. പൂരം നാൾ സന്ധ്യയ്ക്ക് തൃപ്രയാറിൽ നിന്നും രാജകീയ പ്രൗഡിയോടെ തേവർ ആറാട്ടു പുഴയ്ക്ക് എഴുന്നള്ളുന്നു. ആണ്ടിലൊരിക്കൽ 101 ദേവീ ദേവന്മാർ ഭൂമിയിൽ ഒത്തുചേരുന്ന വേളയാണ് ആറാട്ടുപുഴ പൂരം. കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലാണ് ഈ മഹാക്ഷേത്രം. പത്മനാഭൻ നമ്പൂതിരിയാണ് ഇപ്പോഴത്തെ തന്ത്രി .[6]

## കൂടൽമാണിക്യക്ഷേത്രം - ഇരിങ്ങാലിക്കുട

തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലിക്കുട നഗരത്തിൽപടിഞ്ഞാറുഭാഗത്ത് കൂടൽമാണിക്യ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്.32നമ്പൂതിരി ഗ്രാമങ്ങളിലൊന്നാണ് 'ഇരിഞ്ഞാടികൂടൽ '.ഇത് ഗ്രാമക്ഷേത്രം ആണെന്ന് കരുതുന്നു .[7]സംഗമേശ്വരൻ എന്നറിയപ്പെടുന്ന ഭരതസ്വാമിയാണ് ഇവിടുത്തെ പ്രതിഷ്ഠ. വനവാസകാലത്ത് ശ്രീരാമന്റെപാദുകങ്ങൾ ഭരതൻ ഭക്തിപൂർവ്വം പൂജിച്ച്രാജ്യ ഭരണം നടത്തിയിരുന്ന നന്ദിഗ്രാമം ഇതാണ്. 14 വർഷത്തെ വനവാസ വേളയിലും യുദ്ധ അവസരത്തിലും രാജ്യ പരിപാലനം ചെയ്യുക എന്ന ദൗത്യമാണ് ഭരതന് ലഭിച്ചത്.രാവണ വധത്തിനുശേഷം സീതാദേവിയോടും ,അനുജൻ ലക്ഷ്മണനോടും ഒപ്പം തന്റെ ജേഷ്ഠൻ എത്തിച്ചേരുന്ന വാർത്ത ഹനുമാനിൽനിന്ന് അറിഞ്ഞപ്പോൾ ഉണ്ടായ അത്യാഹ്ലാദരൂപമാണ് ഇരിങ്ങാലക്കുടയിൽ നമുക്ക് ദർശിക്കാൻ കഴിയുന്നത്.കൂടാതെ എല്ലാ വിധ രാജകീയ കലകളും പ്രൗഢിയും ഉൾക്കൊള്ളുന്ന രൂപമാണ് കൂടൽമാണിക്യ സ്വാമിയുടേത്.[8]അതിവിശാലവും ഗംഭീരവുമായ ഗോപുരങ്ങൾ, വിളക്കുമാട, കൂത്തമ്പലം , കുലീപനി തീർത്ഥം ( ക്ഷേത്ര വളപ്പിലെ കുളത്തിലാണ് കുലീപനി

---

[4]Ibid., പു . 23
[5]ശ്രീ നന്ദനം,തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം,23, നവംബർ,2019
[6]Ibid., പു. 24
[7]പി.ജി രാജേന്ദ്രൻ,ക്ഷേത്ര വിജ്ഞാനകോശം, ഡിസി ബുക്ക്സ്, കോട്ടയം, 2000, p. 342
[8]മനോരമ ഓൺലൈൻ,നാലമ്പല ദർശനം കർക്കിടകത്തിലെ പുണ്യം,20, ജൂലൈ, 2015

മഹർഷി യാഗം ചെയ്തത് അതിനാൽ ഈ ക്ഷേത്രക്കുളത്തിന് കുലീപിനി തീർത്ഥം എന്ന് പേരുവന്നു) നടപ്പുരകൾ, ചുറ്റമ്പലം, ശ്രീകോവിൽ എന്നിവ ശില്പചാതുര്യത്താൽമഹത്തരമാണ്. താമരമാല, വഴുതനങ്ങ നിവേദ്യം, മുക്കിടിനിവേദ്യം, അവിൽ പായസം, താമരമൊട്ട് സമർപ്പണം എന്നിവയാണ് ഇവിടുത്തെ പ്രധാന വഴിപാടുകൾ. ഉപദേവതകൾ ആരുംഇല്ല എന്നത് ഇവിടുത്തെ പ്രത്യേകതയാണ്. മീനൂട്ട് നടത്തുന്നതും പ്രധാനപ്പെട്ട വഴിപാടാണ്. കൂടൽമാണിക്യം ദേവസ്വത്തിന് കീഴിലുള്ള ഈ ക്ഷേത്രത്തിൽ11 ദിവസം നീണ്ടുനിൽക്കുന്ന ഉത്സവം മേടമാസത്തിൽ ഉത്രം നാളിൽ കൊടികയറി തിരുവോണം നാളിൽ ആറാട്ടോടെ സമാപിക്കുന്നു. തരണനല്ലൂർ ഇല്ലക്കാർക്ക് ആണ് തന്ത്രം പരമേശ്വരൻ നമ്പൂതിരിയാണ് ഇപ്പോഴത്തെ തന്ത്രി.[9]

കുറുമ്പ്രനാട്ടിൽ നിന്നും വന്നപുത്തില്ലത്തിന്കാരന്മയിൽ ആണ് മേൽശാന്തി സ്ഥാനം .നേരത്തെ പുലാകുടി ഇല്ലത്തിനായിരുന്നു എന്നാണ് പഴമ. അണിമംഗലം, നടുവം, പാറപ്പുറം, കുന്നം എന്നിവർക്കാണ് കീഴ്ശാന്തി കാരണ്മ. ആദ്യം രണ്ടു തന്ത്രിമാർ ആയിരുന്നു തരണനല്ലൂർ,അണിമംഗലത്തും. തരണനല്ലൂർ ഇല്ലംനാലുണ്ട്നെടുമ്പള്ളി തരണനെല്ലൂർ, വെളുത്തേടത്ത് തരണനെല്ലൂർ,കിടങ്ങശ്ശേരി തരണനെല്ലൂർ, തെക്കിനിയടത്ത്തരണനെല്ലൂർഇങ്ങനെ ആറ് തന്ത്രിമാർ ഭരണം നടത്തിയിരുന്നു.[10]

ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രത്തോടനുബന്ധിച്ച് ഐതിഹ്യങ്ങളും ചരിത്രസംഭവങ്ങളും കെട്ടുപിണഞ്ഞു കിടക്കുന്നു . വിഗ്രഹത്തിൽ കണ്ട മാണിക്യരത്നത്തിന്റെ മഹിമ മനസ്സിലാക്കാൻ കായംകുളം രാജധാനിയിൽ ഉണ്ടായിരുന്ന മാണിക്യംകൊണ്ടുവന്നവിഗ്രഹത്തിൽ വച്ചപ്പോൾ അതിൽ അലിഞ്ഞു ചേർന്നു. അങ്ങനെ കൂടൽമാണിക്യം എന്ന പേരുണ്ടായി. കായംകുള, തിരുവതാംകൂർ, കൊച്ചി രാജാവംശചരിത്രവും ടിപ്പുവിന്റെ പടയോട്ടവുംമറ്റും ക്ഷേത്രഭരണത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ക്ഷേത്രത്തിന്റെ ഇന്നത്തെ മോഡിക്കും പ്രൗഢിക്കുംവഴിയൊരുക്കിയത് ശക്തൻ തമ്പുരാനാണ്. കുലീപനി മഹർഷിയുടെ യാഗശാല ക്ഷേത്രം ആയതാണെന്നും പഴമക്കാർ പറയുന്നു.ഇവിടത്തെ വാസ്തുവിദ്യയും ശിലാശാസനങ്ങളും പഠനാർഹങ്ങളാണ്.[11]

ജലപ്രവാഹം ഇരു കൈവഴികളായി പ്രവഹിച്ചിരുന്നതിന്റെ മധ്യത്തിൽ മണൽ വന്നു കൂടി ഉണ്ടായഞാൽനിലങ്ങളുടെ അല്ലെങ്കിൽ ഇരു ചാലുകളുടെ ഇടയിൽ ക്ഷേത്രനിർമ്മാണം ചെയ്തു ദേവപ്രതിഷ്ഠ കഴിച്ചത് കൊണ്ടാണ് ക്ഷേത്രത്തിന്

---

[9]Ibid., പു .24,25
[10]Ibid., പു .p.343
[11]കൊച്ചനിയൻ എരൂർ, ക്ഷേത്രങ്ങളിലൂടെ, ഷാരോൺ ബുക്സ്, ചേർത്തല, പു. 53

ഇരുഞാൽകിട (ഇരുചാൽക്കിട)എന്നു പേരുണ്ടായത് ( കൂനേഴത്ത് പരമേശ്വരമേനോൻ ലേഖനം ).[12]

ടിപ്പുവിനെ പടയോട്ടക്കാലത്ത് ക്ഷേത്രം അഗ്നിക്കിരയാക്കി,അന്നവിഗ്രഹത്തിനും ശ്രീകോവിലിനുംകാര്യമായ കേടൊന്നുംപറ്റിയിട്ടില്ല.അതിനുശേഷം വീണ്ടും നിർമ്മിച്ചതാണ് ഇന്ന് കാണുന്ന ക്ഷേത്രം .[13]

**ലക്ഷ്മണക്ഷേത്രം– മൂഴിക്കുളം**

മൂഴിക്കുളം ലക്ഷ്മണ ക്ഷേത്രത്തിലാണ് നാലമ്പല തീർത്ഥാടകർ മൂന്നാമത് എത്തുന്നത്. എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലെ പാറക്കടവ്പഞ്ചായത്തിൽചാലക്കുടി പുഴയുടെ തീരത്ത് കിഴക്ക്ദർശനമായി നിലകൊള്ളുന്നു. തമിഴ് വൈഷ്ണവഭക്തകവികളായ ആൾവന്മാർ പാടിപ്പുകഴ്ത്തിയ108 ദിവ്യ ക്ഷേത്രങ്ങളിൽഒന്നായ ഇവിടെ ആറടി ഉയരമുള്ള ചതുർബാഹു വിഗ്രഹം ആണ് പ്രതിഷ്ഠ, പുറകിലെ വലതുകൈയ്യിൽശങ്കും, മുന്നിലെ വലതുകൈയ്യിൽഗദയും, പുറകിലെ ഇടതുകൈയിൽ സുദർശന ചക്രവും, മുന്നിലെ ഇടതുകൈയിൽ താമരയും പിടിച്ച് കിഴക്കോട്ട് ദർശനമായി കുടികൊള്ളുന്നു.ഉപദേവതകളായി ഗണപതി, ദക്ഷിണാമൂർത്തി, ശ്രീരാമൻ, സീത,ഹനുമാൻ, അയ്യപ്പൻ,ഭഗവതി,ശ്രീകൃഷ്ണൻ കുടികൊള്ളുന്നു.മനോഹരമായ ശ്രീകോവിൽ,ചുറ്റമ്പലം, മണ്ഡപം,ആനക്കൊട്ടിൽ എന്നിവ സന്നിധിയുടെ പ്രൗഢി വിളിച്ചറിയിക്കുന്നു.തെക്കോട്ട് ദർശനമായി ശിവൻ,ഗണപതി,എന്നീ ശൈവസാന്നിധ്യവും, ശ്രീരാമൻ, സീത,ഹനുമാൻ എന്നീ വൈഷ്ണവ സാന്നിധ്യവുമുണ്ട്. നാലമ്പലത്തിന് തെക്ക് പടിഞ്ഞാറായി ശാസ്താവും, ഭഗവതിയും ഉണ്ട്. പാൽപ്പായാസം,കദളിപ്പഴം, ഒറ്റയപ്പം, അവൽ,അരവണ എന്നീ വഴിപാടുകൾ ആണ് ഇവിടെ പ്രാധാന്യം.

തിരുമൂഴിക്കുളം എന്ന പേര് വരാൻ കാരണം ചാലക്കുടി ആറിന്റെപഴയ നാമം പുറൈയാറ്എന്നാണ്.പുറൈയാറിന്റെ തീരത്ത്ഹരിതമഹർഷി മഹാവിഷ്ണുവിനെ തപസ്സു ചെയ്തിരുന്നു, ദ്വാപരയുഗത്തിലെ അവസാന കാലഘട്ടമായിരുന്നു അത്. തപസ്സിൽ സന്തുഷ്ടനായ മഹാവിഷ്ണു മഹർഷിക്ക് ദർശനാനുമതി നൽകി.സർവ്വനാശിയായകലിയുഗത്തിൽജനങ്ങൾആത്മശാന്തിക്കുംമോക്ഷത്തിനുമായി അനുഷ്ഠിക്കേണ്ട എല്ലാ കാര്യങ്ങളും വേദം പോലെ ഭഗവാൻ മഹർഷിക്ക്

[12] കുഞ്ഞിക്കുട്ടൻ ഇളയത്,കേരളത്തിലെ പ്രധാന ക്ഷേത്രങ്ങളിലൂടെ, എച്ച് & സി പബ്ലിഷിംഗ്ഹൗസ്,തൃശ്ശൂർ,2002,p. 128
[13]Ibid., പു. 129

ഉപദേശിച്ചുകൊടുക്കുകയും ചെയ്തു. ഭഗവാന്റെ തിരുമൊഴി ഉണ്ടായ സ്ഥലം അഥവാ കളം,തിരുമൊഴികളം എന്നത് ക്രമേണ തിരുമൂഴിക്കുളം ആയി മാറി .

അനുസരണയുള്ള അനുജൻ ആയും ഒരു കാൽ മുന്നോട്ടു വെച്ചുള്ള ഭാവത്തിലുമാണ് ലക്ഷ്മണസ്വാമി നിലകൊള്ളുന്നത്.ലക്ഷ്മണനാൽ നിർമ്മിത ക്ഷേത്രം ലക്ഷ്മണക്ഷേത്രം എന്ന് അറിയപ്പെടുന്നു. കർത്തവ്യനിഷ്ഠമാത്രം മനസ്സിലൂന്നി നിസംഗഭാവത്തിൽ നിലയുറപ്പിച്ചിട്ടുള്ള തിരുമൂഴിക്കുളത്തപ്പന് ആർഭാടങ്ങളൊന്നും പഥ്യമല്ല. ഇവിടുത്തെ വിഗ്രഹം ചതുർബാഹു രൂപത്തിലാണ് തിരുമൂഴിക്കുളത്തപ്പനെപ്രകീർത്തിച്ചുകൊണ്ട് പുലിയന്നൂർ കുഞ്ചൻ നമ്പൂതിരി പാടിന്റെ ഈരടികൾ ഇങ്ങനെയാണ് .[14]

"ആഴിക്ക് ദാശരദി പണ്ടു തിരിച്ചു നാളിൽ ഊഴിക്ക് അകത്ത് കദനം കലരാതെ നിത്യം മൂഴിക്കുളത്തു കലേശ്വര ഭക്തിയോടെ വാഴുന്ന ലക്ഷ്മണ ഭവൽപദം ആശ്രയംമേ ".[15]

തിരുമൂഴിക്കുളം ക്ഷേത്രം ആര് എന്ന്നിർമ്മിച്ചു എന്ന്ചരിത്രപരമായ രേഖകളൊന്നുമില്ല.ചേരരാജവംശം ആസ്ഥാനമായ മഹോദയപുരത്തിനടുത്ത്സ്ഥിതിചെയ്യുന്ന മൂഴിക്കുളത്ത്ചേര ചക്രവർത്തിമാരായ കുലശേഖര കുലശേഖര വർമ്മൻ എഡി പതിനാലാം ശതകത്തിൽ സ്വർണ്ണക്കൊടിമരം സ്ഥാപിച്ചു. തുടർന്ന് അധികാരമേറ്റ ഭാസ്കര വർമ്മൻ ക്ഷേത്രം പുനരുദ്ധികരിച്ചു. കേരളത്തിൽ 13 വൈഷ്ണവ ക്ഷേത്രങ്ങൾ ആണ് ഉള്ളത്,ഇവപാണൽപ്പെറ്റതിരുപ്പതി എന്നാണ് അറിയപ്പെടുന്നത്. അതിൽ പ്രധാനപ്പെട്ട ക്ഷേത്രമാണ് തിരുമൂഴിക്കുളം ലക്ഷ്മണക്ഷേത്രം.

ഒരേ ശ്രീകോവിലിൽ തന്നെ രണ്ട് ഭാഗങ്ങളിലായി ലക്ഷ്മണസ്വാമിയെയും, ശ്രീ മഹാഗണപതി യെയും പ്രതിഷ്ഠിച്ചിട്ടുണ്ട്. മതിൽക്കെട്ടിനുള്ളിൽ ഗോശാലകൃഷ്ണന്റെക്ഷേത്രവും കാണാം.

മേടമാസത്തിലെതിരുവോണത്തിന്ആറാട്ടുവരത്തക്കവിധം 10 ദിവസംമുമ്പ്കൊടിയേറി നടത്തപ്പെടുന്ന ഉത്സവത്തിന് കലാരൂപങ്ങളിൽകൂത്തിനാണ് പ്രാധാന്യം. മാസംതോറും തിരുവോണവുംധനുമാസ തിരുവാതിരയും ധനു പതിനാലാംവാരവുംവൃശ്ചികത്തിൽ മണ്ഡല വ്രതവും ആഘോഷിക്കുന്നു. മകരം മൂന്നിനാണ് പ്രതിഷ്ഠാദിനം. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലാണ് ഈ ക്ഷേത്രം.

[14]Ibid., പു.26,27

[15]മനോരമ ഓൺലൈൻ, നാലമ്പല ദർശനം - കർക്കിടകത്തിലെ പുണ്യം, 20,ജൂലൈ. 2015

പട്ടംതുരുത്തിമണക്കാർക്കാണ്തന്ത്രം. ശങ്കരൻ നമ്പൂതിരിയെയാണ് ഇപ്പോഴത്തെ തന്ത്രി.[16]

## ശത്രുഘ്നക്ഷേത്രം - പായമ്മൽ

നാലമ്പലങ്ങളിലെ നാലാമത്തെ ക്ഷേത്രമാണ് പായമ്മൽ ശത്രുഘ്നക്ഷേത്രം. തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുടക്ക് അടുത്ത്അരിപ്പാലത്ത്പൂമംഗലം ഗ്രാമ പഞ്ചായത്തിൽ പായമ്മലിൽ ആണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. 4 അമ്പലങ്ങളിൽ ഏറ്റവും ചെറിയ ക്ഷേത്രമാണ് ഇത്.മറ്റ് ക്ഷേത്രങ്ങളിൽ നിന്നും വ്യത്യസ്തമായി ചതുര ശ്രീകോവിലാണ് ഉള്ളത്. ക്ഷേത്ര കോവിലിൽ ശത്രുഘ്ന മൂർത്തി മാത്രമാണുള്ളത്.അഞ്ചടി ഉയരം വരുന്ന ഈ വിഗ്രഹം ചതുർബാഹുവാണ്. പുറകിലെ വലതുകൈയ്യിൽ സുദർശന ചക്രവും മുന്നിലെ ഇടതുകൈയിൽ താമരയും, പുറകിലെ ഇടതുകൈയിൽ ശംഖുംമുന്നിലെ ഇടതു കയ്യിൽ ഗദയും പിടിച്ച് കിഴക്കോട്ട് ദർശനമായും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ശ്രീകോവിലിന് തെക്കുപടിഞ്ഞാറ് ദക്ഷിണ അഭിമുഖമായി ഗണപതിയും ഉണ്ട്, മുഖ മണ്ഡപത്തിന് ഹനുമത് സാന്നിദ്ധ്യവുംഉണ്ട് .[17]

അതി ദുഷ്ടനായ ലവണനെനിഗ്രഹിക്കാൻ രാമചന്ദ്രൻ ശത്രുഘ്നനോട് നിർദ്ദേശിച്ചു. ജേഷ്ഠന്റെആജ്ഞയെതുടർന്ന് ലക്ഷ്മണനോട് യുദ്ധത്തിന് തയ്യാറെടുത്തു നിൽക്കുന്ന കോപാക്രാന്തമായ രൂപത്തിലും ഭാവത്തിലുമാണ് ശത്രുഘ്നസ്വാമി പായമ്മലിൽ നിലകൊള്ളുന്നത്. സുദർശന പുഷ്പാഞ്ജലി, സുദർശന ചക്ര സമർപ്പണം, പുഷ്പാഞ്ജലി, നാണയ തുലാഭാരം, ശംഖാഭിഷേകം എന്നീ വഴിപാടുകൾ ആണ്ഇവിടെപ്രധാനം .[18]

മേടമാസത്തിലെ മകയിരം പ്രതിഷ്ഠാദിനമായി ആഘോഷിക്കുന്ന ഇവിടെ കുംഭത്തിലെ പൂയത്തിന് ഉത്സവം കൊടികയറി അഞ്ചാം നാൾആറാട്ടോടുകൂടി സമാപിക്കുന്നു. മുൻപ് കുംഭത്തിലെ പൂയം കൊടികയറി ആറ് ദിവസത്തെ ഉത്സവം ആയിരുന്നത് മാറി മേടത്തിൽ മകയിരം ആയതായും മീനമാസത്തിലെ തിരുവോണംനാൾമുതൽ അഞ്ചു ദിവസത്തെ ഉത്സവം 1996ലെ നവീകരണകലശശേഷംകുംഭത്തിലെ പൂയം നാളിൽ കൊടികയറി അഞ്ചു ദിവസത്തെ ഉത്സവം ആയി. ശത്രുഘ്ന സ്വാമി ക്ഷേത്ര സേവാ സമിതി ആണ് ഇവിടെ ക്ഷേത്രഭരണം നടത്തുന്നത്. തരണനല്ലൂർ ഇല്ലക്കാർക്ക് ആണ് തന്ത്രം പരമേശ്വരൻ നമ്പൂതിരിയാണ് ഇപ്പോഴത്തെ തന്ത്രി .[19]

[16]Ibid., പു. 27
[17]ക്ഷേത്ര ദർശനം, പായമ്മൽ ശത്രുഘ്ന ക്ഷേത്രം,24,മെയ് ,2021
[18]അനിൽകുമാർ വലിയവീട്ടിൽ,Op. cit., പു.30
[19]Ibid., പു.30

എറണാകുളംജില്ലയിലെകിഴക്കൻ മേഖലയിൽ മൂവാറ്റുപുഴയാറിന് സമീപത്തായി സ്ഥിതി ചെയ്യുന്ന നാലമ്പലങ്ങൾ.

**ശ്രീരാമസ്വാമിക്ഷേത്രം - മാമലശ്ശേരി**

മൂവാറ്റുപുഴയാറിന്റെ തീരത്താണ് മാമ്മലശ്ശേരി ശ്രീരാമസ്വാമി ക്ഷേത്രം സ്ഥിതിചെയ്യുന്നത്. എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ പാമ്പാക്കുട ബ്ലോക്കിൽരാമമംഗലം പഞ്ചായത്തിന്റെ പരിധിയിൽ പിറവം പട്ടണത്തിനു രാമ മംഗലത്തിന് മധ്യേ സ്ഥിതിചെയ്യുന്ന മാമലശ്ശേരി ഗ്രാമവും സമീപ ഗ്രാമങ്ങളും രാമായണവുമായി അഭേദ്യമായി ബന്ധപ്പെട്ട ഐതിഹ്യങ്ങളാലുംപുരാവൃത്തങ്ങളാലും സമ്പന്നമാണ്.മാൻ വേഷം പൂണ്ട മായാവിയായ രാവണ മാതുലൻമാരീചനെന്ന രാക്ഷസനെ വധിച്ച്രാവണന്റെസീതപഹരണാനന്ദരംസീതാവിരഹിയായി വനത്തിൽ കഴിയുന്ന ശ്രീരാമദേവനാണ്മാമ്മലശ്ശേരി ശ്രീരാമസ്വാമി ക്ഷേത്രത്തിൽ വട്ടശ്രീകോവിലിൽശിലവിഗ്രഹത്തിൽ കിഴക്ക് ദശനമായി ചതുർബാഹുവായികുടികൊള്ളുന്നത്.
ശ്രീരാമന്റെവനവാസകാലത്ത്മായപൊന്മാനിന്റെവേഷംധരിച്ചെത്തിയ മാരീചനെദാശരതി നിഗ്രഹിച്ചു രാമബാണമേറ്റ്മാൻ മലർന്നു വീണപ്രദേശം ആദ്യകാലത്ത് "മാൻമലച്ചേരി" യായും പിൽക്കാലത്ത് മാമലശ്ശേരിയായുംരൂപാന്തരപ്പെട്ടു.[20]മാനിന്റെ മേൽഭാഗം തെറിച്ചുവീണയിടംമേമുറി യായും കീഴ്ഭാഗം തെറിച്ചുവീണ ഇടം കീഴ്മുറി ആയും, ഊരുക്കൾ അഥവാ തുടകൾ തെറിച്ചുവീണ ഇടം ഊരമനയായും മാനിന്റെ മുറിഞ്ഞ വാൽ നിലത്ത് വീണ്പാമ്പിനെപ്പോലെ പുളഞ്ഞ ഇടം പാമ്പാക്കുടയായും വാലിട്ടടിച്ച്മണ്ണ് തെറിച്ച് വീണ ഇടം മണ്ണത്തൂരായുംമുറിഞ്ഞ വാൽ കുഴിവെട്ടി മറവ് ചെയ്ത ഇടം വെട്ടി മൂട് ആയും ഇപ്പോൾ അറിയപ്പെടുന്നു. മാരിചനിൽനിന്നും മാനിന്റെപിറവി ഉണ്ടായ സ്ഥലം ഇപ്പോൾ പിറവം എന്നാണ് അറിയപ്പെടുന്നത്.ശ്രീരാമന്റെ വനവാസ കാലവുംമായാണ് ക്ഷേത്രത്തിന്റെ ഉല്പത്തി പുരാണം ഇഴ ചേരുന്നത്വാനപ്രസ്ഥത്തിൽ ശ്രീരാമനും സീതയും ലക്ഷ്മണനും ഇവിടെ വസിച്ചിരുന്നു.

പണ്ട് വനമായിരുന്ന ഇവിടെ ഒരു പശു സ്വയമേവ പാൽ ചുരത്തുന്നതുകണ്ട് തപസ്വിയായഒരു സിദ്ധൻ പ്രദേശ മഹത്വവും അപരിമേയമായ ദേവ സാന്നിധ്യവും തിരിച്ചറിഞ്ഞ് അന്നത്തെ രാജാവിനെ കൊണ്ട് പണികഴിപ്പിച്ചതാണ് ഇന്നത്തെ മാമലശ്ശേരി ശ്രീരാമക്ഷേത്രം.അതിനാൽതന്നെഇവിടത്തെ പ്രധാന നെയ്ത്യഭാഗം പാൽ

[20]Ibid., പു. 47,48

ആണ്.ക്ഷേത്രത്തിൽ രാവിലെരണ്ടും വൈകിട്ട് ഒന്നും ആയി ആകെ മൂന്ന് പൂജകൾ ആണ് പതിവ് ആയിട്ടുള്ളത്. പ്രഭാതത്തിലെ ആദ്യത്തെ അഭിഷേകം ക്ഷേത്രക്കടവിൽ കുളിച്ച് വരുമ്പോൾ തന്നെ ഒരു കുടം വെള്ളം മേൽശാന്തി കൊണ്ടുവന്ന്അതുകൊണ്ടാണ് നിർവഹിക്കപ്പെടുന്നത്. പാലഭിഷേകം, പാൽപ്പായസം,ഉദരരോഗത്തിന്ഉഷപായസംനടത്തുന്നത്, മുതലായവ ശ്രീരാമസ്വാമിയുടെ ഇഷ്ട വഴിപാടുകളാണ്. ക്ഷേത്ര കടവിൽ മീനൂട്ടും നടത്തി വരുന്നുണ്ട് .[21]

മഹാ ക്ഷേത്രങ്ങൾക്കു സമാനമായ ദേവാലയനിർമ്മിതിയാണ് ഇത്പെരുന്തച്ചന്റെകാലത്തെശിൽപപാരമ്പര്യം ക്ഷേത്രത്തിന്റെ പ്രകാര ഭംഗിയിൽ കാണുന്നു. വിശാലമായ വട്ടശ്രീകോവിൽ ശ്രീരാമന്റെ വിഗ്രഹമാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്.
ദശരഥരാമന്റെമാരിചവിഗ്രഹഭാവമാണ്പ്രതിഷ്ഠസങ്കല്പം.പുരാണകഥയനുസരിച്ച് ശ്രീരാമൻ സീത വിരഹി ആയതിനാൽക്ഷേത്രസന്നിധിയിൽ വിവാഹം നടത്താറില്ല എന്നപ്രത്യേകതയും ഇവിടെയുണ്ട് .[22]

പ്രശസ്ത കർണാടക സംഗീതജ്ഞനായഷട്കാലഗോവിന്ദമാരാർ ഈക്ഷേത്രത്തിലെ കഴകക്കാരൻ ആയിരുന്നു,പണ്ഡിതനായ കാക്കശ്ശേരി പട്ടരുടെപണംഉപയോഗിച്ച് കൊണ്ട് ശ്രീരാമചന്ദ്രൻ ജന്മ നക്ഷത്രമായ പുണർതം നാളിൽ ഇവിടെഭാരം നടത്തിയിരുന്നു. ഇതിന്റെ അനുസ്മരണം ഇന്നും നടന്നുവരുന്നുണ്ട്. നാലമ്പലം വ്രതാനുഷ്ഠാനമായി നടത്തണമെന്ന് ആഗ്രഹിക്കുന്ന ഭക്തജനങ്ങൾക്ക് മാലയിട്ട് വ്രതമെടുത്ത് നാലമ്പല തീർത്ഥാടനം സന്ദർശിക്കുന്നതിനുള്ളസംവിധാനം മാമലശ്ശേരിശ്രീരാമക്ഷേത്രത്തിൽ ഉണ്ട്. നാല് അമ്പലങ്ങളിലും തീർത്ഥാടനം ചെയ്ത ശേഷമാണ്മാലയൂരുന്നത്.

ശ്രീകോവിലിനോട് ചേർന്നു വടക്കുഭാഗത്തായി ഹനുമാൻ സ്വാമിയെ പ്രതിഷ്ഠിച്ചിരിക്കുന്നു. വട മാലയും, വെറ്റിലമാലയും, അവൽനിവേദ്യവും ആഞ്ജനേയ നുള്ള വഴിപാടുകളാണ്ഇവിടെപ്രധാനം. ചുറ്റമ്പലത്തിലെ തെക്ക് പടിഞ്ഞാറ് മൂലയിൽ ഉള്ള മുറിയിലാണ് ഗണപതിയെയും,ശാസ്താവിനെയും,ശിവനെയും പ്രതിഷ്ഠിച്ചിരിക്കുന്നത്.പുറത്ത് വടക്കു ഭാഗത്തായി ഭദ്രകാളിയും,സമീപത്തായി ദുർഗയെയുംപ്രതിഷ്ഠിച്ചിരിക്കുന്നു.[23]

---

[21]പ്രദക്ഷിണം, നാലമ്പലം മാമലശ്ശേരി,22.ജൂലൈ, 2011
[22]പ്രവീൺയു. എസ്, മാമലശ്ശേരി ശ്രീരാമസ്വാമി ടെമ്പിൾ ( ടെലികാസ്റ്റട്ഇൻ സൂര്യ ടിവി–ക്ഷേത്രായനം)1,സെപ്റ്റംബർ, 2010
[23]Ibid., പു. 49

കൊടികയറി എട്ടാം ദിവസം ആറാട്ട് എന്ന കണക്കിൽ കുംഭ മാസത്തിലെ തിരുവോണംനാളിൽആറാട്ട് പ്രധാനമായിട്ടാണ് ഉത്സവം ആഘോഷിക്കുന്നത്. ക്ഷേത്രത്തിൽ നിന്നും അഞ്ച് കിലോമീറ്റർ മാറി രാമമംഗലം കടവിലാണ് ആറാട്ട് നടത്തിവരുന്നത്.

അത്തിമറ്റത്തുമന, കല്ലൂർ മന, നകരക്കാട്ടുമന, തോട്ടമറ്റത്തുമനഎന്നീ നാല് ഊരാൺമ കുടുംബക്കാരുടെയും പുല്യാട്ട് ഇളയത്എന്ന ഉടമസ്ഥന്റെയുംമേൽനോട്ടത്തിലായിരുന്നു . ക്ഷേത്രത്തിലെ ഇപ്പോഴത്തെ ഊരാളർ അത്തിമറ്റത്തുമന, കല്ലൂർ മന, നകരകാട്ടുമനഎന്നീ ഇല്ലക്കാർക്കാണ്. ക്ഷേത്രം ഭരണ സൗകര്യാർത്ഥം ശ്രീരാമസ്വാമി ദേവസ്വം സംരക്ഷണസമിതി എന്ന ജനകീയ ഭരണസമിതി ആയ ഊരാണ്മക്കാരെഏൽപ്പിച്ചിരിക്കുകയാണ്. ഇപ്പോഴത്തെ തന്ത്രിബ്രഹ്മശ്രീ മനയത്താറ്റ് അനിൽ ദിവാകരൻ നമ്പൂതിരിയാണ്.

## ശ്രീ ഭരതസ്വാമി ക്ഷേത്രം - മേമ്മുറി

ജേഷ്ഠനായ രാമന്റെ വനവാസ വാർത്തയറിഞ്ഞ് ദുഃഖിതനായ ഭരത-ശത്രുഘ്നന്മാർ അദ്ദേഹത്തെ തിരികെ അയോധ്യയിലേക്ക് കൂട്ടിക്കൊണ്ടുവരാനായി സൈന്യസമേതം കാട്ടിലേക്ക് പുറപ്പെട്ടു. വനമധ്യേ ഭരത-ശത്രുഘ്നന്മാരും സൈന്യവും കൂട്ടം തെറ്റി. ഭരതസ്വാമി ഒറ്റപ്പെട്ടുപോയസ്ഥാനം മേമുറി ഭരതസ്വാമി ക്ഷേത്രം ആയിത്തീർന്നു. രാജകീയ പ്രൗഢിയോടെ പടിഞ്ഞാറ് ദർശനമായി ശ്രീ ഭരതസ്വാമി മാമലശ്ശേരി ശ്രീരാമസ്വാമി ക്ഷേത്രത്തിൽ നിന്ന് 5 കിലോമീറ്റർ ദൂരത്തിൽ വടക്കുകിഴക്കുഭാഗത്ത് ആയിട്ടാണ് കുടികൊള്ളുന്നത്.[24]

ഭരതക്ഷേത്രത്തിൽ അകപ്രദക്ഷിണവട്ടത്തിൽ ഗണപതി കൂട്ടിൽ ഗണപതി, ശിവൻ,ഹനുമാൻ സ്ഥിതിചെയ്യുന്നു. കിഴക്കുഭാഗത്തായി ലക്ഷ്മണസ്വാമി യും കുടികൊള്ളുന്നു. മതിൽക്കകത്ത് പടിഞ്ഞാറുഭാഗത്തായി ഭഗവതി,അയ്യപ്പൻ സാന്നിധ്യമുണ്ട്.[25]ആ കാലത്ത്മേമുറി പ്രധാനമായും കോച്ചാപ്പിള്ളി – മണലൂർ-പെട്ടക്കുഴി ആര്യപ്പിള്ളി മനകളുടെ ആധിപത്യത്തിലായിരുന്നു. മനകൾ എല്ലാം ചേർന്ന് ഭരതപ്പിള്ളി ദേവസ്വം ആയി.[26]പ്രതിഷ്ഠകളുടെ കാർമ്മികത്വം വഹിച്ചത് കാവനാട്ട്ബ്രഹ്മശ്രീ നമ്പൂതിരിമാരാണ്. അവർ അവിടെ ശൈവ-വൈഷ്ണവ സങ്കല്പം ആയ അയ്യപ്പസ്വാമിയെയും സർപത്താൻമാരെയും പ്രതിഷ്ഠിച്ചു.

---

[24]Ibid., പു p. 49
[25]Ibid., പു. 50
[26]അമൃത ടെലിവിഷൻ, ഉദയാമൃതം,14.ഓഗസ്റ്റ്, 2017

അമ്പലത്തിന് അതിവിശാലമായ ആറാട്ടുകുളം,ചുറ്റുമതിൽ,മതിൽക്കകം നാലുകെട്ട്, കൂത്തമ്പലം, കൽവിളക്ക്, കൽപ്രതിമകൾ, മനോഹരമായ കൊത്തുപണികൾ എന്നിവയുണ്ട്. പാടങ്ങൾ, കുളിർമ്മയുള്ള കാറ്റ്, ശുദ്ധജലം ഒഴുകുന്ന തോട്, മലകൾ ഇവയെല്ലാം മെയ്യൂറിയുടെ ശോഭ വർദ്ധിപ്പിക്കുന്നു. മറ്റു ദേവസ്വങ്ങളേക്കാൾഒരുതുലാംസ്വർണ്ണം കൂടുതൽ ഉണ്ടായിരുന്നു. പടിഞ്ഞാറ് തിരിഞ്ഞാണ്ദേവദർശനം.ക്ഷേത്രത്തിൽ മകരം കുംഭം മാസത്തിൽ തിരുവുത്സവം നടത്തപ്പെടുന്നു. ചോതി നാളിൽ കൊടികയറി തിരുവോണം ആറാട്ടോടുകൂടിയാണ് ഉത്സവം അവസാനിക്കുന്നത്. ഇരിങ്ങാലക്കുട കാവനാട് ആമല്ലൂർ പരമേശ്വരൻ നമ്പൂതിരിയാണ് ഇപ്പോഴത്തെ തന്ത്രി.[27]

**ശ്രീലക്ഷ്മണ സ്വാമി ക്ഷേത്രം മുളക്കുളം**

നാലമ്പല വഴിയിലെ മൂന്നാമത്തെ ക്ഷേത്രമാണിത്. രാമന്റെ സന്തതസഹചാരിയായ സൗമിത്രി തിരുമൂഴിക്കുളത്തു നിന്നുംബിംബത്തിൽഎഴുന്നെള്ളിശ്രീലകം പൂണ്ട സ്ഥാനമാണ് മുളക്കുളം ശ്രീലക്ഷ്മണ സ്വാമി ക്ഷേത്രം.പടിഞ്ഞാറ് ദർശനമായി ചതുര ശ്രീകോവിലിൽ കുടികൊള്ളുന്ന മുളക്കുളം ശ്രീലക്ഷ്മണ സ്വാമിയുടെ ശ്രീകോവിലിനോട് ചേർന്ന് ഇടതുവശത്ത് അകപ്രദക്ഷിണവട്ടത്തിൽ ഗണപതി, സുബ്രഹ്മണ്യൻ, ഹനുമാൻ, എന്നിവർ കുടികൊള്ളുന്നു. പുറത്തെ പ്രദക്ഷിണവഴിക്ക് പുറമെയായി തെക്കുപടിഞ്ഞാറ് ഭാഗത്ത് കിഴക്ക് ദർശനമായി ശിവപാർവ്വതി മാരും അവരുടെ രൗദ്രഭാവത്തെ ശമിപ്പിക്കത്തക്കവിധം തെക്കുകിഴക്കുഭാഗത്തായി ശാസ്താവും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു.[28]

കൊടികയറി എട്ടാം ദിവസം ആറാട്ട് എന്ന കണക്കിന് മേട മാസത്തിലെ രോഹിണി നക്ഷത്രം ആറാട്ട് പ്രധാനം ആയിട്ടാണ് ക്ഷേത്രത്തിലെ ഉത്സവം. സമീപത്തുള്ള മൂവാറ്റുപുഴയിൽ ആണ് ആറാട്ട്.പാൽപ്പായസം, ആറാട്ട് ദിവസമായ രോഹിണിനാളിൽ പിഴിഞ്ഞുപായസംതുടങ്ങിയവ ക്ഷേത്രത്തിലെ പ്രധാന വഴിപാടുകളാണ്.ആണ്ടുതോറും മീനം പത്തിന്കൊടിമര പ്രതിഷ്ഠയും അന്ന് തന്നെ കളഭാഭിഷേകവും മകരം ഒന്നിന് നടക്കുന്ന കാവടിയും ഈ ക്ഷേത്രത്തിലെ പ്രത്യേകതയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണത്തിൻകീഴിൽ വയ്ക്കാൻ ഗ്രൂപ്പിൽ വരുന്ന മുളക്കുളം ശ്രീലക്ഷ്മണ സ്വാമി ക്ഷേത്രത്തിലെ തന്ത്രി ബ്രഹ്മശ്രീ മനയത്താറ്റ് അനിൽ ദിവാകരൻ

[27]അനിൽകുമാർ വലിയവീട്ടിൽ , Op. cit., പു. 51
[28] Ibid., പു.52

നമ്പൂതിരിയാണ്. രാമായണ മാസത്തിലെ ഭാഗമായി കർക്കിടകം ഒന്നിന് ഔഷധസേവദിനാചരണം നടത്തി വരുന്നുണ്ട്.[29]

## നെടുങ്ങാട്ട്ശ്രീശത്രുഘ്നസ്വാമി ക്ഷേത്രം-മാമലശ്ശേരി

നാലമ്പല വഴിയിലെ നാലാമത്തെ ക്ഷേത്രമാണിത്. ജ്യേഷ്ഠനായ രാമനെ വനത്തിൽ നിന്നും അയോധ്യയിലേക്കുമടക്കികൊണ്ടുവരാൻ വേണ്ടി ഭരതനും അയോധ്യ സൈന്യവുംമൊത്ത്കാട്ടിലെത്തിയ ശേഷം വന മധ്യേ കൂട്ടം തെറ്റിപ്പോയ ശത്രുഘ്നസ്വാമി ഒരു നെടിയ കാട്ടിൽ അകപ്പെട്ടു. അദ്ദേഹത്തെ അവിടുത്തെ കാർ നെടും കാട്ടു തേവർ അഥവാ നെടുങ്ങാട്ട്തേവർ ആയി ആചരിച്ചുപോരാനുംതുടങ്ങി.

2009ലെ ദേവപ്രശ്നത്തിൽ നെടുങ്ങാട്ട് തേവരെപൂർവ്വ സ്ഥാനത്തുതന്നെ ക്ഷേത്രം വന്നത് കുടിയിരുത്താൻ വിധിക്കുകയുണ്ടായി. അതുപ്രകാരം നെടുങ്ങാട്ടു തേവരായ ശത്രുഘ്നസ്വാമിയെയും, ഒപ്പം വെണ്ണക്കണ്ണൻ ശിവൻ എന്നീ സാന്നിധ്യങ്ങളെയുംമാമലശ്ശേരി കാവുങ്കടകവലയ്ക്ക് 300 മീറ്റർ സമീപത്തുള്ള പൂർവ്വസ്ഥാനത്ത് കൊണ്ടുവന്ന്ബാലാലയത്തിൽ കുടിയിരുത്തിയിരിക്കുകയാണ്.

മാസംതോറും തിരുവോണം പിറന്നാളിന് ഗണപതി ഹോമം, ഭഗവതിസേവ, മൃതുഞ്ജയഹോമം,നെടുങ്ങാട്ടുതേവർക്കുംമറ്റ് ഇതര സാന്നിധ്യങ്ങൾക്കും പൂജ, ജനകീയ അന്നദാനംഎന്നിവയും നടത്തിവരുന്നു. കർക്കിടകമാസം നാലമ്പലതീർത്ഥയാത്ര കാലമായാൽ മിഥുനമാസത്തിലെ അവസാന ദിവസം വൈകിട്ട് മുതൽ ചിങ്ങം ഒന്നിന് രാവിലെ വരെ എല്ലാ ദിവസവും നടതുറന്ന് പൂജഉണ്ടാകും.കരിക്കഭിഷേകം, തുളസിമാല, നെയ്വിളക്ക്, പാൽപ്പായസം, പാലഭിഷേകം മുതലായവതേവരുടെ ഇഷ്ട വഴിപാടുകളാണ്.ബ്രഹ്മശ്രീ മനയത്താറ്റ്അനിൽ ദിവാകരൻ നമ്പൂതിരിയാണ് ക്ഷേത്രം തന്ത്രി. ക്ഷേത്രനിർമ്മാണത്തിന്റെതച്ചുശാസ്ത്രപരമായ മാർഗ്ഗനിർദ്ദേശം നൽകുന്നത് ബ്രഹ്മശ്രീ വേഴപ്പറമ്പ്ബ്രഹ്മദത്തൻ നമ്പൂതിരിയാണ്. ക്ഷേത്രം ഉടമസ്ഥരായ നകരക്കാട്ട്മനക്കാരുംപൊതുജനങ്ങളും ഉൾപ്പെട്ട മാമലശ്ശേരി ദേവസ്വം സംരക്ഷണസമിതി എന്ന ഭരണസമിതിയുടെ ചുമതലയിലാണ് ഇപ്പോൾ ക്ഷേത്രകാര്യങ്ങൾ നടത്തിവരുന്നത്. [30]

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി പഞ്ചായത്തിലെ നാലമ്പലങ്ങൾ മറ്റു നാലമ്പലങ്ങളിൽ നിന്നും വ്യത്യസ്തമായി രാമപുരത്ത് എത്തുന്ന ഭക്തർക്ക് ഒരു

[29]Ibid., പു.53
[30]Ibid., പു. 54

മണിക്കൂറിനുള്ളിൽ തന്നെ നാലമ്പല ദർശനം നടത്താമെന്നുള്ളത് ഒരു പ്രത്യേകതയായി കാണാവുന്നതാണ്. എന്നിരുന്നാലും ഇവിടത്തെ ക്ഷേത്രങ്ങൾ ഇനിയും ജനശ്രദ്ധ വേണ്ടത്ര നേടിയിട്ടില്ല.

**ശ്രീരാമ ക്ഷേത്രം രാമപുരം**

മലപ്പുറം ജില്ലയിലെ നാലമ്പലങ്ങൾ രാമപുരം ശ്രീരാമ സ്വാമിക്ഷേത്രം കേന്ദ്രീകരിച്ച് ഉദ്ദേശം രണ്ടു കിലോമീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്നു. ഇവിടുത്തെ ശ്രീരാമ പ്രതിഷ്ഠ രാവിലെ വനവാസത്തിലായ രാമനും,വൈകിട്ട് സീതാ സമേതനായ രാമനും ആണെന്നാണ് ഐതിഹ്യം.[31]

വയലുകളാൽ ചുറ്റപ്പെട്ട ഹരിതാഭമായ അന്തരീക്ഷത്തിലാണ് ക്ഷേത്ര സ്ഥിതിചെയ്യുന്നത്. ആറായിരത്തിലേറെ പാട്ടംവയലും പറമ്പുംഈ ക്ഷേത്രത്തിന് ഉണ്ടായിരുന്നതായുംകാലക്രമേണ അന്യാധീനപ്പെട്ടു പോവുകയായിരുന്നു.

വിശ്വാമിത്ര മഹർഷിയുടെ തപസ്സിനാൽ അനുഗ്രഹീതമായ പ്രദേശമാണിതെന്ന്പഴമക്കാർ പറയാറുണ്ട്. യാഗധികാരികളുടെ അഭാവംമൂലംഅന്നത്തെ വള്ളുവനാട്ട്രാജാവ് ഇരിങ്ങാലക്കുടയിൽ നിന്നും അഞ്ച് ബ്രാഹ്മണ കുടുംബങ്ങളെ ക്ഷണിച്ചുവരുത്തി താമസിപ്പിക്കുകയുണ്ടായി. പരശുരാമനിൽനിന്ന് തന്ത്രവിദ്യ നേരിട്ട് ലഭിച്ചു എന്ന് വിശ്വസിക്കപ്പെടുന്ന തരണനെല്ലൂർ സ്വരൂപത്തിൽപെട്ട പടിഞ്ഞാറെ മനയ്ക്കൽ നമ്പൂതിരിപ്പാടിനാണ് ക്ഷേത്രത്തിലെ തന്ത്രിസ്ഥാനം. ബ്രഹ്മശ്രീ തരണനല്ലൂർ പത്മനാഭൻ നമ്പൂതിരിപ്പാടാണ് ഇപ്പോഴത്തെ തന്ത്രി.

തെക്കേടത്തും വടക്കേടത്തുംമനക്കാർക്ക് ആണ് ക്ഷേത്രത്തിലെ ഊരാണ്മ സ്ഥാനം.[32]വർഷങ്ങൾക്കു മുമ്പ് ഒരു പരദേശി ഊരുചുറ്റി ഒടുവിൽ രാമപുരത്ത് വരികയുംവടക്കേടത്ത് മനയ്ക്കൽചെന്ന് സന്ധ്യാവന്ദനവും മറ്റും കഴിച്ച് രാത്രി ഇല്ലത്ത്താമസിക്കുകയും ചെയ്തു.അദ്ദേഹത്തിന്റെ ഭാണ്ഡത്തിൽ ഒരു സാളഗ്രാമം ഉണ്ടായിരുന്നു. ശ്രീരാമ ധ്യാനത്തിനായുള്ള സാളഗ്രാമം അടങ്ങുന്ന ഭാണ്ഡം മനയ്ക്കലെ നമ്പൂതിരിയെഏൽപ്പിച്ച്അത് സൂക്ഷിച്ചു വയ്ക്കണമെന്നും പാൽ നിവേദിക്കരുതെന്നുംപറഞ്ഞു. ബ്രാഹ്മണൻ നിത്യകർമ്മങ്ങൾ കഴിഞ്ഞ്പോകാൻ നേരത്ത് ഭാണ്ഡം തിരികെ ചോദിച്ചപ്പോൾഅത് വെച്ചസ്ഥലത്തുനിന്നും എടുക്കാൻ

[31]Ibid., പു. 61,62
[32]Ibid., പു.1026

കഴിഞ്ഞില്ല. ബ്രാഹ്മണൻനമ്പൂതിരിയോട്ടറഞ്ഞ കാര്യങ്ങൾ അറിയാതെ മനയ്ക്കലെ സ്ത്രീകൾ സാളഗ്രാമത്തിൽപാൽ നിവേദിച്ച് പൂജാദികർമ്മങ്ങൾ നടത്തിയിരുന്നു.ഇതറിഞ്ഞ ബ്രാഹ്മണൻ പരലോകം പ്രാപിച്ചു.അന്ന് രാത്രി ഉറക്കത്തിൽ ഇല്ലത്തെ നമ്പൂതിരിക്ക് ഒരു ദർശനമുണ്ടായി. ഇപ്പോൾ ക്ഷേത്രം നിൽക്കുന്ന സ്ഥലത്ത് ഒരു കറുത്ത പുള്ളി പശു പ്രസവിച്ചു നിൽക്കുന്നുണ്ടെന്നും ആ സ്ഥലം വെട്ടിത്തെളിച്ച് ഒരു ക്ഷേത്രം നിർമ്മിക്കണം എന്നായിരുന്നുസ്വപ്നദർശനം. തുടർന്ന് പ്രസ്തുത സ്ഥലത്ത് ക്ഷേത്ര പ്രതിഷ്ഠ നടന്നുവെന്നാണ് ഐതിഹ്യം. [33]

ഭരത,ലക്ഷ്മണ,ശത്രുഘ്ന ക്ഷേത്രങ്ങൾശ്രീരാമക്ഷേത്രത്തിലേക്ക് അഭിമുഖമായി സ്ഥിതി ചെയ്യുന്നു എന്നതാണ് ഇവിടുത്തെ പ്രധാനപ്പെട്ട സവിശേഷത. ഏഴു ദിവസം നീണ്ടു നിൽക്കുന്ന ഉത്സവം ഭക്തജനങ്ങളാൽതിരഞ്ഞെടുക്കപ്പെടുന്ന കമ്മിറ്റി ആണ് നടത്തുന്നത്. മലബാർ ഹിന്ദുമത കമ്മീഷണറുടെ കീഴിലാണ് ക്ഷേത്രം.

## ഭരതക്ഷേത്രം കരിഞ്ചാപ്പാടി

ഈ ദേശം വിശ്വാമിത്ര മഹർഷിയുടെ തപോഭൂമിയായിരുന്നു, പാദുകപട്ടാഭിഷേകം ചെയ്ത്ശ്രീരാമദാസനായി പാദസേവ നടത്തുന്ന ഭരതനാണ് ഈ ക്ഷേത്രത്തിലെ പ്രതിഷ്ഠ.

ഒരുകാലത്ത് നാലായിരത്തിലേറെ പാട്ടം ഭൂസ്വത്ത്ഉണ്ടായിരുന്ന ഈ ക്ഷേത്രത്തിന്റെ സ്വത്തുക്കൾ അന്യാധീനപ്പെട്ടു പോകുക മൂലം ഇപ്പോൾ നാമമാത്രമായ സ്വത്തുക്കൾ മാത്രമേ അവശേഷിച്ചിട്ടുള്ളൂ.

രാമപുരം ശ്രീരാമ ക്ഷേത്രത്തിൽ നിന്നും പടിഞ്ഞാറോട്ട്മാറിനാറാണത്ത് ഗ്രാമതിർത്തിയിൽ നിന്ന്ഒന്നര കിലോമീറ്റർ തെക്കു പടിഞ്ഞാറായികരിഞ്ചാപ്പാടി എന്ന പ്രദേശത്താണ് ഭാരതക്ഷേത്രം സ്ഥിതി ചെയ്യുന്നത്.

ഭക്തജനങ്ങളുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് ഭരണം നടത്തുന്നത്. കുട്ടല്ലൂർനാരായണൻ നമ്പൂതിരിയാണ് ഇപ്പോഴത്തെ തന്ത്രി.

[33]Ibid., പു. 62,63

**ലക്ഷ്മണ ക്ഷേത്രം അയോദ്ധ്യനഗർ**

ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലവും വിശ്വാമിത്ര മഹർഷിയുടെ തപോകേന്ദ്രമായിരുന്നു എന്ന വിശ്വാസത്താൽ വിശ്വാമിത്ര മഹർഷിയെ സങ്കൽപ്പിച്ച് നിത്യേന രണ്ടുനേരവുംവിളക്കുവച്ച് പോരുന്നുണ്ട്.

ടിപ്പുവിന്റെ പടയോട്ടക്കാലത്ത് തകർക്കപ്പെട്ട ലക്ഷ്മണ സ്വാമി യുടെ വിഗ്രഹവും സ്ഥാനം തന്നെ നഷ്ടപ്പെട്ടുപോയ ദുർഗ, ശാസ്താവ്, ഗണപതി എന്നീ ദേവന്മാരെയുംപിന്നീട് പുന പ്രതിഷ്ഠ നടത്തിയതാണ്.

രാമപുരം ശ്രീരാമ ക്ഷേത്രത്തിൽ നിന്നുംഒരു കിലോമീറ്റർ അകലെയായിപെരിന്തൽമണ്ണ റൂട്ടിൽ പടിഞ്ഞാറോട്ട് ദർശനമായി ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നു.കുട്ടല്ലൂർ നാരായണൻ നമ്പൂതിരിയാണ് ഇപ്പോഴത്തെതന്ത്രി. ധർമ്മരക്ഷാ സമിതിയാണ് ഈ ക്ഷേത്രത്തിന്റെ ഭരണം നടത്തുന്നത്.

**ശത്രുഘ്നക്ഷേത്രം നാറാണത്ത്**

മലപ്പുറം ജില്ലയിലെ ഈ ശത്രുഘ്നക്ഷേത്രം ആയിരത്തിലേറെ വർഷം പഴക്കമുള്ളതും പറയിപെറ്റ പന്തിരുകുലത്തിലെയോഗിവര്യനായ നാറാണത്ത് ഭ്രാന്തനാൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതാണെന്നും വിശ്വസിക്കുന്നു. പുരാതനകാലത്ത് ഈ ക്ഷേത്രവും പ്രദേശവും ധാരാളം ബ്രാഹ്മണ കുടുംബങ്ങളാൽ സമ്പന്നവും സമൃദ്ധവും ആയിരുന്നു.[34]

കാലാന്തരത്തിൽ രാജയുദ്ധങ്ങളും, ടിപ്പുവിന്റെ പടയോട്ടവും ക്ഷേത്രത്തിന്റെ തകർച്ചയ്ക്ക് കാരണമായി. ചെറുമുക്ക് ഇല്ലക്കാരുടെ വകയായിരുന്ന ക്ഷേത്രംഅനേക വർഷങ്ങൾക്കു ശേഷംഇരിങ്ങാലക്കുട ദേശത്തിൽ നിന്നും വള്ളുവനാട്ടിൽ എത്തിച്ചേർന്ന ആനല്ലൂർ തെക്കേടത്ത്മന കുടുംബത്തിന്റെ ഊരായ്മയിൽ ആവുകയും നിത്യനിദാദികൾ നടത്തിക്കൊണ്ടു വരികയുമാണ് ചെയ്തുവരുന്നത്.

രാമപുരം ക്ഷേത്രത്തിൽ നിന്നും പടിഞ്ഞാറോട്ട് മാറി കോഴിക്കോട്ടേക്ക് പോകുന്ന ദേശീയപാതയിൽ നാറാണത്ത് സ്റ്റോപ്പിൽ വളരെയടുത്താണ് ഈ ക്ഷേത്രംസ്ഥിതിചെയ്യുന്നത്. തരണനല്ലൂർ ഇല്ലാത്തിനാണ് തന്ത്രം. ബ്രഹ്മശ്രീ തരണനല്ലൂർ പത്മനാഭൻ നമ്പൂതിരിപ്പാടാണ് ഇപ്പോഴത്തെ തന്ത്രി.[35]

[34]Ibid. പു.64
[35]Ibid., പു.65

### അദ്ധ്യായം – 3

# നാലമ്പല രൂപീകരണത്തിനു പിന്നിലെ പുരാവൃത്തങ്ങൾ

കർക്കിടക മാസത്തിന്റെപുണ്യ നാളുകളിൽ ശ്രീ രാമ-ലക്ഷ്മണ- ഭരത-ശത്രുഘ്നക്ഷേത്രങ്ങളിൽ ഒരേ ദിവസം, സഹോദരന്മാർ ജനിച്ച് ക്രമത്തിൽ ദർശനം നടത്തുന്ന പൂർവിക ആചാരമാണ് നാലമ്പലദർശനംഎന്ന പേരിൽഅറിയപ്പെടുന്നത്. ഇന്ന് നാലമ്പല ദർശനത്തിന് കൂടുതൽ പ്രചാരം വന്നു. നാലമ്പല ദർശനം ഒരേദിവസം ഉച്ചപൂജയ്ക്ക് മുമ്പ് പൂർത്തിയാക്കണം.[1]

ദ്വാരകയിൽ ദാരുകൻ തെളിക്കുന്ന രഥത്തിൽ കയറിയിരുന്ന് ഈ ക്രമത്തിൽ തന്നെയാണ് ശ്രീകൃഷ്ണ ഭഗവാനും രുഗ്മിണി ദേവിയും ദർശനം നടത്തിയിരുന്നത്. അവനവനിലുള്ള ഈശ്വരചൈതന്യത്തെ സ്വയം തിരിച്ചറിയുന്നതിനുള്ള ആത്മാർത്ഥമായ ശ്രമം ആണ് യഥാർത്ഥ ഭക്തി. ലക്ഷ്യം ഒന്നാണെന്ന് വരികയും ഭക്തിയുടെ മാർഗങ്ങൾ കാലാനുസരണം പലതായി കാണപ്പെടുകയും ചെയ്യുന്നു. കലിയുഗത്തിൽ ഭക്തജനങ്ങൾക്ക് ഏറ്റവും എളുപ്പമായ മാർഗ്ഗം ആണ് തീർത്ഥയാത്ര. ഉപവാസം, ബ്രഹ്മചര്യം തുടങ്ങിയ ചിട്ടകൾ ഇല്ലാത്ത സാധാരണക്കാർക്ക് എളുപ്പം സ്വീകരിക്കാവുന്ന ഒന്നാണ് നാലമ്പലതീർത്ഥയാത്ര.[2]

ശ്രീരാമൻ എവിടെയുണ്ടോ അവിടെ അനുസരണയുള്ള സേവന തൽപരനായി ലക്ഷ്മണനെയും കാണാം. അയോധ്യ പുരിയിലെ സുഖങ്ങളും സ്ഥാനമാനങ്ങളും ഉപേക്ഷിച്ച് സഹോദര ധർമം പാലിക്കാൻ ജേഷ്ഠൻ റെ കൂടെ വനത്തിലേക്ക് പോകുന്ന ലക്ഷ്മണനോ, മാതാവ് വഞ്ചനയിലൂടെ സ്വജ്യേഷ്ഠനെ കാനന ത്തിലേക്ക് അയച്ചെങ്കിലും അതിൽ ഒട്ടും സന്തോഷിക്കാതെഭരണം പിടിച്ചെടുക്കാതെസഹോദര ഭക്തിക്ക് മുൻപിൽ നമ്രശിരസ്കനായി നിന്ന ഭരതനോശ്രേഷ്ഠൻ.[3]

---

[1]സമയം മലയാളം, നാലമ്പലം ടെംപിൾസ്ഇൻ കേരള, 01,ഓഗസ്റ്റ്,2018

[2]Ibid., പു. 26

[3]Ibid., പു. 16

ഭാരതത്തിലെ ഭരണ സങ്കല്പത്തിന് അതിവിശിഷ്ട മാതൃകയായി ആഗ്രഹങ്ങൾ വെടിഞ്ഞ് അധികാരത്തിന് ആഡംബരങ്ങളിൽ നിന്നും അകന്ന്ജേഷ്ഠന്റെകാലടിയുടെ ശബ്ദം കാതോർത്തിരുന്നുഭരതന്റെആത്മശുദ്ധി. ജേഷ്ഠന്റെപാദുകങ്ങൾ 14 സംവത്സരം പൂജിച്ച്കാത്തിരുന്ന ഭരതൻ സഹോദര സ്നേഹത്തിന്റെ വ്യക്തിത്യ അധിഷ്ഠിതമായ വിശിഷ്ട ചിത്രവും ഭരണരംഗത്തെ ഉദാത്ത മാതൃക ചിത്രവുമാണ്. ബന്ധങ്ങൾ ബന്ധനങ്ങൾ ആക്കിമാറ്റുന്ന ഹൃദയ ശൂന്യതയുടെ ലോകത്തിൽ രാജ്യഭരണത്തിൽ ഭരതനെ സഹായിക്കുവാൻ സർവ്വ സുഖങ്ങളും ഉപേക്ഷിച്ച് മുനിവേഷത്തോടെ കഴിയുന്നശത്രുഘ്നൻ. ഇങ്ങനെ ഗുണ സമ്പന്നരായ ദാശരഥികൾ നാൽവരുടെയും ക്ഷേത്രങ്ങൾ ദർശനം ചെയ്യുക എന്നത് ആനന്ദകരവുംമോക്ഷദായകവുമായി മലയാളികൾ ഇന്നും ആചരിക്കുന്നു .[4]

ആദികാലം മുതലേ കർക്കിടകമാസം നിഷ്ക്രിയത്വത്തിന്റെകാലമായാണ് കരുതിപ്പോരുന്നത്. മലയാള വർഷത്തിലെ അവസാന മാസമായ കർക്കിടകത്തോടുകൂടിമലയാളത്തിന്റെ ഒരു വർഷം അവസാനിക്കുന്നു.കർക്കിടകത്തിൽഉച്ചപൂജയ്ക്കു മുൻപ്രാമ,ലക്ഷ്മണ,ഭരത,ശത്രുഘ്ന ക്ഷേത്രങ്ങളിൽ ദർശനം നടത്തുന്നത് ദോഷപരിഹാരത്തിനുംഇഷ്ടസന്താന ലബ്ധിക്കുംഉത്തമമാണെന്ന് വിശ്വാസം.[5]

ക്ഷാമത്തിന്റെയും രോഗത്തിന്റെയും കാലഘട്ടമാണ് കർക്കിടകത്തിന്റെ പ്രധാന സവിശേഷത കഷ്ടപ്പാടുകൾ മറികടക്കാൻ ആളുകൾ വൈദ്യ ചികിത്സയിലുംആത്മീയ സമ്പുഷ്ടീകരണത്തിലും ഏർപ്പെടുന്നു.രാമന്റെ ഒരു പ്രത്യേക ജീവിതരീതിയും ആരാധനയും ഈ കാലഘട്ടത്തിലെ പൊതു പ്രവണതയാണ്.[6]

ഈ മാസത്തെ പ്രതിസന്ധികളിൽ നിന്നും മുക്തി നേടുന്നതിന് തൃശ്ശൂർ മേഖലയിലെ ജനങ്ങൾ നൂറ്റാണ്ടുകൾക്ക് മുമ്പാണ് നാലമ്പല തീർത്ഥാടനം ആരംഭിച്ചത്. വാഹനങ്ങൾ ലഭ്യമല്ലാത്തതും ഈ നാല് ക്ഷേത്രങ്ങളിലേക്ക് തീർത്ഥാടനം നടത്തിയിരുന്നു, ഇതായിരുന്നു നാലമ്പല യാത്രയുടെ ഒരു കാലഘട്ടത്തിന്റെ ഉത്ഭവം. ഒരു ആചാരം എന്ന നിലയിൽ ഇത് ഒരു ദിവസത്തിനുള്ളിൽ പ്രഭാതത്തിനും ഉച്ചയ്ക്കുംഇടയിലായി പൂർത്തിയാക്കേണ്ടിവന്നു. ഇത് വളരെ കഠിനമായ ഒരു ജോലിയായിരുന്നു, എന്നിട്ടുംഭക്തർ അവരുടെ അഗാധമായ ഭക്തിയിൽ നിന്നാണ്ഇത് ചെയ്തത്.വലിയ

[4]Ibid., പു. 16,17
[5]Ibid.,11
[6]. ഒർജി,കേരള ടെമ്പിൾസ് ആൻഡ്ഫുൾച്ചെഷ്ട്,,യൂട്യൂബ്സ്,12,August, 2021,9.20am

വേദനകൾ അവർക്ക് വലിയ നേട്ടങ്ങൾ നേടിക്കൊടുക്കും എന്ന വിശ്വാസത്തിൽ അവർ നിലനിന്നു.ഇപ്പോൾ ഈ നാല് ക്ഷേത്രങ്ങളുംറോഡുകളുമായി നന്നായി ബന്ധപ്പെട്ടിരിക്കുന്നു. ഒറ്റദിവസംകൊണ്ട് ഈ ക്ഷേത്രങ്ങൾ സന്ദർശിക്കുന്നത് ഇപ്പോൾ വളരെ എളുപ്പമാണ്. സംസ്ഥാനത്തിന് വിവിധഭാഗങ്ങളിൽ നിന്നുള്ള പതിനായിരക്കണക്കിന് തീർത്ഥാടകർ എല്ലാവർഷവും കർക്കിടക സമയത്ത് ഈ ക്ഷേത്രങ്ങളിൽ സന്ദർശിക്കും.

ഹിന്ദു ഇതിഹാസമായ രാമായണത്തിന്റെപാരായണമാണ് കർക്കിടകമാസത്തിലെ മറ്റൊരു പ്രത്യേകത.[7]കേരളത്തിലെ മിക്കഹിന്ദു കുടുംബങ്ങളിലും മതപരമായി ഇത് ആചരിക്കുന്നു. രാമായണപാരായണം കേരളീയ ഗൃഹങ്ങളിൽ മുൻകാലങ്ങളിൽ നിത്യേന നടന്നിരുന്നു, ജീവിതത്തിന്റെ തത്ര പാടുകളിൽ അത് ഇന്നൊരു ബന്ധപ്പാടായിതീർന്നിരിക്കുന്നു.[8]എഴുത്തച്ഛൻ എഴുതിയ അദ്ധ്യാത്മരാമായണം ആണ് പാരായണം ചെയ്യുന്നത്.  ഈ മാസത്തിലെ ഓരോ ദിവസത്തിലുംഒരു നിശ്ചിത ഭാഗം പാരായണം ചെയ്യണം.മുപ്പത്തി ഒന്ന്ദിവസത്തിനുള്ളിൽമുഴുവൻ വാക്യവുംപാരായണം ചെയ്യുകയാണ് ലക്ഷ്യം.ഓരോവീടുകളിലും, സംഘമായും,ക്ഷേത്രങ്ങളിലും ഈ മാസം രാമായണ പാരായണം നടത്താറുണ്ട്.ഈ പാരായണംജീവിതത്തിൽ തങ്ങൾ നേരിടുന്നബുദ്ധിമുട്ടുകൾ നേരിടാനുള്ള ധാർമിക ശക്തിയും,ധൈര്യവും ലഭിക്കുമെന്ന് ഭക്തർവിശ്വസിക്കുന്നു.[9]കർക്കിടകമാസത്തിലെ രാമായണ പാരായണത്തിന്റെ യുക്തിയും ശാസ്ത്രീയതയും പലരും ചോദ്യം ചെയ്യുന്നുണ്ട്. കൃഷിയെ മാത്രം ആശ്രയിച്ച് കഴിഞ്ഞിരുന്ന പഴയ തലമുറയ്ക്ക് കർക്കിടകം ഒരു പഞ്ഞമാസം ആയിരുന്നു. കള്ള കർക്കിടകവും പൊന്നിൻ ചിങ്ങവും  മലയാളികളുടെ സ്വാകാര്യതയാണ് . കനത്ത മഴ കാരണം കർക്കിടകത്തിൽ ജോലിയും കൂലിയും കുറവാണ്. ഇങ്ങനെയുള്ള സമയത്ത് പുരാണ ഗ്രന്ഥ പാരായണത്തിലൂടെ മനസ്സിനെ ആശ്വസിപ്പിച്ച് ദേഹശക്തിവീണ്ടെടുക്കാം എന്ന് പണ്ടുള്ളവർ കരുതിയിരുന്നു.കർക്കിടകത്തിൽ മഴയുടെ ശക്തി കൊണ്ട് സൂര്യപ്രകാശം കുറയും സൂര്യ വംശജനായ സൂര്യതേജസ്സായശ്രീരാമനെ പ്രീതിപ്പെടുത്തി സായൂജ്യ മാർഗം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയും രാമായണപാരായണം നടത്തിയിരുന്നു.[10]എന്തും വെട്ടിപ്പിടിക്കാനുള്ള മനുഷ്യന്റെ മരണപ്പാച്ചിലിൽ, രാജ്യവും സുഖഭോഗങ്ങളും

[7]http://krishnainn.in,nalambalam thozhal, 13,August,2021,9.20pm
[8]Ibid., പു. 58
[9]http://krishnainn.in,nalambalam thozhal, 13,August,2021,9.20pm
[10]രാമായണകഥകളും നാലമ്പലങ്ങളും., Op. cit. പു. 58

സ്വയമേ ത്യജിച്ച്മാതൃക കാട്ടിയ ഇതിഹാസ പുരുഷന്മാരുടെ അമ്പലങ്ങളിലേക്കുള്ള യാത്ര മനശാന്തി തേടിയുള്ള യാത്രയും കണക്കാക്കുന്നു.[11]

നിലനിൽപ്പിന്റെദൈവമായ വിഷ്ണുഭഗവാന്റെദശാവതാരങ്ങളിൽ ഏഴാമത്തെ തായിരുന്നു ധർമ്മത്തിന്റെ മൂർത്തിഭാവമായ ശ്രീരാമൻ എന്ന മനുഷ്യാവതാരം. വിഷ്ണുവിന്റെ പാഞ്ചജന്യം എന്ന ശംഖ് ഭരതനായും, വിഷ്ണുതല്പമായ അനന്തൻ ലക്ഷ്മണനായും, സുദർശനചക്രം ശത്രുഘ്നനായും ദശരഥ പുത്രന്മാരായിസൂര്യവംശത്തിൽ അവതരിക്കുകയുണ്ടായി. ത്രേതായുഗത്തിലെ ഒരു ചൈത്രമാസശുക്ലം നവമിയിൽ പുണർതം നക്ഷത്രത്തിൽ കൗസല്യാതനയനായി ശ്രീരാമ സ്വാമിയും, പിറ്റേന്ന് പൂയം നക്ഷത്രത്തിൽ കൈകേയ്യി പുത്രനായി ഭരതസ്വാമിയുംഅതിന്റെ തൊട്ടു പിറ്റേന്ന് ആയില്യം നക്ഷത്രത്തിൽ സുമിത്ര തനയന്മാരായിലക്ഷ്മണ സ്വാമിയും ശത്രുഘ്നസ്വാമി അവതരിച്ചു.[12]

മറ്റ് നാലമ്പല ക്ഷേത്രങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായതൃപ്രയാർ ശ്രീരാമ ക്ഷേത്രത്തിൽ നാലമ്പല ദർശനം നടത്തുമ്പോൾപാലിക്കേണ്ട നിയമങ്ങൾഉണ്ട്. തൃപ്രയാർ ശ്രീരാമ ക്ഷേത്രത്തിൽ നിന്നും ആരംഭിക്കണം,പുലർച്ചെ മൂന്ന് മണിയുടെനിർമ്മാല്യ പൂജയ്ക്ക്ശേഷം, ശ്രീഭരതസ്വാമി ക്ഷേത്രത്തിലെ ഉഷപൂജയിൽ പങ്കെടുക്കാൻഇരിഞ്ഞാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിലേക്ക് പോകണം.ഉച്ച പൂജയിൽ പങ്കെടുക്കാൻ ഇരിങ്ങാലക്കുടയിൽ നിന്നും മൂഴിക്കുളം ലക്ഷ്മണ ക്ഷേത്രത്തിലേക്ക് പോവുക. തുടർന്ന് പായമ്മൽ ശത്രുഘ്നക്ഷേത്രത്തിൽ എത്തി ദീപാരാധനയിലുംഅത്താഴപൂജയും പങ്കെടുക്കണം.ഈതീർത്ഥാടന വേളയിൽ ചന്ദന കടവിനടുത്തുള്ള ഹനുമാൻ ക്ഷേത്രവുംസന്ദർശിക്കണം.[13]

തൃശ്ശൂരിലെജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ (ഡിടിപിസി)എല്ലാ വർഷവും മലയാള മാസമായ കർക്കിടകത്തിൽനടക്കുന്ന നാലമ്പല തീർത്ഥാടനത്തിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തീർത്ഥാടനത്തിൽ പങ്കെടുക്കുന്ന ഭക്തർക്ക്, പ്രത്യേകിച്ചും മുതിർന്ന പൗരന്മാർക്കും യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കാൻ ജില്ലാ ഭരണകൂടം ശ്രദ്ധിച്ചിട്ടുണ്ട്. ഈ തീർഥാടന യാത്രയ്ക്ക് തീർഥാടകരുടെകയ്യിൽനിന്നുംനാമമാത്രമായ തുക ഈടാക്കുന്നു.[14]

ത്യാഗത്തിന്റെയുംസാഹോദര്യത്തിന്റെയുംപര്യായമായ ശ്രീരാമസ്വാമിയെയുംസഹോദരങ്ങളെയും കണ്ടുവണങ്ങിയാണ്നാലമ്പലയാത്ര.തൃശ്ശൂർ

[11]Ibid., പു. 11
[12]അനിൽകുമാർ വലിയവീട്ടിൽ , op. cit. പു. 12
[13]നാലമ്പലം പിൽഗ്രിമേജ്,14, may,2016
[14] തൃശൂർ നാലമ്പലം പിൽഗ്രിമേജ് , 21,നവംബർ,2019

എറണാകുളം ജില്ലകളിലായി സ്ഥിതിചെയ്യുന്ന മഹാ ക്ഷേത്രങ്ങളായനാലമ്പങ്ങളിലെക്ഷേത്ര വിഗ്രഹങ്ങൾദ്വാപരയുഗത്തിൽ ശ്രീകൃഷ്ണഭഗവാന്റെപൂജ ഏറ്റുവാങ്ങിയ വിഗ്രഹങ്ങളാണ്.നാലുഭാഗത്തും പർവ്വതങ്ങളാൽചുറ്റപ്പെട്ട്ദ്വാരക പുരിയിൽ നാലിടത്തായിദശരഥ പുത്രന്മാർക്ക്ക്ഷേത്രങ്ങൾ പണിതിരുന്നു. കിഴക്കേ അറ്റത്തെരയവദകപർവ്വതത്തിൽ ഉള്ള ക്ഷേത്രത്തിൽശ്രീരാമനേയും, വടക്കേ അറ്റത്തെ വേണുവന്ധപർവ്വതത്തിൽ ഉള്ള ക്ഷേത്രത്തിൽ ഭരതനെയും, പടിഞ്ഞാറെഅറ്റത്തെസുഖക്ഷപർവ്വതത്തിൽ ഉള്ള ക്ഷേത്രത്തിൽ ലക്ഷ്മണനെയും, തെക്കേ അറ്റത്തെ ലതാവേഷ്ടപർവതത്തിലുള്ള ക്ഷേത്രത്തിൽ ശത്രുഘ്നനെയും പ്രതിഷ്ഠിച്ചു.കൂടാതെ ദ്വാരക പുരിയുടെ ഒത്ത നടുക്ക്ഒരു മഹാവിഷ്ണുക്ഷേത്രം ഉണ്ടായിരുന്നു, അവിടുത്തെ പ്രതിഷ്ഠ ശ്രീകൃഷ്ണ ഭഗവാന്റെപൂർവികർമൂന്നു ജന്മങ്ങളിൽ പൂജിച്ചിരുന്നഅതിഥി ദിവ്യമായ മഹാവിഷ്ണു വിഗ്രഹങ്ങൾ ആയിരുന്നു.

ദിവസവും രാവിലെപത്മിനി മാരായ രുഗ്മിണി ദേവിക്കും,സത്യഭാമ ദേവിക്കും ഒപ്പംഭഗവാൻ ഈ ക്ഷേത്രങ്ങളിൽ ദർശനം നടത്തി വന്നു.ദ്വാപരയുഗത്തിൽഭഗവാൻ സ്വർഗ്ഗാരോഹണം ചെയ്തതിനെ തുടർന്ന്ദ്വാരക കടൽ അടിച്ചു പോയി.ആ മഹാപ്രളയത്തിൽ അവശേഷിച്ചത് ഭഗവാന്റെ പൂജയേറ്റു വാങ്ങിയഅഞ്ചുദിവ്യവിഗ്രഹങ്ങൾ മാത്രമാണ്.അവയിൽമഹാവിഷ്ണു വിഗ്രഹം കലിയുഗാരംഭത്തിൽദൈവഗുരുവായബ്രിഹസ്പതിയും വായുദേവനും ചേർന്ന് പ്രതിഷ്ഠിച്ച ഇടം ഗുരുവായൂർ എന്ന പേരിൽപ്രസിദ്ധമായി. എന്നാൽ ദശരഥ പുത്രന്മാരുടെവിഗ്രഹങ്ങൾ പിന്നെയും ഒരുപാട് കാലം കടലിനടിയിൽ തന്നെ കിടന്നു.[15]പിന്നീട് കേരളത്തിലെചേറ്റുവദേശത്തിനടുത്തുള്ളമുക്കുവൻ മാരുടെ കയ്യിൽ ഈ വിഗ്രഹങ്ങൾ കിട്ടുകയും, അവരത് പ്രദേശത്തെ പ്രമാണിയായ വാക്കൈയ്കൈമളിനെഅറിയിക്കുകയും അദ്ദേഹം പ്രശ്നം വച്ചു നോക്കിയപ്പോൾദ്വാപരയുഗത്തിൽ ശ്രീകൃഷ്ഭഗവാന്റെപൂജ ഏറ്റുവാങ്ങിയ വിഗ്രഹങ്ങൾ ആണെന്ന് മനസ്സിലാക്കുകയും, തുടർന്ന് അദ്ദേഹം മന്ത്ര ശക്തി ഉപയോഗിച്ച് നാല് വിഗ്രഹങ്ങളെ നിന്നും നാല് പ്രാവുകളെസൃഷ്ടിക്കുകയും അവ ചെന്നിരിക്കുന്ന പ്രദേശത്ത്അതതുവിഗ്രഹങ്ങൾ പ്രതിഷ്ഠിക്കാനുംഉത്തരവിട്ടു.[16]

ശ്രീരാമവിഗ്രഹത്തിൽനിന്ന് വന്ന പ്രാവ്ചെന്നിരുന്നത്കരിവണ്ണൂർ പുഴയുടെ കൈവഴിയായ തൃപ്രയാർ തീരത്താണ്, ഭരണ വിഗ്രഹത്തിൽ നിന്നും വന്ന പ്രാവ് കുലീപനിതീർഥകരയിലെ കൂടൽമാണിക്യത്തും, ലക്ഷ്മണ വിഗ്രഹത്തിൽ നിന്നും വന്ന

[15]താളിയോലാമലയാളം, നാലമ്പലദർശനം, 14,ജൂലൈ, 2020
[16]Ibid., പു. 13

പ്രാവ്ചാലക്കുടി പുഴയുടെതീരത്തെമൂഴിക്കുളത്തും, സത്രത്തിലെ അനുഗ്രഹത്തിൽ നിന്ന് വന്ന പ്രാവ് കൂടൽമാണിക്യത്തിനടുത്ത്പായമ്മലിലും ചെന്നിരുന്നു.ഇവിടങ്ങളിലെല്ലാം 4 മഹാക്ഷേത്രങ്ങൾ ഉയർന്നുവന്നു.[17]

ശ്രീരാമ ക്ഷേത്ര ദർശനത്തിലൂടെമനശാന്തിയും,ധാർമികബോധവും, ലക്ഷ്മണ സ്വാമി ദർശനത്താൽകാര്യസാധ്യവും, ഭരതസ്വാമി ദർശനത്താൽ കർമ്മ നൈപുണ്യവും , ശത്രുഘ്ന സ്വാമി ദർശനത്താൽ ശ്രേയസുംകൈവരുമെന്നാണ് വിശ്വാസം. പുരുഷാർത്ഥങ്ങളെ പുലർത്തുന്ന വ്യക്തിത്വം കാഴ്ചവെക്കുന്നത് കൊണ്ടാണ്ദാശരഥികൾ നമുക്ക് മാതൃകയാവുന്നത്.ധർമ്മത്തിൽ അധിഷ്ഠിതമായ ത്യാഗവും സേവനവും അനുഷ്ഠിക്കുന്ന ഉന്നത സംസ്കാരം ദാശരഥികളിൽ നമുക്ക്ദൃ ശ്യമാണ്. മാനവ സാഹോദര്യത്തിന്മക ടോദാഹരണമാണ്രാ മലക്ഷ്മണ ഭരതശത്രുഘ്നന്മാർ .ദാശരദികളുടെ ക്ഷേത്രം ക്രമപ്രകാരം ഒരു ദിവസം കൊണ്ട് ദർശനം നടത്തുന്നത് ആനന്ദകരവും മോക്ഷ ദായകവുമായി കരുതിപ്പോരുന്നു.[18]

---

[17]താളിയോലമലയാളം, നാലമ്പലദർശനം, യൂട്യൂബ് , 14,ജൂലൈ, 2020
[18]ഡിഡിതൃശൂർ, നാലമ്പലംപിൽഗ്രിമേജ്ലെജൻഡ്, യൂട്യൂബ് ,11,ഓഗസ്റ്റ്, 2020

## അദ്ധ്യായം– 4

# കോട്ടയം ജില്ലയിലെ നാലമ്പലം

കുന്നുകളും മലകളും പച്ചവിരിച്ച നെൽപ്പാടങ്ങളും കൈത്തോടുകളും കാട്ടരുവികളും കൊണ്ട് അനുഗ്രഹീതവും മനോഹരമായ ഗ്രാമമാണ് രാമപുരം. പരസ്പരം സ്നേഹിച്ചും സഹായിച്ചും വിശ്വസിച്ചും കൃഷി ചെയ്ത സമാധാനത്തോടെ ജീവിച്ചു വരുന്ന ഹിന്ദു ക്രൈസ്തവ മതക്കാരായ ജനസമൂഹം.[1]

കോട്ടയം ജില്ലയിലെ പാലായ്ക്ക്അടുത്തുള്ള രാമപുരത്ത് ശ്രീരാമ ക്ഷേത്രവും മൂന്ന് കിലോമീറ്റർ പടിഞ്ഞാറായി കൂടപ്പുലത്ത് ലക്ഷ്മണ ക്ഷേത്രംവും, 3കിലോമീറ്റർവടക്ക് അമനകര ഭരതക്ഷേത്രവും, അമന കരയിൽ നിന്ന്മൂന്ന്കിലോമീറ്റർ വടക്കു കിഴക്കു മാറി മേതിരി ശത്രുഘ്ന ക്ഷേത്രം സ്ഥിതി ചെയ്യുന്നു.[2] മറ്റ്നാലമ്പലങ്ങളിൽ നിന്ന്വ്യത്യസ്തമായി 4 ഇടങ്ങളിലുംകൂടി ദർശനം നടത്താൻ ഏകദേശം രണ്ടരമണിക്കൂർ താഴെ മതി എന്നതിനാൽ ഈ നാലമ്പലം ധാരാളം ഭക്തജനങ്ങളെ ആകർഷിച്ചുവരുന്നു.

വനവാസകാലത്ത് ശ്രീരാമൻ പമ്പയാറിന് പോകാൻ വന്നപ്പോൾ, ദക്ഷിണ ദിക്കിലെ ആ പ്രയാണം ദിവസങ്ങളും മാസങ്ങളും പിന്നിട്ടു. അതോ വർഷങ്ങളോ? എത്രനാൾ നടന്നെന്നു രൂപമില്ല. വനാന്തരങ്ങൾ പിന്നിട്ട വന്യമൃഗങ്ങൾ ഇല്ലാത്ത ഗ്രാമീണ ഭംഗി തുളുമ്പുന്ന പൊട്ടിച്ചിരിക്കുന്ന അരിവുകളുടെയും പക്ഷികളുടെയും കളകളം മുഖരിതമായ ഏതോ ഭൂപ്രദേശത്ത്എത്തിച്ചേർന്നു.

മനശാന്തി തേടിവന്ന ഭഗവാൻ പടർന്നുപന്തലിച്ചു നിന്ന വൃക്ഷ ചുവട്ടിൽ വിശ്രമിക്കാൻ ഇരുന്നു. ശേഷിച്ച ജീവിതം ഇവിടെ ആകട്ടെ എന്നും മനസ്സിൽ ഉറപ്പിച്ചു. സമസ്ത ചിന്താ ഭാരങ്ങളും മറക്കാൻ സഹായകമായ ഈ ഗ്രാമം ഇനി തന്റെ ആവാസ ഭൂമി എന്ന ആ പൗരാണിക നിശ്ചയത്തിൽ പിറന്ന ദേശമാണ് കാലാന്തരത്തിൽ രാമപുരം എന്നറിയപ്പെടുന്നത്.[3]

സ്ഥലനാമ ഗവേഷകൻ ആയിരുന്ന മഠം പരമേശ്വരൻ നമ്പൂതിരി അദ്ദേഹത്തിന്റെ സ്ഥലനാമ പുരാണം എന്ന ഗ്രന്ഥത്തിൽ ശ്രീരാമ പ്രതിഷ്ഠയ്ക്ക് ശേഷമാണ് നാടിനെ

---

[1]എൻ.സുകുമാരൻനമ്പൂതിരിപ്പാട്, രാമപുരംശ്രീരാമസ്വാമിക്ഷേത്രംനാലമ്പല ദർശനം,രാമപുരം,2013, p. 4
[2]Ibid., പു. 35
[3]എൻ. സുകുമാരൻ നമ്പൂതിരിപ്പാട് ,Op. cit., പു . 6

രാമപുരം എന്ന പേര് സിദ്ധിച്ചത് എന്നും അതിനുമുമ്പ് കൊണ്ടകളുടെ നാട് ( മലകൾ )-കൊണ്ടാട് എന്നറിയപ്പെട്ടിരുന്നു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

ജേഷ്ഠന്റെതിരോധാനത്തിൽ ദുഃഖിതരായ അനുജന്മാർ ലക്ഷ്മണന്റെഉപദേശവും നേതൃത്വം സ്വീകരിച്ച് ജേഷ്ഠനെതേടി ദക്ഷിണേന്ത്യയിലേക്ക് പ്രയാണമാരംഭിച്ചു.

കല്ലും മുള്ളും നിറഞ്ഞ കാനനപാത കഠിനമായിരുന്നു. വളരെ നാളത്തെ യാത്രയ്ക്കുശേഷം മൂന്നുപേരും ഭഗവാൻ വിശ്രമം കൊള്ളുന്ന ഗ്രാമത്തിൽ എത്തിച്ചേർന്നു. ജേഷ്ഠനോട് തിരികെ അയോധ്യയിലേക്ക് മടങ്ങിവരണമെന്ന് അപേക്ഷിച്ചു. എന്നാൽ അചഞ്ചലമായ ഭക്തിയിൽ മനസ്സ് ഏകാഗ്രമാക്കി തപസ്സനുഷ്ഠിക്കുന്ന ഭഗവാന്റെ നിശ്ചയത്തിന് ഇളക്കം ഉണ്ടായില്ല.[4] ജേഷ്ഠനെ പിന്തിരിപ്പിക്കാൻ ആവില്ല എന്ന് മനസ്സിലാക്കിയ അനുജന്മാർ അവരുടെ ദൃഢമായ പ്രതിജ്ഞയും പ്രഖ്യാപിച്ചു. തങ്ങള് ചേട്ടനെ പിരിഞ്ഞു പോകുന്നില്ല. സമീപത്ത്എവിടെയെങ്കിലും അനുയോജ്യമായ സ്ഥാനങ്ങൾ കണ്ടെത്തിയ തപസ്സ് ചെയ്യുകയാണ്. തമ്മിൽ വീണ്ടും കാണാമെന്നുള്ളപ്രതീക്ഷയോടെ മൂവരും ഓരോ സ്ഥലങ്ങൾ തിരഞ്ഞെടുത്ത്വാസമുറപ്പിച്ചു. രാമൻ ഒരിക്കൽ അനുജന്മാരുടെ ക്ഷേമം അന്വേഷിച്ചു പോയി മൂവരെയും സന്ദർശിച്ചു,ആ സന്ദർശനത്തിന് പ്രതീകമായി നാലമ്പല ദർശനക്രമംഉണ്ടായി.[5]

**ശ്രീരാമക്ഷേത്രം രാമപുരം**

കോട്ടയം ജില്ലയിലെ പാലാ-കൂത്താട്ടുകുളം റൂട്ടിൽരാമപുരത്ത് ആണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. കൂത്താട്ടുകുളത്ത്നിന്നുംമലയിൽ നിന്നും പാലായിൽനിന്നുംപന്ത്രണ്ട്കിലോമീറ്റർവീതംആണ്ദൂരം.ആചാരപ്രകാരം നാലമ്പലത്തിൽ ആദ്യം ദർശിക്കേണ്ടത്രാമപുരത്ത് കുടികൊള്ളുന്ന രാമക്ഷേത്രമാണ്. രാമന്റെ അമ്പലത്തിൽ സന്ദർശിച്ചശേഷംലക്ഷ്മണന്റെഅമ്പലത്തിൽ,പിന്നീട് ഭരതക്ഷേത്രത്തിലും, പിന്നെ ശത്രുഘ്നക്ഷേത്രത്തിലുംപോയശേഷം ഉച്ചപൂജയ്ക്കു മുമ്പ് തിരിച്ച് ശ്രീരാമക്ഷേത്രത്തിൽ വന്ന്ശ്രീരാമനെ വണങ്ങണം എന്ന ക്രമത്തിലാണ് നാലമ്പല ദർശനം പൂർത്തിയാകുന്നത്. ഈയൊരു ക്രമം കൊണ്ട് ഉദ്ദേശിക്കുന്നത് മുജ്ജന്മത്തിലെ പാവം,സന്താനലബ്ധി, കുടുംബ ഐശ്വര്യം,നാടിന്റെ ഐശ്വര്യം എന്നിങ്ങനെ ക്ഷേമം ഉണ്ടാകുമെന്നാണ് വിശ്വാസം. നാലമ്പല ദർശനക്രമംപ്രചാരത്തിൽ വന്നിട്ട് രണ്ടു പതിറ്റാണ്ടായി.ഈ ക്ഷേത്രത്തിന് സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ട്.നട

[4]Ibid., പു. 6

[5]Ibid., പു . 36

വരമ്പുകളിൽ കൂടിയും ഇടവഴികളിൽ കൂടിയും നടന്നു പോയി ദർശനം നടത്തിയിരുന്ന പ്രാചീന കാലം മുതൽ പ്രസിദ്ധമായ ഈ നാലമ്പല ദർശനത്തെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിന്റെ 1997-ലെ ക്ഷേത്ര സർവ്വേയിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.[6]

അമനകര, കുന്നൂർ,കാരനാട് എന്നീ മൂന്ന് ഇല്ലക്കാരുടെ ഊരാണ്മയിലും ഉടമസ്ഥതയിലുമുള്ളതാണ് രാമപുരം ശ്രീരാമസ്വാമിക്ഷേത്രം. ഒരുകാലത്ത് നാലായിരത്തിൽ പരം പറ നെല്ല് പാട്ടം ലഭിച്ചിരുന്ന പാടങ്ങളും മറ്റു പുരയിടങ്ങളും ദേവത്തിന് സ്വന്തമായി ഉണ്ടായിരുന്നു. ഭൂപരിഷ്കരണ നിയമത്തിന്റെയും ഭരണനൈപുണ്യം കുറവിന്റെയുംഫലമായി എല്ലാം അന്യാധീനപ്പെട്ടുകയായിരുന്നു.[7]

പാലാ കൂത്താട്ടുകുളം റോഡിൽ രാമപുരം ടൗൺ കവലയിൽ നിന്നും ഒരു കിലോമീറ്റർ പടിഞ്ഞാറായി അമ്പലം കവലയിൽ കാണുന്ന അലങ്കാര ഗോപുരം ശ്രീരാമസ്വാമി ക്ഷേത്രത്തിലെ പ്രവേശന കവാടം ആണ്. കവലയിൽ നിന്നും വിഗ്രഹം തൊഴുന്നവർക്ക് ശ്രീകോവിലിൽ തെളിയിച്ചിട്ടുള്ള ദീപങ്ങൾ കാണാവുന്ന വിധത്തിലാണ്.മുൻവശത്തെ പ്രധാന ഗോപുരം, ആനപ്പന്തൽ, കൊടിമരം, ബലിക്കൽപുര,നമസ്കാര മണ്ഡപം എന്നിവയുടെ വാസ്തുശില്പകലാവൈദഗ്ധ്യം.

കരിങ്കല്ലിൽ പണിതീർത്ത ഗോപുര പ്രവേശനകവാടവും ഭീമാകാരത്തിലുള്ള വാതിലുകളും ദൃശ്യവിസ്മയമാണ്.കിഴക്കോട്ട് ദർശനമായാണ് ഇവിടത്തെ ശ്രീരാമ പ്രതിഷ്ഠ.ചതുർബാഹുവായ മഹാവിഷ്ണുവിന്റെ അവതാരമായ ശ്രീരാമചന്ദ്രൻഅതെ രൂപത്തിലും ഭാവത്തിലും നിലകൊള്ളുന്ന വിഗ്രഹം. രാവണനിഗ്രഹാനന്തരംസീതസമേതം അയോധ്യയിൽ അഗാധനായി പട്ടാഭിഷേകം നടത്തി പ്രജകളെയും സർവ്വചരാചരങ്ങളെയും പരിപാലിച്ച്സുസ്മേരവദനനായിരിക്കുന്ന ചക്രവർത്തിയുടെ സങ്കൽപമാണ് ഈ പ്രതിഷ്ഠയിൽ ഉള്ളത്.അതുകൊണ്ട്തന്നെസർവ്വാഭീഷ്ടദായകനെന്നുഭക്തജനങ്ങൾ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്നു.പ്രധാന പ്രതിഷ്ഠയായ ശ്രീരാമസ്വാമിയെ കൂടാതെ ഭഗവതി,ഗണപതി,രക്ഷസ് ഹനുമാൻ,നാഗംതുടങ്ങിയ ഉപദേവതകളുംഈക്ഷേത്രത്തിലുണ്ട്.[8]

ഇവിടെപ്രധാനമായുംഉള്ളത്വലിയ തൂക്ക് വിളക്ക്,ഇത്ഭക്തജനങ്ങൾ ഇതു കെടാവിളക്കായി ഉദ്ദിഷ്ട കാര്യ സാധ്യത്തിനായി കത്തിച്ചു വരുന്നു. ഇതൊരു നിത്യ വഴിപാടാണ്. നമസ്കാര മണ്ഡപം,എട്ടുതൂണുകളോട് കൂടിയ ഇത്ര വലിപ്പമുള്ള നമസ്കാര

[6]Ibid., പു. 14
[7]Ibid., പു. 8
[8]Ibid., പു . 36,37

മണ്ഡപങ്ങൾ വിരളമായി മാത്രമേ കാണാറുള്ളൂ.മച്ചിൽകൊത്തുപണി വിതാനങ്ങളും ഉണ്ട്.

വൃത്താകൃതിയിലുള്ള ശ്രീകോവിലാണ് ഇവിടെ. അടിത്തറ ഏതാണ്ട് മൂന്നടിയോളം ഉയരത്തിൽ ശിലയിൽ തീർത്തതാണ്. സോപാനവും, പ്രധാന കവാടവും പിച്ചള പൊതിഞ്ഞിട്ടുണ്ട്. അകത്ത് ചുറ്റി ഒരു പ്രദക്ഷിണവഴി കാണാം. പിന്നീട് രണ്ടു വാതിലുകൾ കടന്നാൽശ്രീരാമന്റെപ്രതിഷ്ഠ. പഞ്ചലോഹ നിർമ്മിതമായ വിഗ്രഹം. സുസ്മേരവദനനായി നിൽക്കുന്ന ചതുർബാഹു മൂർത്തിയായ ഭഗവാൻ.[9]

ഉപദേവന്മാരായ ധർമ്മശാസ്താവും,ഗണപതിയും, ശിവപാർവ്വതിമാരും ശ്രീകോവിലിന്റെ തെക്കുഭാഗത്ത്, ലക്ഷ്മി ഭഗവതി ശ്രീകോവിലിന്റെ വടക്കുഭാഗത്ത് വിഗ്രഹം ഇല്ലാതെയുള്ള സാന്നിധ്യ സങ്കല്പമാണ് ലക്ഷ്മീഭഗവതിയുടേത്,എങ്കിലും നിത്യേന പൂജയും,നിവേദ്യവും ഉണ്ട്. ശ്രീരാമ വിഗ്രഹ പ്രതിഷ്ഠ നടന്ന കാലത്ത് ഇവിടെ ലക്ഷ്മി ഭഗവതിയുടെ സാന്നിധ്യം ഉണ്ടായി എന്നതാണ് ഐതിഹ്യം. നാലമ്പലത്തിനു വെളിയിൽ പടിഞ്ഞാറുഭാഗത്ത് നാഗരാജ പ്രതിഷ്ഠകൾ, കൂടാതെ ഭദ്രകാളിയും, മണ്ഡലകാലം കളമെഴുത്തുപാട്ട് വിശേഷാൽ പൂജയുംനടക്കുന്നു. പടിഞ്ഞാറെ ഗോപുര വാതിലിന്റെതെക്കു വടക്കു ഭാഗത്ത് മഹാഗണപതിക്ഷേത്രം. 18 വർഷം മുമ്പ് ഗണപതിവിഗ്രഹം മോഷ്ടാക്കൾ എടുത്തു കൊണ്ട് പോവുകയും അംഗഭംഗം വരുത്തുകയും ചെയ്തു, മോഷ്ടാക്കളെ പിടി കൂടുകയും വിഗ്രഹം തിരികെ ലഭിക്കുകയും ചെയ്തു. കേടുപാടുകൾ തീർത്ത് വിഗ്രഹം വീണ്ടും പ്രതിഷ്ഠിച്ചു.കിഴക്കേ നടയിലുള്ള ആൽച്ചുവട്ടിൽ യക്ഷിപ്രതിഷ്ഠ അടുത്തുതന്നെ രക്ഷസ്സ് പ്രതിഷ്ഠയുംഉണ്ട്. ഹനുമാൻ പ്രതിഷ്ഠ, ശ്രീരാമ സ്വാമിയുടെ ദാസനായ ഹനുമാൻ സീതയെതേടി തിരികെ വന്നപ്പോൾ ആദ്യം പറഞ്ഞത് കണ്ടു ഞാൻ എന്നാണ്. വെടി പൊട്ടുന്ന ശബ്ദത്തിലുള്ള ആ ഭാഷണത്തിന്റെ സ്മരണയ്ക്കായി പ്രഭാത പ്രദോഷ വേളകളിൽ വെടി പതിവുണ്ട്, വെടിവഴിപാട് ആണ് ഇവിടെ പ്രധാനം.

ക്ഷേത്രത്തിലെ പ്രധാന വഴിപാടുകൾശ്രീരാമ സ്വാമിക്ക് പാൽപ്പായസം, കൂട്ടപ്പം,ശാസ്താവിന് മാല,നീരാഞ്ജനം, വിളക്ക്. ശിവപാർവ്വതിക്ക്കൂവളമാല,എള്ളുകിഴി, പട്ട്. ലക്ഷ്മീഭഗവതിക്ക്പട്ട, പാൽപ്പായസം. നാഗ ദൈവങ്ങൾക്ക്നൂറും,പാലും,പാൽപ്പായസം,മഞ്ഞൾഅഭിഷേകം,കർപ്പൂര വിളക്ക് ,കദളിപ്പഴം, വെള്ളനിവേദ്യം. ശ്രീ ഭദ്രകാളിക്ക്ഉടയാട, ചുവന്നമാലകൾ,പട്ട്, ആൾരൂപങ്ങൾ, വെള്ളനിവേദ്യം, ഗുരുതി.മഹാഗണപതിക്ക്ഗണപതിഹോമം, അട, ഒറ്റയപ്പം, ഉണ്ണിയപ്പം, അവൽ, നാളികേരം, പഴങ്ങൾ. ഹനുമാൻ സ്വാമിക്ക് വടമാല,

[9]എൻ.സുകുമാരൻ നമ്പൂതിരിപ്പാട്,Op. cit., പു. 8

നാരങ്ങാമാല, പഴങ്ങൾ. യക്ഷി രക്ഷസ്സിന്പിതൃ സ്മരണയ്ക്കവഴിപാട്, ഗുരുതി, മാലകൾ,പാൽപ്പായസം.

ഇവിടുത്തെ അരയാൽ 500 വർഷത്തിലേറെ പഴക്കമുള്ളതാണെന്ന് വിശ്വസിക്കപ്പെടുന്നു. ക്ഷേത്ര ജീവനക്കാരനായിരുന്ന മഹാകവിയായി രാമപുരത്ത് വാര്യരുടെ പാദസ്പർശമേറ്റ ഇവിടത്തെ മണ്ണ് തറ തീർത്തു പ്രദക്ഷിണയോഗ്യമാക്കി വച്ചിരിക്കുന്നു. ആൽ പ്രദക്ഷിണം ദിവ്യാനുഭൂതി നൽകുന്നതായി ഭക്തജനങ്ങൾ കരുതിപ്പോരുന്നു.

ക്ഷേത്ര വിശേഷ അവസരങ്ങൾ പ്രധാനമായിട്ടുള്ളത്ഉത്സവം,കൊടിയേറ്റ്,ആറാട്ട് എന്നിവയാണ്. മീനമാസത്തിലെ ചോതിനാളിൽ കൊടികയറി തിരുവോണം നാളിൽ ആറാട്ട് വരുന്ന രീതിയിലാണ് ഈ ക്ഷേത്രത്തിലെ ഉത്സവം. എട്ടു നാളുകൾ നീണ്ടു നിൽക്കുന്ന, ഇവിടുത്തെ ഉത്സവത്തിന്റെആറാട്ട് നടക്കുന്നത് ഭരതക്ഷേത്രമായ അമനകരയിലാണ്. ഉത്സവകാലത്ത് മാത്രം നടത്തുന്ന ഉത്സവബലി നടത്തുന്നത്. സന്താനലബ്ധിക്ക് ആണ് പ്രധാനമായും ഉത്സവബലിയാണ്ഇവിടുത്തെപ്രധാനവഴിപാട്. കുചേലവൃത്തം വഞ്ചിപ്പാട്ടിലൂടെ പ്രസിദ്ധനായ രാമപുരത്തുവാര്യർ ഈ ക്ഷേത്രത്തിലെ കഴകക്കാരൻ ആയിരുന്നു.[10]

### ലക്ഷ്മണക്ഷേത്രം - കുടപ്പുലം

ശ്രീരാമ ക്ഷേത്രത്തിൽ നിന്നും മൂന്നര കിലോമീറ്റർ ദൂരത്തിൽ തെക്ക് പടിഞ്ഞാറായി ഭാഗത്തായിലക്ഷ്മണസ്വാമി ക്ഷേത്രം സ്ഥിതി ചെയ്യുന്നു.ദശരഥപുത്രന്മാരിൽ രണ്ടാമനായ ലക്ഷ്മണസ്വാമി ആണ് ഇവിടത്തെ പ്രതിഷ്ഠ. കൂടമെന്നാൽ കൂടി നിൽക്കുന്നത് അല്ലെങ്കിൽകുന്നൊക്കെആണ്അർത്ഥം. കുലമെന്നാൽ പുലരുന്നിടവുംചുരുക്കത്തിൽകുന്നിൻമുകളിലുള്ള ജന വാസയോഗ്യമായ പ്രദേശത്തെ ആണ് കൂടപ്പുലം എന്ന് വിളിച്ചു പോരുന്നത്.രാമനും സീതയും ലക്ഷ്മണനും കാനനവാസ കാലത്ത് കുടിയിരുന്ന മലയാണ്കൂടപ്പുലമെന്നും സീതാരാമൻമാർലക്ഷ്മണനെ കുടിയിരുത്തിപോയ സ്ഥലമാണിത്.[11] മറ്റു ചില ചരിത്രകാരന്മാർ പറയുന്നത് ശ്രീരാമനോടൊപ്പം എപ്പോഴും നടന്നത് കൊണ്ടാവണം ഈ സ്ഥലത്തിന് കൂടപ്പുലം എന്ന പേർ ശ്രദ്ധിച്ചത് .

[10]അനിൽകുമാർ വലിയ വീട്ടിൽ, Op. cit., p. 36
[11]Ibid., പു. 37

തികച്ചും വനങ്ങളിൽ നിറഞ്ഞിരുന്ന കുടപ്പുലവുംപ്രാന്തപ്രദേശങ്ങളും ഒരുകാലത്ത് വന്യജീവികളുടെആവാസകേന്ദ്രം ആയിരുന്നു. ഈ ക്ഷേത്രം മറ്റു ക്ഷേത്രങ്ങളിൽ നിന്നും വ്യത്യസ്തമായി ഉയർന്ന പടിക്കെട്ടുകൾ കയറിയാണ്ക്ഷേത്രത്തിൽ എത്തുന്നത്. പ്രതിഷ്ഠ പൂർവ്വ ദിക്കിലേക്ക് ദർശനമായിട്ടാണ്. ചെറിയ ഒരു കുന്നിൻ മുകളിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്.ഈക്ഷേത്രത്തിന്റെനിർമ്മാണത്തിൽകേരളവാസ്തുവിദ്യ ഉപയോഗിക്കുന്നു.[12]കൂടപ്പുലംശ്രീലക്ഷ്മണ സ്വാമി ക്ഷേത്രം രാവിലെ അഞ്ചര മുതൽ പന്ത്രണ്ടര വരെയും വൈകുന്നേരം 5 മണി മുതൽ 8 മണി വരെയും തുറന്നിരിക്കും ഈ സമയത്താണ് അന്നത്തെ പൂജകൾ നടക്കുന്നത്.[13]

ലക്ഷ്മണ ക്ഷേത്രത്തിനു താഴെ ഒരു ദേവി ക്ഷേത്രം ഉണ്ട്. ലക്ഷ്മണ ക്ഷേത്രത്തിന് വലതുവശത്തായി ഗണപതിയുടെയും, ശിവന്റെയും പ്രതിഷ്ഠകളാണ്.വിവാഹിതരായ ദമ്പതികൾസാധാരണയായി ഗർഭധാരണത്തിനായിപ്രത്യേകം പൂജകളും വഴിപാടുകളും നടത്താറുണ്ട്, മഞ്ഞൾ പറ എന്ന പേരിൽ പ്രത്യേകം വഴിപാട് നടത്തുന്ന നടത്തുന്ന ചുരുക്കം ചില ക്ഷേത്രങ്ങളിൽ ഒന്നാണ്ഇത്.[14]മണ്ഡലകാലത്ത് ദേവി ക്ഷേത്രത്തിലെ കളമെഴുത്തും,കളമെഴുത്തുപാട്ടും വളരെ പ്രാധാന്യമുള്ളതാണ്. മണ്ഡല മാസത്തിലെ അവസാന ദിനം പള്ളിവേട്ട വരുന്ന തരത്തിലാണ് ആറു ദിവസം നീണ്ടു നിൽക്കുന്ന ഈ ക്ഷേത്രത്തിലെ ഉത്സവം. കാക്കൂർ കാഞ്ഞിരപ്പള്ളി മനവകക്ഷേത്രമാണിത്. നാഗമ്പൂഴി മന കാർക്ക്ആണ് തന്ത്രം. ഈ ക്ഷേത്രത്തിലെ പ്രധാന വഴിപാട് ചതുർബാഹു സമർപ്പണമാണ്. നാട്ടുകാരുടെയും ഒരു കമ്മിറ്റി ആണ് ഇവിടെ ക്ഷേത്രഭരണം നടത്തുന്നത്.[15]

## ഭരതസ്വാമിക്ഷേത്രം – അമനകര

രാമപുരം ശ്രീരാമസ്വാമി ക്ഷേത്രത്തിൽ നിന്നും മൂന്നര കിലോമീറ്റർ വടക്കു ഭാഗത്ത് കൂത്താട്ടുകുളം റോഡിലും അമനകരഎന്ന പ്രദേശത്ത് ഭരതസ്വാമി ക്ഷേത്രം സ്ഥിതി ചെയ്യുന്നു.സ്വന്തം പുത്രന്രാജ്യഭരണം ലഭിക്കുന്നതിനായി ശ്രീരാമദേവനെ വനവാസത്തിന് പറഞ്ഞയച്ചദശരഥപുത്രനായ കൈകേയിയുടെ പുത്രനാണ് ഭരതൻ. ശ്രീ

[12]കൂടപ്പുലംശ്രീലക്ഷ്മണപിൽഗ്രിമേജ്,കോട്ടയം, 21,ജൂൺ,2021
[13]ടോംബിനുമോൾ, ദിഫിസിക്കലിറ്റിആൻഡ്സ്പിരിറ്റ്യാലിറ്റിഓഫ്ഹിന്ദുടെമ്പിൾസ്ഇൻകേരള, ചിട്ടരയൂണിവേഴ്സിറ്റി, വോൾ. 1, No 2,2014
[14]ഹൗവെൽഡൂയൂനോദി ഓഫ്ദി‘നാലമ്പലയാത്ര’ അറ്റ്രാമപുരം, 30,ജൂൺ, 2018
[15]Ibid., p. 38

രാമചന്ദ്രൻ വനവാസം അവസാനിപ്പിച്ച് മടങ്ങി വരുവോളംഅദ്ദേഹത്തിന്റെ പാദുകങ്ങൾ പൂജിച്ചു കൊണ്ട് രാമരാജ്യംനയിച്ച സങ്കല്പമാണ്.

കേരളത്തിൽ വിരളമായി കാണുന്നതാണ്ഭരതക്ഷേത്രം. തികച്ചും കരിങ്കൽ പാളികളാൽനിർമ്മിച്ച ശ്രീകോവിൽ.ശംഖുജ നടത്തുന്ന ചുരുക്കം ചില ക്ഷേത്രങ്ങളിൽ ഒന്നാണ്. മനോഹരമായ കുളം ഇവിടുത്തെ ആഘർഷണമാണ്. ആളുകൾ പതിവായി മത്സ്യങ്ങളെ വഴിപാടായി ഉപയോഗിക്കുന്നു.കിഴക്കോട്ട് ദർശനമായി ശിവനു സമർപ്പിച്ചിരിക്കുന്ന ആരാധനാലയവുംഇവിടെഉണ്ട്.[16]പേരുകേട്ട 5 നമ്പൂതിരി കുടുംബങ്ങൾ ഈ കരയിൽ ഉണ്ടായിരുന്നു എന്നും അങ്ങനെ ഈ സ്ഥലത്തിന് അമനകര എന്ന പേരുണ്ടായിഎന്നും അത് കാലാന്തരത്തിൽ ഒപ്പിച്ച് അമനകര ആയി.

പുനം,പുതിയേടം, താമര മംഗലം എന്നീ മൂന്ന് നമ്പൂതിരി കുടുംബങ്ങൾക്ക്ഊരാണ്മ സ്ഥാനം. പ്രധാന പ്രതിഷ്ഠയായ ഭരതസ്വാമിയുടെ വടക്കുപടിഞ്ഞാറെ മൂലയിൽ കിഴക്കോട്ട് ദർശനമായി ശിവ പ്രതിഷ്ഠയാണ്. ശിവാലയത്തിന്റെ വലതുവശത്തായി അക്ഷര സാന്നിധ്യമുണ്ട്.

മേടമാസത്തിലെ തിരുവോണത്തിനാണ്ഈ ക്ഷേത്രത്തിലെഉത്സവം ആരംഭിക്കുന്നത് കേരള ക്ഷേത്ര സംരക്ഷണ സമിതി ദേവസ്വത്തിന് കീഴിലുള്ള ഈ ക്ഷേത്രത്തിലെ ഉത്സവം ആറു ദിവസം നീണ്ടു നിൽക്കുന്നു. രാമപുരം ക്ഷേത്രത്തിലെ ഉത്സവത്തിന് ആറാട്ട് നടക്കുന്നത് ഭരതസ്വാമി ക്ഷേത്രക്കുളത്തിൽ ആണ്. എട്ടുവീട്ടിൽ പിള്ളമാരെഭയന്ന്മാർത്താണ്ഡവർമ മഹാരാജാവ് ഒളിച്ചു താമസിച്ചു വിടെയാണ്. ബ്രഹ്മശ്രീ പുലിയന്നൂർ മുരളി നാരായണൻ നമ്പൂതിരിയാണ് തന്ത്രി. ഇവിടത്തെ പ്രധാന വഴിപാട് ശംഖുപൂജയാണ്

## മേതിരി- ശത്രുഘ്നസ്വാമി ക്ഷേത്രം

ഭരത സ്വാമി ക്ഷേത്രത്തിൽ നിന്നും മൂന്ന് കിലോമീറ്റർ വടക്കുകിഴക്കായി ശ്രീരാമസ്വാമി ക്ഷേത്രത്തിൽ നിന്നും 5 കിലോമീറ്റർ വടക്കായി സ്ഥിതി ചെയ്യുന്നു. രാമാനുജൻമാരിൽ ഏറ്റവും ഇളയവനായ ശ്രീ ശത്രുഘ്ന സ്വാമിയുടെശാന്ത രൂപത്തിലുള്ള പ്രതിഷ്ഠയാണ്ഇവിടെ. ശത്രുഘ്ന സ്വാമിയുടെ ക്ഷേത്രത്തിനു വലതുവശത്തായി പോർക്കലി ക്ഷേത്രവും ഉണ്ട്.

[16]Ibid., p.14

ജേഷ്ഠ സഹോദരന്മാരായ ശ്രീരാമചന്ദ്രനെയും, ലക്ഷ്മണസ്വാമിയെയും,ഭരതസ്വാമിയെയും വണങ്ങി ഈ അമ്പലത്തിൽ വരുമ്പോൾ ജന്മ ജന്മാന്തരമായി അനുഭവിക്കുന്ന പാപങ്ങളിൽ നിന്നും മോചനം ലഭിക്കും എന്നാണ് ജനവിശ്വാസം. കൊണ്ടമറുക്, പുനം,ചങ്ങഴശ്ശേരി എന്നീ നമ്പൂതിരി കുടുംബങ്ങൾക്ക് ഊരാണ്മ ഉള്ളതാണ് ഈ ക്ഷേത്രം. ചതുരാ കൃതിയിലുള്ള ശത്രുഘ്നക്ഷേത്രത്തിന്റെ മേൽക്കൂര വരെ കരിങ്കല്ലിലാണ് നിർമ്മിച്ചിരിക്കുന്നത്. ശിവൻ, ഗണപതി എന്നീ ഉപദേവതാ പ്രതിഷ്ഠകളും ക്ഷേത്രത്തിലുണ്ട്. പാൽപ്പായസം, നെയ്‌വിളക്ക്, തൊട്ടിൽ സമർപ്പണം എന്നിവയാണ് ക്ഷേത്രത്തിലെ പ്രധാന വഴിപാടുകൾ.[17]കാര്യസാധ്യത്തിനായി കദളി പഴം കൊണ്ടുള്ള തുലാഭാരവും നടത്തുന്നു. എല്ലാ മാസത്തിലെയും രോഹിണി നാളിൽ നടത്തുന്ന വാരസദ്യ സന്താനലബ്ധിക്ക് ഉത്തമമായി കരുതുന്നു.ഈ ക്ഷേത്രത്തിന് രണ്ടായിരത്തി അഞ്ഞൂറോളം വർഷത്തെ പഴക്കമുണ്ട്.കുറ്റമറ്റ വാസ്തുവിദ്യയുടെഉത്തമമാതൃകയാണ് ഈ ക്ഷേത്രം.കട്ടിയുള്ള കല്ലിൽ നിർമ്മിച്ച പ്രധാന ദേവാലയം സങ്കീർണമായ കൊത്തുപണികളാൽ അലങ്കരിച്ചിരിക്കുന്നു. പ്രധാന ശ്രീകോവിലിന്റെ പുറംചുമരിൽ കൊത്തിയ രാമായണത്തിൽ നിന്നുള്ള കഥകളുടെ സ്ത്രീ ചിത്രീകരണം വളരെ ആകർഷണമാണ്.[18]

കുന്നുകളും മലകളും ചെറിയ കാടുകളും കൊണ്ട്ചുറ്റപ്പെട്ട മനോഹരമായ ഒരു ഗ്രാമപ്രദേശമാണ് മേതിരി. ശത്രുഘ്നൻ ഇരുന്ന സ്ഥലം മേതിരികാലക്രമേണ ലോപിച്ച് മേതിരിയായി. കൊണ്ടമറുക് മനക്കാർ ക്ഷേത്ര കാര്യങ്ങൾ നോക്കി വരുന്നു.

മേട മാസത്തിൽ രോഹിണി ആറാട്ട് വരത്തക്കവിധം ആറ് ദിവസത്തെ ഉത്സവം. എന്നാൽ കഴിഞ്ഞ 18 വർഷമായി ശത്രുഘ്ന ക്ഷേത്രത്തിൽ ഉത്സവം ഇല്ല. ശുദ്ധികലശം മാത്രമേ നടത്താറുള്ളൂ. മനയത്താറ്റ് ഇല്ലക്കാർക്ക് തന്ത്രി സ്ഥാനം. ശത്രുഘ്നസ്വാമി എല്ലാ ഭക്തജനങ്ങളെയും ശത്രുദോഷത്തിൽനിന്നും രക്ഷിച്ച്സംരക്ഷിക്കും എന്ന് അനുഭവസ്ഥർ പറയുന്നു.[19]

തോളിക സമർപ്പണം, സന്താനലബ്ധിക്ക് തൊട്ടിലുകൾ സമർപ്പിക്കുന്ന ചടങ്ങ് ഇവിടത്തെ പ്രത്യേകതയാണ്.സന്താനലബ്ധിക്കും, ഉദ്ദിഷ്ടകാര്യ സിദ്ധിക്കും മറ്റു ക്ഷേത്രങ്ങളിലെ പോലെ തന്നെ ഇവിടെയും ഉത്സവബലി പ്രധാന വഴിപാടാണ്. [20]

[17]Ibid., p. 39
[18]രാമപുരത്തെ നാലമ്പല യാത്രയുടെ കഥ എത്ര നന്നായി നിങ്ങൾക്കറിയാം,30,ജൂൺ,2018
[19]Ibid., p. 16
[20]Ibid., p. 39

## അദ്ധ്യായം-5

# രാമപുരവും നാലമ്പലവും

പശ്ചിമഘട്ട മലനിരകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന കൂത്താട്ടുകുളത്തേക്കുള്ള പ്രധാന റോഡിൽ പാലാ പട്ടണത്തിൽ നിന്ന് 12 കിലോമീറ്റർ അകലെയാണ് രാമപുരം. റോഡ് മാർഗം മാത്രമേ ഇവിടെ എത്തിച്ചേരാനാകൂ. മറ്റ് ഗതാഗതങ്ങളൊന്നും നിലവിൽ ലഭ്യമല്ല. രാമപുരം ഇപ്പോൾ നന്നായി വികസിപ്പിച്ച പട്ടണമാണ്. പ്രകൃതിദത്തമായ പരിസ്ഥിതിക്ക് പേരുകേട്ട പ്രദേശം ആണ് ഈ ഗ്രാമം.

കുന്നുകളും മലകളും പച്ച വിരിച്ച നെൽപ്പാടങ്ങളും കൈത്തോടുകളും കാട്ടരുവികളും കൊണ്ട് അനുഗ്രഹീതവും മനോഹരവുമായ ഗ്രാമം. പരസ്പരം സ്നേഹിച്ചും സഹായിച്ചും വിശ്വസിച്ച് കൃഷി ചെയ്ത സമാധാനത്തോടെ ജീവിച്ചു വരുന്ന ഹിന്ദു ക്രൈസ്തവ മതക്കാരായ ജന സമൂഹം. മത സൗഹാർദ്ദത്തിന്റെ നിത്യസ്മാരകം പോലെ അഭിമുഖമായി കാലങ്ങളുടെ കഥ പറയുന്ന ശ്രീരാമസ്വാമി ക്ഷേത്രവും അഗസ്തിനോസ് പള്ളിയും. കോട്ടയം ജില്ലയിലെ പാലായ്ക്ക് സമീപമുള്ള രാമപുരം ഗ്രാമത്തിന്റെ സ്ഥൂലമായ രൂപ രേഖയാണിത് ഇവിടെ ഒരു നൂതന സാഹിത്യ പ്രസ്ഥാനത്തിന് നാമ്പുകൾ പൊട്ടിമുളച്ചു.

കുചേലവൃത്തം വഞ്ചിപ്പാട്ട് എന്ന ഏക കൃതി കൊണ്ട് മലയാളസാഹിത്യ ധ്രുവ നക്ഷത്രം ആയി തീർന്ന രാമപുരത്തുവാര്യർ ശ്രീരാമസ്വാമി ക്ഷേത്രത്തിലെ ജീവനക്കാരനായിരുന്നു. പണ്ഡിതൻ ആയിരുന്നെങ്കിലും ജീവിത യാഥാർത്ഥ്യങ്ങളോട് മല്ലിട്ടു മുന്നോട്ടുപോകാൻ നന്നേ വിഷമിച്ചു.

മാർത്താണ്ഡവർമ്മ മഹാരാജാവ് വൈക്കം ക്ഷേത്രത്തിൽ എഴുന്നള്ളുന്നു എന്നും മുഖം കാണിക്കാൻ തരപ്പെടുത്തി കൊടുക്കാമെന്നും വടക്കുംകൂർ രാജാവ് അറിയിച്ചതനുസരിച്ച് വാര്യർ വൈക്കത്തേക്ക് പോയി. സന്ദർഭം ലഭിച്ചപ്പോൾ ഒരു ശ്ലോകം എഴുതി മഹാരാജാവിന് സമർപ്പിച്ചു. ശോകം വായിച്ചു തിരുമേനി ഒട്ടേറെ സന്തോഷിച്ചു. ദ്വയാർത്ഥത്തിലുള്ള ശ്ലോകം മനസ്സിലാക്കിയ തിരുമേനി വാര്യരെയും കൂട്ടി തിരുവനന്തപുരത്തേക്ക് പുറപ്പെട്ടു. വഴിക്കു മഹാരാജാവിന്റെ കല്പനപ്രകാരം രചിച്ച്പാടിയതാണ് കുചേലവൃത്തം വഞ്ചിപ്പാട്ട്. മഹാരാജാവിൻ്റെ കാരുണ്യത്താൽ

പുതിയ ഭവനം ഉണ്ടായി. ക്ലേശം നീങ്ങി കുറേക്കാലം കൂടി അദ്ദേഹം ജീവിച്ചു. വാര്യരുടെ ഭവനം നിന്നിരുന്ന വാര്യം പറമ്പ് ഇന്ന് ഒരു സരസ്വതീക്ഷേത്രം ആണ്. [1]

രാമപുരത്ത് വാര്യർ മെമ്മോറിയൽ ട്രസ്റ്റിന്റെമാനേജ്മെന്റിൽ ഒരു യു.പി സ്കൂൾ സാമാന്യം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. രാമപുരത്ത് വാര്യർ മെമ്മോറിയൽ പബ്ലിക് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ വർഷം തോറും വിദ്യാഭ്യാസദിവസം വിദ്യാരംഭ മഹോത്സവം നടത്തുന്നുണ്ട്.

ഏകദേശം ഈ കാലഘട്ടത്തിൽ തന്നെ രാമപുരം വില്ലേജിൽജീവിച്ചിരുന്ന ഒരു ക്രിസ്ത്യൻ പുരോഹിതൻ ആണ് പാറമ്മാക്കൽ തോമകത്തനാർ. ഇദ്ദേഹം യാത്ര സൗകര്യങ്ങൾ പരിമിതമായിരുന്ന അക്കാലത്ത് പോർട്ടുഗൽ മുതലായരാജ്യങ്ങൾ സന്ദർശിച്ചു. റോമിലെത്തി മാർപാപ്പയെയും വണങ്ങി മടങ്ങിയശേഷം രചിച്ചതാണ്, ഇന്ത്യൻ ഭാഷകളിലെ തന്നെ ആദ്യത്തെ യാത്ര വിവരണഗ്രന്ധമായ " വർത്തമാന പുസ്തകം ". പോർട്ടുഗീസ്കോളനിയിലെ ഗവർണർ ആയിഭരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇന്ന് മലയാളസാഹിത്യ ചരിത്രത്തിൽ ഈ ഗ്രന്ഥത്തിന് ഒട്ടേറെ പ്രാധാന്യം ലഭിച്ചിട്ടുണ്ട്.

ഇപ്രകാര മുള്ള പൗരാണികതത്വത്തിന്റെയും സംസ്കാരത്തിന്റെയും പിൻതുടർച്ച രാമപുരംഗ്രാമത്തിന്റെ പ്രശസ്ത്തിക്കു നവീനമായ ഒരു മാനം നൽകുകയുണ്ടായി. മഹത്തായ പാരമ്പര്യത്തിന്റെ പുതുകേളികളോട് കൂടിയ ആധുനിക കാലഘട്ടത്തിൽ മലയാള സാഹിത്യത്തിന്റെ ചക്രവാളത്തിൽ തെളിഞ്ഞുവന്ന വെള്ളി നക്ഷത്രമായിരുന്നു ലളിതാംബിക അന്തർജനം.

കവിതകളിൽ സാഹിത്യരചന ആരംഭി ച്ച്ചെറുകഥാലോകത്തിലൂടെ സഞ്ചരിച് നോവൽ സാഹിത്യത്തിന്റെ പടവുകൾ ചവിട്ടി കയറി ലോകമാകെ മലയാള സാഹിത്യത്തിന്റെ യശസ്സുയർത്തിയ ലളിതാംബിക അന്തർജനവും ജീവിച്ചത് ഈ മണ്ണിൽ തന്നെ. സ്ത്രീ ജനങ്ങളുടെ സ്വാതന്ത്ര്യത്തിനും പ്രത്യേകിച്ച് അന്തർജ്ജനങ്ങളുടെ ഉന്നമനത്തിനും ഒട്ടേറെ പ്രവർത്തിച്ചിട്ടുള്ള വ്യക്തിയാണ് അന്തർജനം.[2]

ഈ മൂന്ന്മഹാപ്രതിഭകളുടെയും സാഹിത്യസൃഷ്ടികൾ രാമപുരത്തിന്റെ സാംസ്കാരിക പൈതൃകത്തിന് മാറ്റുകൂട്ടുകളുണ്ടായി. അന്തർജ്ജനത്തിന്റെ മകനും ചെറുകഥ ലോകത്ത് തന്റെതായ ഒരു സാമ്രാജ്യം സ്ഥാപിച്ചു. സാഹിത്യ ചക്രവാളത്തിൽ പ്രേമത്തിന്റെയും സൗന്ദര്യത്തിന്റെയും നൂറായിരം മഴവില്ലുകൾ

[1] എ . ൻ സുകുമാരൻ നമ്പൂതിരിപ്പാട്, രാമപുരം ശ്രീരാമസ്വാമി ക്ഷേത്രം നാലമ്പല ദർശനം, രാമപുരം പ്രിന്റിങ് , കോട്ടയം . 2013.
[2] Ibid.

വിരിയിച്ച് അകാലത്തിൽ, നമ്മെ വിട്ടുപിരിഞ്ഞ എൻ.മോഹനനും ഈ നാടിന്റെ പ്രിയപുത്രൻ ആണ്.

കവിതയുടെ പൂന്തോപ്പിൽ ഇപ്പോഴും സുഗന്ധ വാഹിനി വിലസുന്ന കൃഷ്ണൻ പറപ്പിള്ളിയും, ഏഴാച്ചേരി രാമചന്ദ്രനും രാമപുരത്തിന്റെ പ്രിയ മക്കൾതന്നെ. ഈ സംസ്കാരവും പൈതൃകവും മറ്റൊരു ഗ്രാമത്തിനും അവകാശപ്പെടാൻ സാധിക്കില്ല. ഇതാണ് ശ്രീരാമൻറെ രാമപുരം ഇവിടെയാണ് ചരിത്ര പ്രസിദ്ധമായ ശ്രീരാമസ്വാമിക്ഷേത്രം.

രാമപുരത്തിന്റെ വികസനത്തിൽനാലമ്പലം ഒരു ഭാഗമാണ്, കാരണം , പ്രാചീന കാലത്തു രാമപുരം കൊണ്ടകളുടെ നാട് (മലകളുടെനാട് ) എന്നാണ് അറിയപ്പെട്ടിരുന്നത്. കൃഷിയെ അശ്രയിച്ച്നിലനിൽക്കുന്ന ഒരു സമൂഹം ആയിരുന്നു, പ്രേത്യേകിച്ച് വികസനം ഒന്നും ഇല്ലാതെ നിത്യ ജീവിതത്തിന് ഉള്ളത് ഉണ്ടാക്കി കഴിഞ്ഞു കൂടുന്ന ഒരു പ്രദേശം ആയിരുന്നു. കൃഷി ഉപജീവനം നയിച്ചപ്പോൾ സാധനം മറ്റ് പ്രദേശത്തേക്ക് കൈമാറ്റം ചെയ്യാൻ മെച്ചപ്പെട്ട റോഡുകളോ, ഗതാഗത സൗകര്യമോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല.

പഴയ പാരമ്പര്യം നാലമ്പലത്തിന്റെ വരവോടെ പുതിയ അർത്ഥവും പ്രസക്തിയും ആർജിച്ച്പുനരവതരിച്ചു. നാലമ്പലം വന്നതിനു ശേഷം, രാമപുരത്തേക്ക് ഉള്ള ആളുകളുടെ എണ്ണത്തിൽ വർധനവ് ഉണ്ടായി. അറിയപ്പെടാതെ കിടന്ന രാമപുരം നാലമ്പലത്തിന്റെ വരവോടെ പുതിയപുതിയ മാറ്റങ്ങൾ രാമപുരത്തിന്റെ വികസനത്തിലേക്കു വഴിവച്ചു

നാലമ്പലം വന്നതിനുശേഷം, രാമപുരത്തേക്ക് ഉള്ള ആളുകളുടെ എണ്ണത്തിൽ വർധനവ് ഉണ്ടായി. രാമപുരത്തെ ആളുകൾ മാത്രമല്ല പല പ്രേദേശത്തു നിന്നും ആളുകൾ വിശ്വാസത്തിന്റെ ഭാഗമായി നാലമ്പല ദർശനത്തിന് എത്തി. ആളുകളുടെ എണ്ണത്തിൽ വർദ്ധനവ് പല നവീകരണ പദ്ധതിക്കും തുടക്കം കുറിച്ചു.

കർക്കിടകത്തിന്റെ ദുരിതങ്ങൾ അകറ്റാൻ രാമ- ലക്ഷ്മണ- ഭരത- ശത്രുഘ്ന ഭഗവാൻമാർ കുടിയിരിക്കുന്ന രാമപുരം, കൂടപ്പുലം,അമനകര,മേതിരി എന്നിവിടങ്ങളിലെ നാല് ക്ഷേത്രങ്ങളിലും ഉച്ചപൂജയ്ക്ക് മുൻപ് ദർശനം നടത്തുമ്പോൾ സർവ്വ ഐശ്വര്യത്തിനും, ഉദ്ദിഷ്ട കാര്യത്തിനും,ദോഷ പരിഹാരത്തിനും ഉത്തമമാണ് എന്നാണ് ജനവിശ്വാസം. മറ്റ് നാലമ്പലങ്ങളിൽ നിന്നും വ്യത്യസ്തമായി രാമപുരത്തെ ശ്രീരാമ സ്വാമിയുടെയും സഹോദരരുടെയും ക്ഷേത്രങ്ങൾ അടുത്തടുത്തായി സ്ഥിതി ചെയ്യുന്നതിനാൽ ഉച്ചയ്ക്ക് മുൻപ് വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ആചാരക്രമത്തിൽ ദർശനം നടത്താൻ സാധിക്കുമെന്നതിനാൽ, ഓരോ വർഷവും തീർത്ഥാടകരുടെ എണ്ണത്തിൽ വലിയ

വർധനവാണ്. ഗവണ്മെന്റ് എല്ലാം വർഷവും നാലമ്പത്തിന് ഒരു കോടി രൂപ വികസനത്തിനു വേണ്ടി അനുവദിക്കാർ ഉണ്ട്.

നൂറ്റാണ്ടുകൾക്ക് മുമ്പാണ് നാലമ്പല തീർത്ഥാടനം ആരംഭിച്ചത് ആദ്യ കാലഘട്ടങ്ങളിൽ അമ്പലങ്ങളിലേയ്ക്ക് ആളുകൾ പോയിരുന്നത് നടന്നാണ് വാഹനങ്ങൾ ലഭ്യമല്ലാതിരുന്ന ഈ നാല് ക്ഷേത്രങ്ങളിലേക്ക് തീർത്ഥാടനം നടത്തിയിരുന്നു ഇതായിരുന്നു നാലമ്പല യാത്രയുടെ ഒരു കാലഘട്ടത്തിന്റെ ഉത്ഭവം. ഒരു ആചാരം എന്ന നിലയിൽ ഇത് ഒരു ദിവസത്തിനുള്ളിൽ പ്രഭാതത്തിനും ഉച്ചയ്ക്കും ഇടയിലായി പൂർത്തിയാക്കേണ്ടി വന്നു. ഇത് വളരെ കഠിനമായ ഒരു ജോലിയായിരുന്നു, എന്നിട്ടും ഭക്തർ അവരുടെ അഗാധമായ ഭക്തിയിൽ നിന്നാണ് ഇത് ചെയ്തത്. വലിയ വേദനകൾ അവർക്ക് വലിയ നേട്ടങ്ങൾ നേടിക്കൊടുക്കും എന്ന വിശ്വാസത്തിൽ അവർ നിലനിന്നു. ഇപ്പോൾ ഈ നാല് ക്ഷേത്രങ്ങളും റോഡുകളുമായി നന്നായി ബന്ധപ്പെട്ടിരിക്കുന്നു.

ആദ്യത്തെ നവീകരണം എന്നത് ആളുകൾക്ക് 12 റോഡുകൾ കേരള ഗവൺമെന്റ് സീ കേരളം പദ്ധതിയിൽപ്പെടുത്തി 62 അര കോടി രൂപ മുടക്കി ടാറിങ് നടത്തിയത് . ഈ പഞ്ചായത്തിലെ വീതിയുള്ള മുഴുവൻ റോഡുകളും നവീകരിച്ചു.[3] കാരണം നാലമ്പലത്തിലേക്ക് ആളുകളുടെ എണ്ണം വർദ്ധിക്കാൻ തുടങ്ങിയപ്പോൾ യാത്രാ സൗകര്യം മെച്ചപ്പെടുത്തേണ്ടത് ആവശ്യമായി വന്നു. റോഡുകൾ വിപുലികരിച്ചപ്പോൾ എല്ലാ മേഖലയിലെ ജനങ്ങൾക്കും അത് സൗകര്യപ്രദമായി. കച്ചവടം നടത്താനും, പെട്ടെന്നുള്ള യാത്രയ്ക്കും, ആളുകൾ കൂടുതൽ രാമപുരത്ത് താമസിക്കുന്നതിനും, ആദ്യകാലത്ത് വണ്ടികൾ അധികം സുലഭം അല്ലായിരുന്നു, പിന്നെ നാല് അമ്പലത്തിലേക്ക് ആളുകളുടെ എണ്ണം വർധിച്ചപ്പോൾ, കർക്കിടകമാസത്തിൽ ജീപ്പുകളിൽ ട്രിപ്പ് അടിച്ച് ആളുകളെ കൊണ്ടുവന്നിരുന്നു. ഇതൊരു തീർത്ഥാടനം ആയി കഴിഞ്ഞപ്പോൾ ജീപ്പുകളിൽ കൊള്ളുന്ന ആളുകളേക്കാൾ കൂടുതൽ ആളുകൾ എത്താൻ തുടങ്ങിയപ്പോൾ ബസ് ആവശ്യമായി മാറി. ഇങ്ങനെ നാലമ്പലം ഗതാഗത സൗകര്യത്തിലൂടെ രാമപുരത്തിന്റെ വികനത്തിന്റെ ഭാഗമായി മാറി.[4]

ഗതാഗത രംഗത്ത് മാത്രമല്ല അമ്പലത്തിൽ ആളുകളുടെ എണ്ണം വർദ്ധിക്കുമ്പോൾ, അമ്പലത്തെ ചുറ്റിപ്പറ്റി ജോലിചെയ്യുന്ന ജീവനക്കാർക്കും അത് ഗുണഫലം ആയി മാറുക തന്നെ ചെയ്തു. കർക്കിടക മാസം ആകുമ്പോൾ അമ്പലം പുതുക്കി പണിയാറുണ്ട്. നാലമ്പലവുമായി ബന്ധപെട്ടു നിരവധി തൊഴിലവസരങ്ങൾ ലഭിക്കുന്നു. അമ്പലത്തിൽ സാധാരണയായി രണ്ടു ശാന്തിമാർ ആണ് ഉള്ളത്, കർക്കിടക മാസത്തിൽ കുറച്ചുകൂടി ശാന്തിമാർ എത്തുന്നു. മാല കെട്ടുന്നവരുടെ

[3] വിനു കെ കെ, പബ്ലിസിറ്റി കൺവീനർ,10ഓഗസ്റ്റ്2021,10.15am-11.30am
[4] കുറ്റിപ്പുഴ രവി, സാഹിത്യ പ്രവർത്തകൻ,28 ജൂൺ 2021,2.00pm-3.30pm.

എണ്ണം സാധാരണ ഗതിയിൽ നിന്നും വർദ്ധിക്കുന്നു. ഈ ഒരു നിശ്ചിത കാലയളവിൽ മാത്രമായും ചെറിയ കടകൾ ക്ഷേത്രങ്ങളുടെ സമീപത്ത് സ്ഥിതി ചെയ്യാറുണ്ട്.

## അദ്ധ്യായം– 6

# ഉപസംഹാരം

സാംസ്കാരിക കേന്ദ്രമായ രാമപുരം ഇന്ന് കേരളത്തിലെ അറിയപ്പെടുന്ന തീർത്ഥാടന കേന്ദ്രമാണ്. രാമപുരം,കൂടപ്പുലം,അമനകര, മേതിരി എന്നിവിടങ്ങളിലെ പുണ്യ പുരാതന ക്ഷേത്രങ്ങളിൽ ഒരേ ദിവസം ദർശനം നടത്താൻ കഴിയുന്നത് ഇന്ത്യയിൽ സമാനതയില്ലാത്ത ആചാരമാണ്. മറ്റ് ക്ഷേത്രങ്ങളിൽ നിന്ന് വ്യത്യസ്തമായി ഈ ക്ഷേത്രങ്ങളിലെ പ്രധാന വഴിപാടുകളും പ്രത്യേകതകൾ ഉള്ളതാണ്.

സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള ഈ ക്ഷേത്രങ്ങൾ തപശ്ചര്യമുള്ള യോഗിശ്വരൻമാരാൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതാണ്,എന്നതിനാൽ ചരിത്രാതീത കാലത്തേക്ക് ഒരു മടങ്ങിപ്പോക്ക് കൂടിയാണ് ക്ഷേത്ര ദർശനം. കർക്കിടകത്തിന്റെ ദുരിതങ്ങൾ അകറ്റാൻ രാമ- ലക്ഷ്മണ- ഭരത- ശത്രുഘ്ന ഭഗവാൻമാർ കുടിയിരിക്കുന്ന രാമപുരം, കൂടപ്പുലം,അമനകര,മേതിരി എന്നിവിടങ്ങളിലെനാല് ക്ഷേത്രങ്ങളിലും ഉച്ചപൂജയ്ക്ക് മുൻപ്ദർശനം നടത്തുമ്പോൾ സർവ്വ ഐശ്വര്യത്തിനും, ഉദ്ദിഷ്ടകാര്യത്തിനും, ദോഷ പരിഹാരത്തിനും ഉത്തമമാണ് എന്നാണ് ജനവിശ്വാസം.

മറ്റ് നാലമ്പലങ്ങളിൽ നിന്നും വ്യത്യസ്തമായിരാമപുരത്തെശ്രീരാമ സ്വാമിയുടെയും സഹോദരരുടെയും ക്ഷേത്രങ്ങൾ അടുത്തടുത്തായി സ്ഥിതി ചെയ്യുന്നതിനാൽ ഉച്ചയ്ക്ക് മുൻപ് വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ആചാര ക്രമത്തിൽദർശനം നടത്താൻ സാധിക്കുമെന്നതിനാൽ, ഓരോ വർഷവും തീർത്ഥാടകരുടെ എണ്ണത്തിൽവലിയ വർധനവാണ്. മതമൈത്രിക്ക് പേരുകേട്ട നാടിന്റെ അഭിമാന സ്തംഭങ്ങൾ ആണ് ഇത്തരത്തിലുള്ള തീർത്ഥാടന കേന്ദ്രങ്ങൾ.

മലയാളകലണ്ടർ അനുസരിച്ച് വർഷത്തിലെ അവസാന മാസമാണ് കർക്കിടകം. കനത്ത മഴയുടെയുംദുരിതങ്ങളുടെയും രോഗങ്ങളുടെയും മാസമായ കർക്കിടകം മനുഷ്യരും പക്ഷിമൃഗാദികളും ഒരേപോലെ കഷ്ടപ്പെടുന്നദിനരാത്രങ്ങൾ ആണ്.രോഗവും, ദുഃഖവും,ദുരിതവും,ദാരിദ്ര്യവുംവിഷമതകളും എല്ലാം നിറഞ്ഞ കർക്കടകത്തിൽ ആശ്വാസം നൽകാൻ കഴിയുമെന്ന ജനങ്ങളുടെ വിശ്വാസമാണ് കർക്കിടക മാസത്തിൽജനങ്ങൾ കൂടുതലായി നാലമ്പലത്തിലേക്ക് വരുന്നത്. കർക്കിടകത്തിൽ മഴയുടെ ശക്തി കൊണ്ട് സൂര്യപ്രകാശം കുറയും സൂര്യ വംശജനായ

സൂര്യതേജസ്സായ ശ്രീരാമനെ പ്രീതിപ്പെടുത്തി സായൂജ്യ മാർഗം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയും രാമായണപാരായണം നടത്തിയിരുന്നു.

കേരളത്തിലെ ആദ്യത്തെ നാലമ്പലം തൃപ്രയാർ ശ്രീരാമ ക്ഷേത്രമാണ്, ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും രൂപഭംഗിയേറിയതും പഴക്കമുള്ളതുമായ നാലമ്പലങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ക്ഷേത്രം കൂടിയാണിത്. ഇതിനു പിന്നിലെ ഐതിഹ്യം ദ്വാപരയുഗത്തിൽ ശ്രീകൃഷ്ണ ഭഗവാൻ വെച്ചാരാധിച്ചിരുന്ന ദാശരദികളിൽ(ശ്രീരാമ, ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നൻ ) പ്രളയം വന്നു. ദ്വാപരയുഗത്തിന്റെ അവസാനം ദ്വാപര മുഴുവൻ സമുദ്രത്തിന് അടിയിലായി നാല് മൂർത്തികൾ സമുദ്രത്തിൽ കടലിൽ ഒഴുകി നടക്കാൻ തുടങ്ങി. ഒരിക്കൽ ഒരു മുക്കുവൻ മീൻ പിടിക്കാൻ വല എറിഞ്ഞപ്പോൾ ഭാരം ഉള്ള എന്തോ തടഞ്ഞു. വലിയ മത്സ്യം ആണെന്ന് കരുതി കരക്കടിപ്പിച്ചു തുറന്നു നോക്കിയപ്പോൾ കാണുന്നത് ചതുർബാഹികളായ നാല് കരങ്ങളോട് കൂടിയ നാല് വിഗ്രഹങ്ങൾ. അദ്ദേഹം ആ പ്രദേശത്തെ പ്രമാണിയായ വാക്കൈ കൈമളുടെ അടുത്ത് വിവരമറിയിച്ചു, വാക്കൈ കൈമൾ ഇതിനു മുൻപ് തന്നെ സ്വപ്നത്തിൽ കണ്ടു മൂർത്തികൾ കടലിൽ അലഞ്ഞു നടക്കുന്നതായി. കൈമൾ ജ്യോതിഷികളും ആയി പ്രശ്നം വച്ചു നോക്കിയപ്പോൾ കണ്ടത് ദ്വാപരയിൽ ഭഗവാൻ പണ്ട് ആരാധിച്ചിരുന്ന മൂർത്തികൾ ആണെന്നും അവയ്ക്ക് യഥാസ്ഥാനം നൽകി പ്രതിഷ്ഠ നടത്തി അമ്പലം സ്ഥാപിക്കണമെന്ന് പറയുകയുണ്ടായി. അങ്ങനെ സ്ഥാനം നോക്കി നാലമ്പലങ്ങൾ പണിയുകയുണ്ടായി . കേരളത്തിലെ ആദ്യനാലമ്പലരൂപീകരണത്തെക്കുറിച്ച് മിത്തുകൾ സൂചിപ്പിക്കുന്നത്ഇങ്ങനെയാണ്.

നൂറ്റാണ്ടുകൾക്ക് മുമ്പാണ് നാലമ്പല തീർത്ഥാടനം ആരംഭിച്ചത് ആദ്യകാലഘട്ടങ്ങളിൽ അമ്പലങ്ങളിലേയ്ക്ക് ആളുകൾപോയിരുന്നത്നടന്നാണ് വാഹനങ്ങൾ ലഭ്യമല്ലാതിരുന്ന ഈ നാല് ക്ഷേത്രങ്ങളിലേക്ക് തീർത്ഥാടനം നടത്തിയിരുന്നു ഇതായിരുന്നു നാലമ്പല യാത്രയുടെ ഒരു കാലഘട്ടത്തിന്റെ ഉത്ഭവം. ഒരു ആചാരം എന്ന നിലയിൽ ഇത് ഒരു ദിവസത്തിനുള്ളിൽ പ്രഭാതത്തിനും ഉച്ചയ്ക്കും ഇടയിലായി പൂർത്തിയാക്കേണ്ടി വന്നു. ഇത് വളരെ കഠിനമായ ഒരു ജോലിയായിരുന്നു, എന്നിട്ടും ഭക്തർ അവരുടെ അഗാധമായ ഭക്തിയിൽ നിന്നാണ് ഇത് ചെയ്തത്. വലിയ വേദനകൾ അവർക്ക് വലിയ നേട്ടങ്ങൾ നേടിക്കൊടുക്കും എന്ന വിശ്വാസത്തിൽ അവർ നിലനിന്നു. ഇപ്പോൾ ഈ നാല് ക്ഷേത്രങ്ങളും റോഡുകളുമായി നന്നായി ബന്ധപ്പെട്ടിരിക്കുന്നു. ഒറ്റദിവസംകൊണ്ട് ഈ ക്ഷേത്രങ്ങൾ സന്ദർശിക്കുന്നത് ഇപ്പോൾ വളരെ എളുപ്പമാണ്. സംസ്ഥാനത്തിന് വിവിധഭാഗങ്ങളിൽ നിന്നുള്ള പതിനായിരക്കണക്കിന് തീർത്ഥാടകർ എല്ലാവർഷവും കർക്കിടക സമയത്ത് ഈ ക്ഷേത്രങ്ങളിൽ സന്ദർശിക്കും.

നാലമ്പലംരാമപുരത്തെ വികസനത്തിന് ഭാഗമാണോ എന്നവിഷയത്തെക്കുറിച്ച് നാലമ്പല ദർശന കമ്മിറ്റിയുടെ പബ്ലിസിറ്റി കൺവീനർ ആയ വിനുകെ.കെ ഉം ആയി നടത്തിയ അഭിമുഖത്തിലുംസാഹിത്യ പ്രവർത്തകനും, സാഹിത്യകാരനും അതോടൊപ്പം അധ്യാപകനായും, അധ്യാപക പരിശീലകനായും, വിദ്യാലയ മേധാവിയായും പ്രവർത്തിക്കുന്നകുറ്റിപ്പുഴ രവിയുമായി നടത്തിയ അഭിമുഖത്തിലും ലഭിച്ച മികവുറ്റ അറിവ് എന്നത് രാമപുരത്തിന്റെ വികസനത്തിന് നാലമ്പലം ഒരു ഭാഗമാണ്. കാരണമായി ചൂണ്ടിക്കാണിക്കുന്നത്, നാലമ്പലം വന്നതിനുശേഷമാണ് 12 റോഡുകൾ കേരള ഗവൺമെന്റ് സീ കേരളം പദ്ധതിയിൽപ്പെടുത്തി 62 അര കോടി രൂപ മുടക്കി ടാറിങ് നടത്തിയത് . ഈ പഞ്ചായത്തിലെ വീതിയുള്ള മുഴുവൻ റോഡുകളും നവീകരിച്ചു. കാരണം നാലമ്പലത്തിലേക്ക് ആളുകളുടെ എണ്ണം വർദ്ധിക്കാൻ തുടങ്ങിയപ്പോൾ യാത്രാസൗകര്യം മെച്ചപ്പെടുത്തേണ്ടത് ആവശ്യമായി വന്നു. റോഡുകൾ വിപുലീകരിച്ചപ്പോൾ എല്ലാ മേഖലയിലെ ജനങ്ങൾക്കും അത് സൗകര്യപ്രദമായി. കച്ചവടം നടത്താനും, പെട്ടെന്നുള്ള യാത്രയ്ക്കും, ആളുകൾ കൂടുതൽ രാമപുരത്ത് താമസിക്കുന്നതിനും, ആദ്യകാലത്ത് വണ്ടികൾ അധികം സുലഭം അല്ലായിരുന്നു, പിന്നെ നാല് അമ്പലത്തിലേക്ക് ആളുകളുടെ എണ്ണം വർധിച്ചപ്പോൾ, കർക്കിടകമാസത്തിൽ ജീപ്പുകളിൽ ട്രിപ്പ് അടിച്ച് ആളുകളെ കൊണ്ടുവന്നിരുന്നു. ഇതൊരു തീർത്ഥാടനം ആയി കഴിഞ്ഞപ്പോൾ ജീപ്പുകളിൽ കൊള്ളുന്ന ആളുകളേക്കാൾ കൂടുതൽ ആളുകൾ എത്താൻ തുടങ്ങിയപ്പോൾ ബസ് ആവശ്യമായി മാറി. ഇങ്ങനെ നാലമ്പലം ഗതാഗത സൗകര്യത്തിലൂടെ രാമപുരത്തിന്റെ വികനത്തിന്റെ ഭാഗമായി മാറി .ഈ സമകാലിന കാലഘട്ടത്തിൽ സാമൂഹ്യ, സാംസ്കാരിക രംഗങ്ങളിൽ നാലമ്പലത്തിന്ചരിത്ര പ്രാധാന്യം ഉള്ളത് കൊണ്ട് തന്നെ കേരളത്തിലെ നാലമ്പലങ്ങളുടെ പഠനത്തിൽ ഇനിയും സാധ്യതകളേറി വരുന്നു.

# ഗ്രന്ഥസൂചിക

## പ്രാഥമിക ഉറവിടങ്ങൾ.


### അഭിമുഖം

* വിനു, കെ.കെ, പബ്ലിസിറ്റികൺവീനർ, നാലമ്പലദർശനകമ്മിറ്റി, 10,ഓഗസ്റ്റ്,2021

*രവി കുറ്റിപ്പുഴ, സാഹിത്യ പ്രവർത്തകനും, സാഹിത്യകാരനും അതോടൊപ്പം അധ്യാപകനായും, അധ്യാപക പരിശീലകനായും, വിദ്യാലയ മേധാവിയായും പ്രവർത്തിക്കുന്നു, 28,ജൂൺ,2021

### ദിന പത്രങ്ങൾ

- മലയാള മനോരമ, 14,ജൂലൈ,2021

### പ്രത്യേകപതിപ്പ്

- പുണ്യദർശനം, മംഗളം, പ്രത്യേക പതിപ്പ്, 2019

### ദ്വിതീയ ഉറവിടങ്ങൾ

- വലിയവീട്ടിൽ അനിൽകുമാർ, രാമായണം മാസവും നാലമ്പല തീർത്ഥാടനവും, ഡി.സിബുക്ക്സ്, കോട്ടയം ,2015
- ശശിഭൂഷൺ, എംജി,ദേശയചരിത്രം കേരളീയ ക്ഷേത്രങ്ങളിലൂടെ, വിജയദശമി, തിരുവനന്തപുരം,2017
- രവി,കുറ്റിപ്പുഴ, രാമായണ കഥകളും നാലമ്പലങ്ങളുംവി. മാക്സ്.ഓഫ്സെറ്റ് പ്രസ്സ്, വടക്കാഞ്ചേരി, 2017
- രാജേന്ദ്രൻ,പിജി,ക്ഷേത്ര വിജ്ഞാനകോശം, ഡിസി ബുക്ക്സ്, കോട്ടയം, 2000

- ഇളയത്,കുഞ്ഞിക്കുട്ടൻ,കേരളത്തിലെപ്രധാനക്ഷേത്രങ്ങളിലൂടെ, എച്ച്&സിപബ്ലിഷിംഗ്ഹൗസ്,തൃശ്ശൂർ,2002
- എരൂർ, കൊച്ചനിയൻ,ക്ഷേത്രങ്ങളിലൂടെ, ഷാരോൺ ബുക്സ്, ചേർത്തല
- സുകുമാരൻ, എൻ,നമ്പൂതിരിപ്പാട്, രാമപുരം ശ്രീരാമസ്വാമി ക്ഷേത്രം നാലമ്പല ദർശനം,രാമപുരം,2013.
- ടോം ബിനുമോൾ, ദി പേഴ്സണാലിറ്റി , ആൻഡ് സ്പിരിറ്റുമാലിറ്റിയോ ഓഫ് ദി ഹിന്ദു ടെംപ്ൾസ് ഇൻ കേരളം, വോളിയം 1, ചിറക്കര യൂണിവേഴ്സിറ്റി,2014.


## വെബ്ലിയോഗ്രാഫി


- https://www.hindublog.com, 8,July,2021,8.00am
- https://www.keralatourism.org, 1,January, 2021,2.15pm
- http://www.keralaculture.org,12,August, 2021,9.20am
- https://www.tripadvisor.in, 4, November, 2020,3.33pm
- https: //thrissurnic. In, 15,july, 2021,2.20pm
- http://www.krishnain.in,13,August, 2021.8.00pm


### നവീനമാധ്യമങ്ങളിൽ നിന്നുംലഭിച്ചവിവരങ്ങൾ


- താളിയോലമലയാളം,തൃപ്രയാർ ശ്രീരാമ ടെമ്പിൾ,3, ജൂൺ,2020.
- ശ്രീ നന്ദനം,തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം,23,നവംബർ,2019.
- മനോരമഓൺലൈൻ,നാലമ്പല ദർശനം കർക്കിടകത്തിലെപുണ്യം, 20,ജൂലൈ, 2015.
- ക്ഷേത്ര ദർശനം, പായമ്മൽശത്രുഘ്ന ക്ഷേത്രം,24, മെയ്,2021.
- പ്രദക്ഷിണം, നാലമ്പലം മാമലശ്ശേരി,22,ജൂലൈ, 2011.
- പ്രവീൺ യു. എസ്, മാമലശ്ശേരി ശ്രീരാമസ്വാമി ടെമ്പിൾ ( ടെലികാസ്റ്റട് ഇൻ സൂര്യ ടിവി – ക്ഷേത്രായനം),1. സെപ്റ്റംബർ, 2010.
- അമൃത ടെലിവിഷൻ, ഉദയാമൃതം,14,ഓഗസ്റ്റ്, 2017.

# അനുബന്ധം-1






**തൃശൂർ- എറണാകുളംജില്ലകളിലായി സ്ഥിതിചെയ്യുന്ന**

**മഹാക്ഷേത്രങ്ങളായ നാലമ്പലങ്ങൾ.**

# അനുബന്ധം-2

നാലമ്പലദർശന കമ്മിറ്റിയുടെ പബ്ലിസിറ്റി കൺവീനർ ആയ വിനു കെ. കെ ആയി രാമപുരത്തിന്റെ വികസനത്തിൽ നാലമ്പലത്തിന്റെ പങ്ക് എന്ന വിഷയത്തെക്കുറിച്ച് 10 ഓഗസ്റ്റ് രണ്ടായിരത്തി ഇരുപത്തിയൊന്നാം തീയതി രാവിലെ 10 കാല് മുതൽ പതിനൊന്നര വരെ അഭിമുഖം നടത്തി.

ചോദ്യകർത്താവ് : ആതിരപി. എസ്, ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി

ഉത്തര ദാതാവ് : വിനുകെ. കെ, നാലമ്പല ദർശന കമ്മിറ്റിയുടെ പബ്ലിസിറ്റി കൺവീനർ,വീട്ടുപേര്കൂട്ടുങ്കൽ, 45 വയസ്സ്, സ്ഥലംഅമനകര.

ആതിര: നമസ്കാരം

വിനു: ആ,

ആതിര: ഞാൻ ആതിര,പി.ജിയ്ക്ക് പഠിക്കുവാ

വിനു : ആ

ആതിര: എനിക്ക് നാലമ്പലത്തെക്കുറിച്ച് അറിയാൻ വേണ്ടി ആയിരുന്നു

വിനു : പറഞ്ഞോ

ആതിര:ചേട്ടന്റെ ശരിക്കും പേര്

വിനു :വിനു

ആതിര: ചേട്ടൻ അമനകര അമ്പലത്തിലെ സെക്രട്ടറിയല്ലേ?

വിനു : അമനകര ക്ഷേത്രത്തിലെസെക്രട്ടറിയായിരുന്നു. ഇപ്പോൾട്രഷറർ ആണ്. പിന്നെ നാല് അമ്പലങ്ങളിൽകൂടെ ഒരു കമ്മിറ്റി ഉണ്ട്. കോർടിനേഷൻ കമ്മിറ്റി അതിന്റെപബ്ലിക്കൺവീനർആണ്.

ആതിര: ആ, വീട്ടുപേര്

വിനു : കൂട്ടുങ്കൽ

ആതിര: സ്ഥലം, രാമപുരം തന്നെയാണോ?

വിനു : ആ, അമനകര

ആതിര: ഞാൻഎന്റെപ്രൊജക്റ്റിന്റെചാപ്റ്റർ ആദ്യമേ പറയാം, ആദ്യത്തെ ചാപ്റ്റർ കേരളത്തിലെ നാലമ്പലങ്ങൾ, രണ്ടാമത്തെ ചാപ്റ്റർ രാമപുരം മിത്തുകളെക്കുറിച്ചുമാണ്. എനിക്ക് അറിയേണ്ട കാര്യം നാലമ്പലം നാടിന്റെ വികസനത്തിന് അല്ലെങ്കിൽ പുരോഗതിക്ക് ഒരു ഭാഗംആയിരുന്നോ?

വിനു : ആം, അത് ഉണ്ടായിട്ടുണ്ട് . കാരണം നാലമ്പലം വന്നതിനുശേഷമാണ് 12 റോഡുകൾകേരള ഗവൺമെന്റ് സീ കേരളം പദ്ധതിയിൽപ്പെടുത്തി 62അരകോടി രൂപ മുടക്കി ടാറിങ് നടത്തി.ഈ പഞ്ചായത്തിലെ വീതിയുള്ള മുഴുവൻ റോഡുകളും.

ആതിര: ആം

വിനു : അതാണ് പൊതുവേ പൊതു രംഗത്തുണ്ടായ വികസനം

ആതിര: നേരത്തെ ജീപ്പ് ഒക്കെ അല്ലായിരുന്നോ അങ്ങോട്ടേക്ക് വന്നുകൊണ്ടിരുന്നത്.

വിനു : ആ

ആതിര: പിന്നെ ബസ് റൂട്ട് ആയി മാറിയില്ലേ

വിനു : ആ, അത് ബസ് റൂട്ട് ആയി, ജീപ്പിലെ കുറെ ആൾക്കാർ ആയിരുന്നു വന്നുകൊണ്ടിരുന്നത്. ഇപ്പോൾ പിന്നെ ബസ് റൂട്ട് ആയി. നാലു വഴിയും ബസ് റൂട്ട് ആയി. ആ വഴി മാത്രമല്ല, 12 റോഡുകൾ

ആതിര: ആ

വിനു : 62 കോടി രൂപ മുടക്കി പബ്ലിക് എല്ലാം നല്ല രീതിയിൽ പ്രയോജനം ചെയ്തു.

ആതിര: ആം. കടകളും സ്ഥാപനങ്ങളും, അങ്ങനെ ജോലിക്കാരും എന്തെങ്കിലും ഇമ്പ്രൂവ്ഡ്ആയിട്ടുണ്ടോ?

വിനു : കടകളെല്ലാം ഇതനുസരിച്ച് കൂടിയിട്ടുണ്ട്. കാരണം ഒരു സമയത്ത് അല്ലെങ്കിൽ ഒരു മാസം ലക്ഷക്കണക്കിന് ആൾക്കാർ വരുന്നുണ്ട്.

ആതിര: കർക്കിടക മാസം മാത്രമാണോകടകൾ വരുന്നത്അല്ല എല്ലാ സമയത്തുംകടകൾ ഉണ്ടാകാറുണ്ടോ? അല്ലെങ്കിൽ ഉള്ള കടകൾകർക്കിടകസമയത്ത് അല്ലാതെ ബാക്കി സമയങ്ങളിൽ ഒക്കെ തുറക്കാറുണ്ടോ?

വിനു : സാധാരണ സമയത്തൊക്കെ നോർമൽ ആയിട്ട് ഉള്ള കടകൾ മാത്രമേ തുറക്കാറുള്ളൂ.

ആതിര: ആ.

വിനു : പക്ഷേകർക്കിടകമാസത്തിൽഅഡീഷനൽ ആയിട്ട് 4 അമ്പലങ്ങളിലും കടകൾ വരും. ഈ സമയത്ത് എല്ലാ കടകളും തുറക്കും.

ആതിര: അമ്പലത്തിൽജോലിക്കാർഒത്തിരിപേരുണ്ടോ?

വിനു : അമ്പലത്തിൽ ഇപ്പോൾ നോർമൽ ജോലിക്കാരെ കാൾ കർക്കിട മാസത്തിൽ അഡീഷണൽ ആയി ഉണ്ടാവും. സാധാരണയായി മേൽശാന്തി കീഴ്ശാന്തി ഇങ്ങനെ രണ്ടുപേർ ആണ്ഉണ്ടാവുക.

ആതിര: മം

വിനു : കർക്കിടക മാസത്തിൽ7 പേരൊക്കെ ഉണ്ടാകാറുണ്ട്.

ആതിര: മറ്റ്ജീവനക്കാരോ?

വിനു : മാലകെട്ടുന്നവർഎല്ലാം ആൾക്കാർ കൂടുതലുണ്ടാവും.

ആതിര: മ്മ്

വിനു : പിന്നെ അമ്പലത്തിലെ ഈ സമയങ്ങളിൽ പുറം പണിക്കാർക്ക് ടൈൽഇടാനും മറ്റുമായും, അമ്പലത്തിൽ പന്തൽ ഇടാനും അങ്ങനെ ജോലികളൊക്കെ ഉണ്ട്

ആതിര: ആ, ചെലവും കാര്യങ്ങളും

വിനു : അതൊക്കെ ഗവൺമെന്റ് ഒരു കോടി രൂപ നാലമ്പലത്തിനു വേണ്ടി അനുവദിച്ചിട്ടുണ്ട്.

ആതിര: അപ്പോൾ അതിൽ നിന്നാണോ പൈസ എല്ലാം പോകുന്നത് ?

വിനു : ആ,അതിൽ നിന്നാണ്.പിന്നെ ടോയ്‌ലറ്റുകൾ ഉണ്ടാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച്ടോയ്‌ലറ്റുകൾഉണ്ടാക്കിയത്. എല്ലാവർക്കും ആവശ്യമായ രീതിയിൽ.

ആതിര: അമ്പലത്തിനെ ചുറ്റിപ്പറ്റിഅല്ലെഅടുത്തുള്ള കടകളെല്ലാം നിലനിൽക്കുന്നത്?

വിനു : അതെ അതെ. ഇത് തനിനാട്ടുമ്പുറം അല്ലേ, അമനകര,കൂടപ്പുലം,മേയ്ക്കിരി എല്ലാം മാറ്റംവന്നു.

ആതിര: പഴയതിനേക്കാൾ പുരോഗമനം ഉണ്ടായിട്ടില്ലേ?

വിനു : ആ, ഒരുപാട് മാറ്റങ്ങൾ വന്നിട്ടുണ്ട് പുരോഗമനം ഉണ്ടായിപഴയതിനേക്കാൾ മെച്ചപ്പെട്ടു എന്ന നിലയ്ക്ക് മാറ്റങ്ങൾ വന്നിട്ടുണ്ട്.

ആതിര: പറയത്തക്ക വലിയ മാറ്റം ഉണ്ടായിട്ടുണ്ടോ

വിനു : മാറ്റങ്ങളുണ്ടായിട്ടുണ്ട്. ഇത് സീസണൽ ആയിട്ടുള്ള ആയതുകൊണ്ട്, ഒരു മാസം അല്ലേ കൂടുതൽ ആയിട്ടും ആളുകൾ വരുന്നത്.

ആതിര: അതെ .

വിനു : എന്നാലും ആ ഒരു മാസത്തെ ആളുകളുടെ എണ്ണം വളരെ പ്രധാനപ്പെട്ടതും, എണ്ണം കൂടുതലുമാണ് അത് കണക്കിലെടുത്താണ് റോഡ് വികസനം പ്രധാനമായി വന്നത്.

ആതിര: രാമപുരംഎന്ന പ്രദേശം എടുത്തുകഴിഞ്ഞാൽ നാലമ്പലം വികസനത്തിലേക്ക്, കൊണ്ടു പോയിട്ടുണ്ടോ. രാമപുരത്തിന്റെവികസനത്തിന് നാലമ്പലം ഭാഗമായിട്ടുണ്ട് എന്ന് പറയാൻ കഴിയുമോ

വിനു : അത് പിന്നെ പറയാൻ പറ്റൂമല്ലോ, റോഡിന്റെ വികസനമെന്നത് ചെറിയൊരു വികസനമല്ല. 62അരകോടി രൂപയുടെ വികസനമാണ്.

ആതിര: തൃശ്ശൂരിലെയും മറ്റ് നാലമ്പലങ്ങളെഅപേക്ഷിച്ച് , രാമപുരത്തെ 4 അമ്പലത്തിലേക്ക് ആളുകൾകൂടുതൽ വരാനുള്ള കാരണം?

വിനു : അത്, അടുത്തടുത്താണ് അമ്പലം പ്രധാന അവിടെ സ്ഥിതി ചെയ്യുന്നത്. അമ്പലങ്ങളിൽ ഉച്ചപൂജയ്ക്ക് മുൻപ്ദർശനം നടത്തണം എന്നാണ് പറയുന്നത്.

ആതിര: ആ

വിനു : മറ്റ് സ്ഥലങ്ങളിൽ ദൂരം കൂടുതലായതിനാൽ അങ്ങനെ പറ്റത്തില്ല. ഉച്ചപൂജയ്ക്കു മുമ്പ് തീരത്തില്ല.

ആതിര: മ്മ്

വിനു : ഇവിടെ ആകുമ്പോൾ മൂന്നു കിലോമീറ്റർ അല്ലെങ്കിൽ മൂന്നര കിലോമീറ്ററിൽ ആണ് ഓരോ ക്ഷേത്രവുംതമ്മിൽ. രണ്ട് മണിക്കൂറിനുള്ളിൽ ക്ഷേത്രദർശനം പൂർത്തിയാക്കാൻ പറ്റും.

ആതിര: ഉച്ചപൂജക്ക് മുൻപ്നാലമ്പലം തൊഴണം എന്ന്പറയുന്നതിന് പിന്നിലുള്ള ഐതിഹ്യം എന്ത്

വിനു : ഉച്ചയ്ക്ക് ശേഷം മേതിരി ശത്രുഘ്ന ക്ഷേത്രത്തിൽ ഭാവമാറ്റം ഉണ്ട്. ഉച്ചക്ക്ശേഷം സന്താനഗോപാലകൃഷ്ണന്റെ ഭാവമാണ്.ആചാരവിധി പ്രകാരം അങ്ങനെയാണ് പറയുന്നത്.

ആതിര: ആമ്, മറ്റ് ക്ഷേത്രങ്ങളിൽ ഇല്ലാത്തഒരുപ്രത്യേകത രാമപുരത്തിന്ഉണ്ട്. രാമൻ, ലക്ഷ്മണൻ, ഭരതൻ,ശത്രുഘ്നൻ എന്നാണ് ഇവിടെ. എന്നാൽ മറ്റു ക്ഷേത്രങ്ങളിൽ രാമൻ, ഭരതൻ, ലക്ഷ്മണൻ,ശത്രുഘ്നൻഎന്നാണ്. അതെന്താണ് ആ ഒരു ക്രമം വരാനുള്ള കാരണം?

വിനു : മറ്റ് അമ്പലങ്ങളിൽ ശ്രീരാമൻ ജനിച്ച ശേഷം ഭരതനാണ് ഉണ്ടായത്, അതിനുശേഷം ലക്ഷ്മണൻഇങ്ങനെ പ്രായത്തിന്റെഅനുസരിച്ചാണ് മറ്റ് ക്ഷേത്രങ്ങളിൽ നാലമ്പല ദർശന ക്രമം.

ആതിര: ആ

വിനു : ലക്ഷ്മണനാണ് രാമന്റെ കൂടെ എപ്പോഴും ഉണ്ടായിരുന്നത്, നേരെ അനിയൻ ഭരതൻ ആണെങ്കിലും, ശ്രീരാമന് കൂടുതൽ അടുപ്പം ലക്ഷ്മണനോട് ആയിരുന്നു.അത് വച്ചാണ് ലക്ഷ്മണൻ രാമന്റെ അടുത്ത് വരണം എന്ന് വാശി പിടിച്ചു.രാമന്റെ കൂടെ എപ്പോഴും ലക്ഷ്മണൻ ഉണ്ടാകണമെന്ന് ആഗ്രഹിച്ചു . അങ്ങനെരാമന്റെ അടുത്ത് ലക്ഷ്മണൻ വന്നു.

ആതിര: മ്മ്

വിനു : പിന്നെ ഇവിടുത്തെ ദർശനക്രമത്തിന് എളുപ്പം ഇതുതന്നെയാണ്. എളുപ്പം നോക്കിയിട്ട്മാത്രമല്ല. ഇതാണ് അതിന്റെ പ്രധാന ഒരു ഘടകം.

ആതിര: ഹിന്ദു വിഭാഗത്തിൽ അല്ലാതെ മറ്റു വിഭാഗത്തിന് ക്ഷേത്രപ്രവേശനം ഉണ്ടോ?

വിനു : പ്രത്യേകിച്ച് നമ്മൾഹിന്ദു വിഭാഗത്തിന് മാത്രം കയറാവൂ എന്നനിയമം പറയുന്നില്ല.

ആതിര: എല്ലാ വിഭാഗവും കയറാറുണ്ടോ?

വിനു : തീർത്ഥാടന സമയങ്ങളിൽ നിരവധി ആളുകൾ കയറാറുണ്ട്. ടൂർ പോലെയൊക്കെ നിരവധി ആളുകൾ വരാറുണ്ട്.

ആതിര: ആണല്ലേ.പണ്ട് റെജിസ്ട്രേഷൻ, രസീതുകൾ അങ്ങനെ കാര്യങ്ങളൊക്കെ ഉണ്ടായിരുന്നോ?

വിനു : എന്ന് വെച്ചാൽ എന്താ ഉദ്ദേശിച്ചത്?

ആതിര : എന്നെവച്ചാൽ എണ്ണയുടെ രസീത്, അമ്പലത്തിലേക്ക് ലഭിക്കുന്ന വരുമാനം മാർഗങ്ങളുടെ കണക്കുകളുടെരസീത്, അങ്ങനെ എഴുതി വെക്കാൻ രജിസ്ട്രാർ കാര്യങ്ങൾ ഉണ്ടായിരുന്നോ?

വിനു : അത് പണ്ട് ഉണ്ടായിരുന്നു. ഇപ്പോൾ എല്ലാം കമ്പ്യൂട്ടറിൽ ആണ്.

ആതിര: പണ്ടത്തെ കണക്കുകളും കാര്യങ്ങളും ഇപ്പോഴും ലഭ്യമാണോ, സൂക്ഷിച്ചു വെച്ചിട്ടുണ്ടോ?

വിനു : ഒരുപാട് നശിച്ചുപോയി, കേടുപാടുകൾ നഷ്ടങ്ങളും ഒക്കെ വന്നു. എന്നാലുംനൂറു വർഷം പഴക്കമുള്ള സാധനങ്ങളൊന്നുംഅധികംകാണില്ല. എന്നാലും10,40 വർഷം പഴക്കമുള്ള സാധനങ്ങളും രേഖാകളുംഎന്റെ കൈവശമുണ്ട്.

ആതിര: എനിക്കേവേണ്ടി ഇത്രയുംസമയം കണ്ടെത്തിയതിനു നന്ദി.

വിനു : ആ. ഓക്കേ

രാമപുരം ക്ഷേത്രത്തിലെജീവനക്കാരനാണ്വിനുകൂട്ടുങ്കൽ. ഇദ്ദേഹം 13 വർഷമായിരാമപുരംനാലമ്പലത്തിൽജോലിചെയ്യുകയാണ്. ആദ്യം ഇദ്ദേഹംഅമനകര ക്ഷേത്രത്തിലെസെക്രട്ടറിയായിരുന്നു. ഇപ്പോൾഇദ്ദേഹംട്രഷറർ ആണ്. പിന്നെ നാല് അമ്പലങ്ങൾക്കുംകൂടെ ഒരു കമ്മിറ്റി ഉണ്ട്കോർടിനേഷൻ കമ്മിറ്റി,അതിന്റെ പബ്ലിക് കൺവീനർ ആണ്.ഇപ്പോഴും സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്. സ്ഥാപനത്തിൽ ഇത്രയും വർഷം സേവനം പൂർത്തീകരിച്ചതിന്റെഅറിവും അതോടൊപ്പം വിഷയത്തെക്കുറിച്ച് ബോധ്യവും,അടുക്കും ചിട്ടയും ആയും,പ്രധാനപ്പെട്ട വിവരങ്ങൾ മാത്രം അടിസ്ഥാനമാക്കി വിശ്വസനീയമായ രീതിയിൽ ആണ്അദ്ദേഹം അഭിമുഖത്തിൽ സഹകരിച്ചത്.

ഇദ്ദേഹത്തിൽ നിന്നും ലഭിച്ച മികവുറ്റ അറിവ് എന്നത്രാമപുരത്തിന്റെവികസനത്തിന് നാലമ്പലംഒരുഭാഗമാണ്. കാരണമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്,നാലമ്പലം വന്നതിനുശേഷമാണ് 12 റോഡുകൾ കേരള ഗവൺമെന്റ് സീ കേരളം പദ്ധതിയിൽപ്പെടുത്തി 62അര കോടി രൂപ മുടക്കി ടാറിങ് നടത്തിയത്. ഈ പഞ്ചായത്തിലെ വീതിയുള്ള മുഴുവൻ റോഡുകളുംനവീകരിച്ചു.കാരണംനാലമ്പലത്തിലേക്ക് ആളുകളുടെ എണ്ണം വർദ്ധിക്കാൻ തുടങ്ങിയപ്പോൾ യാത്രാസൗകര്യം മെച്ചപ്പെടുത്തേണ്ടത്ആവശ്യമായി വന്നു. റോഡുകൾ വിപുലികരിച്ചപ്പോൾ എല്ലാ മേഖലയിലെ ജനങ്ങൾക്കും അത്

സൗകര്യപ്രദമായി. കച്ചവടം നടത്താനും, പെട്ടെന്നുള്ള യാത്രയ്ക്കും, ആളുകൾ കൂടുതൽ രാമപുരത്ത് താമസിക്കുന്നതിനും, ആദ്യകാലത്ത് വണ്ടികൾ അധികം സുലഭംഅല്ലായിരുന്നു, പിന്നെ നാല് അമ്പലത്തിലേക്ക് ആളുകളുടെ എണ്ണം വർധിച്ചപ്പോൾ, കർക്കിടകമാസത്തിൽ ജീപ്പുകളിൽ ട്രിപ്പ് അടിച്ച്ആളുകളെ കൊണ്ടുവന്നിരുന്നു. ഇതൊരു തീർത്ഥാടനം ആയി കഴിഞ്ഞപ്പോൾ ജീപ്പുകളിൽ കൊള്ളുന്ന ആളുകളേക്കാൾ കൂടുതൽ ആളുകൾ എത്താൻ തുടങ്ങിയപ്പോൾ ബസ് ആവശ്യമായി മാറി. ഇങ്ങനെ നാലമ്പലം ഗതാഗത സൗകര്യത്തിലൂടെ രാമപുരത്തിന്റെവികനത്തിന്റെ ഭാഗമായി മാറി.

ഗതാഗത രംഗത്ത് മാത്രമല്ല അമ്പലത്തിൽ ആളുകളുടെ എണ്ണം വർദ്ധിക്കുമ്പോൾ, അമ്പലത്തെ ചുറ്റിപ്പറ്റി ജോലിചെയ്യുന്ന ജീവനക്കാർക്കും അത് ഗുണഫലം ആയിമാറുകതന്നെ ചെയ്തു.കർക്കിടക മാസം ആകുമ്പോൾ അമ്പലം പുതുക്കി പണിയാൻ ഉണ്ട്. അവിടെ ചുറ്റിപ്പറ്റി നിരവധി പേർക്ക്ജോലിലഭിക്കുന്നു. അമ്പലത്തിൽസാധാരണയായി രണ്ടു ശാന്തിമാർആണ്ഉള്ളത്, കർക്കിടകമാസത്തിൽ കുറച്ചുകൂടിശാന്തിമാർ എത്തുന്നു.മാല കെട്ടുന്നവരുടെ എണ്ണം സാധാരണ ഗതിയിൽ നിന്നും വർദ്ധിച്ചു. ഈ ഒരു നിശ്ചിത കാലയളവിൽമാത്രമായുംചെറിയ കടകൾക്ഷേത്രങ്ങളുടെ സമീപത്ത് സ്ഥിതി ചെയ്യാറുണ്ട്.

സാഹിത്യ പ്രവർത്തകനും, സാഹിത്യകാരനും അതോടൊപ്പം അധ്യാപകനായും, അധ്യാപക പരിശീലകനായും, വിദ്യാലയ മേധാവിയായും പ്രവർത്തിക്കുന്നകുറ്റിപ്പുഴ രവി എം. എ.എം. എഡ്ഉംആയിരാമപുരത്തിന്റെവികസനത്തിൽ നാലമ്പലങ്ങളുടെപങ്ക് എന്ന വിഷയത്തെക്കുറിച്ച് 28, ജൂൺ, രണ്ടായിരത്തി ഇരുപത്തിയൊന്നാം തീയതിഉച്ചയ്ക്ക് 2 മണി മുതൽമൂന്നര വരെഅഭിമുഖം നടത്തി.

ചോദ്യകർത്താവ് : ആതിര പി.എസ്, ബിരുദാനന്തര ബിരുദ വിദ്യാർഥിനി

ഉത്തര ദാതാവ് : സാഹിത്യ പ്രവർത്തകനും, സാഹിത്യകാരനും അതോടൊപ്പം അധ്യാപകനായും, അധ്യാപക പരിശീലകനായും, വിദ്യാലയ മേധാവിയായും പ്രവർത്തിക്കുന്ന കുറ്റിപ്പുഴ രവി എം. എ. എം. എഡ്, വീട്ടുപേര് തിരുത്തിശ്ശേരി മംഗലത്ത് തറവാട്, വയസ്സ് 78, സ്ഥലം വടക്കാഞ്ചേരി.

ആതിര : നമസ്കാരം സാർ

കുറ്റിപ്പുഴ രവി : ആ

ആതിര : എന്റെ പേര്ആതിര, ഞാൻ പി. ജിയ്ക്ക്മേലുകാവ്കോളേജിൽ പടിക്കുവാ.

കുറ്റിപ്പുഴ രവി : ആ.

ആതിര: സാഹിത്യകാരൻ എന്ന നിലയിൽ ആണോ അറിയപ്പെടുന്നത്. അതോ മറ്റേതങ്കിലും മേഖലയിൽ ചുവടൈചിട്ടുണ്ടോ?

കുറ്റിപ്പുഴ രവി : സാഹിത്യ പ്രവർത്തകനും, സാഹിത്യകാരനും അതോടൊപ്പം അധ്യാപകനായും, അധ്യാപക പരിശീലകനായും, വിദ്യാലയ മേധാവിയായും45 വർഷത്തെ സേവന പാരമ്പര്യം ഉണ്ട്.

ആതിര : ആഹ്മ്.സ്ഥലം,വീട്ട്പേര്എന്താ?

കുറ്റിപ്പുഴ രവി: ആലുവ താലൂക്കിൽതുരുത്തിശ്ശേരി മംഗലത്ത് തറവാട്ടിൽ നാരായണി അമ്മയുടെയും കാഞ്ഞിരംപറമ്പ് ശേഖരപണിക്കരുടെയും പുത്രനാണ്.

ആതിര : വയസ്സ്

കുറ്റിപ്പുഴ രവി : 78

ആതിര : സാർ, ഞാൻഈതവണപ്രൊജക്റ്റ്ചെയ്യുന്നടോപ്പിക്ക്നാലമ്പലംആണ്.

കുറ്റിപ്പുഴ രവി: ഞാൻരാമായണകഥകളും നാലമ്പലങ്ങളുംഎന്നബുക്ക് എഴുതിയിട്ടുണ്ട്.

ആതിര : ആഹ്, ഞാൻആബുക്ക്വായിച്ചു. എനിക്ക് കുറച്ചു ഡീറ്റെയിൽ ആയിട്ട് അറിയാൻ വേണ്ടി ആണ് ഈഇന്റർവ്യൂ നടത്തുന്നത്. എന്റെ ടോപിക്കിനെ പരിചയപ്പെടുത്താം മൂന്ന് ചാപ്റ്റർ ആയി ആണ് ചെയ്യുന്നത്. ആദ്യത്തെ ചാപ്റ്റർ കേരളത്തിലെ നാലമ്പല ക്ഷേത്രങ്ങൾ, രണ്ടാമത്തെ ചാപ്റ്റർ നാലമ്പലത്തിന്റെ രൂപീകരണത്തിനും തീർത്ഥാടനത്തിനും പിന്നിലെ പുരാണം. മൂന്നാമത്തെ ചാപ്റ്റർ കോട്ടയത്തെ നാലമ്പലം.

കുറ്റിപ്പുഴ രവി : ഇതിന്റെ എല്ലാകാര്യങ്ങളും ആ ബുക്കിൽ ഉണ്ട്.

ആതിര : കേരളത്തിലെ എല്ലാ അമ്പലങ്ങളെ കുറിച്ചും പറയുന്നില്ല.

കുറ്റിപ്പുഴ രവി: പ്രസിദ്ധമായ കേരളത്തിലെ നാലമ്പലങ്ങളെ കുറിച്ച് പറയുന്നുണ്ട്.

ആതിര : ആമ് പ്രസിദ്ധമായതുണ്ട്. ഇരിഞ്ഞാലക്കുട കൂടൽമാണിക്യം എന്നീ ക്ഷേത്രങ്ങൾ ഒക്കെ ഉണ്ട്.

കുറ്റിപ്പുഴ രവി : പ്രധാനപ്പെട്ട ശ്രീരാമന്റെ അമ്പലം, ലക്ഷ്മണന്റെ അമ്പലം ഉണ്ട്.

ആതിര : ഉണ്ട്

കുറ്റിപ്പുഴ രവി : വേറെ ഒന്ന് രണ്ട് ശ്രീരാമ ക്ഷേത്രങ്ങളെ കുറിച്ച് പറയുന്നുണ്ട്. വിശദീകരിക്കുന്നുണ്ട്.

ആതിര: ആം പറയുന്നുണ്ട്. കൂടാതെ ഗരുഡൻ പാറയെ കുറിച്ചും.

കുറ്റിപ്പുഴ രവി: ആ

ആതിര: അതൊക്കെ എഴുതി.

കുറ്റിപ്പുഴ രവി : ഇതിന്റെ പ്രധാന കാരണം ഭൂമിശാസ്ത്രപരവും, സാംസ്കാരികവും ആയി കേരളചരിത്രത്തിൽ ഇടപഴകിയതും, സാമ്യം ഉള്ളതുമാണ് രാമായണ കഥകൾ. അഗസ്ത്യമുനി കേരളീയൻ ആയിട്ടാണ് അറിയപ്പെടുന്നത്,

ആതിര: ആണല്ലേ

കുറ്റിപ്പുഴ രവി : കേരളത്തിന്റെ സാംസ്കാരിക ചരിത്രം നോക്കുകയാണെങ്കിൽ ഏത് ഭരണകർത്താക്കളും അധിപൻ പരമ്പരാഗതം ആയിരിക്കും, ഭരതനും ശത്രുഘ്നനും ഒക്കെ നോക്കുകയാണെങ്കിൽ ഒരു വയസ്സ് മൂപ്പ് ഉണ്ടാകൂ.

ആതിര: ഏയ്

കുറ്റിപ്പുഴ രവി : ഒരു വയസ്സ് വ്യത്യാസം ഉള്ളൂ.

ആതിര: മറ്റ് അമ്പലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഈ ഒരു ഓർഡർ വരാൻ എന്താ കാരണം?

കുറ്റിപ്പുഴ രവി: അത് അവരുടെ പ്രായമനുസരിച്ചിട്ട്.

ആതിര: പ്രായം അനുസരിച്ചാണോ?

കുറ്റിപ്പുഴ രവി :ആം. ശ്രീരാമൻ മൂത്തത്, പിന്നെ ഒരു ദിവസം കഴിഞ്ഞ് ഭരതൻ, പിന്നെ എങ്ങനെ.

ആതിര: അങ്ങനെയല്ലേ

കുറ്റിപ്പുഴ രവി : ഐതിഹ്യമനുസരിച്ച് ശ്രീരാമന്റെ കൂടെ നടക്കുന്നത് എപ്പോഴും ലക്ഷ്മണൻ ആണല്ലോ

ആതിര: അതെ ലക്ഷ്മണനാണ്

കുറ്റിപ്പുഴ രവി : ആ അമ്പലം ഇരിക്കുന്ന സ്ഥലം കൂടപ്പുലം എന്നാണല്ലോ

ആതിര: അതെ. കൂടെപൊലിക്കുന്നവൻ എന്നാണോ

കുറ്റിപ്പുഴ രവി : അതെ. അങ്ങനെ ആകാം എന്ന് നമുക്ക് പറയാൻ പറ്റൂ, ശാസ്ത്രീയമായിട്ട് പറയാൻ പറ്റില്ല കാരണം ഐതിഹ്യം ആണല്ലോ.

ആതിര: അതെ.

കുറ്റിപ്പുഴ രവി : വിശ്വാസം കൊണ്ട് ഇങ്ങനെ ചെയ്യുന്നേ എന്ന് പറയാൻ പറ്റുള്ളൂ.

ആതിര: ആം.

കുറ്റിപ്പുഴ രവി : ആ അഡ്വക്കറ്റ് വിളിച്ചു കഴിഞ്ഞാൽ കൂടുതലായി അറിയാൻ കഴിയും.

ആതിര: ആ. കൂടുതൽ അറിയായിരിക്കും അല്ലേ. പിന്നെ എനിക്ക് ചോദിക്കാനുള്ളത്. നാലമ്പലംവരാനുള്ള കാരണം സാഹചര്യം എന്താണെന്നറിയാമോ.

കുറ്റിപ്പുഴ രവി: നാലമ്പലം കർക്കിടകമാസത്തിൽ ശ്രീരാമനെ ധ്യാനിച്ച് കഴിഞ്ഞാൽ, എന്റെ ആ ബുക്കിൽ തന്നെ പറയുന്നുണ്ട്, മനശുദ്ധി ഉണ്ടാകും ഓരോ ഗുണങ്ങൾ പറയുന്നുണ്ട്.

ആതിര: അതു പറയുന്നുണ്ട്, അല്ല വരാനുള്ള കാരണം ആദ്യമായി തൃശ്ശൂർ ആണല്ലോ നാലമ്പലം പണിതത്. നാലമ്പലം എങ്ങനെ എന്തുകൊണ്ട് വന്നു. മറ്റു ക്ഷേത്രങ്ങളിൽ നിന്നും വ്യത്യസ്തമായി രാമന്റെ അടുത്ത് ലക്ഷ്മണൻ വരാനുള്ള കാരണം

കുറ്റിപ്പുഴ രവി : അത് ശ്രീരാമന്റെ സന്തതസഹചാരിയാണ് ലക്ഷ്മണൻ. ഭരതൻ കൂടെ പോകുന്നില്ലെങ്കിലും യഥാർത്ഥത്തിൽ ലക്ഷ്മണനെക്കാൾ കൂടുതൽ ഭക്തനാണ് ഭരതൻ.

ആതിര:മം

കുറ്റിപ്പുഴ രവി: ശ്രീരാമൻ പോയ ശേഷം രാജാവ് ആയ ആളാണ് ഭരതൻ. രാജാവായി അഭിഷേകം ചെയ്യാൻ പോയി. എനിക്ക് രാജ്യം വേണ്ട എന്നും പറഞ്ഞു ഇന്നത്തെ അധികാരികൾ എല്ലാം തങ്ങൾക്ക് അധികാരം കിട്ടാൻ മറ്റുള്ളവരെ ചവിട്ടി പുറത്താക്കുന്നതാണല്ലോ. അധികാരം വന്നു ചേർന്നിട്ട്,അധികാരം വേണ്ടെന്ന് പറഞ്ഞ് ജേഷ്ഠന്റെ ദാസനായി സന്യസിച്ച്, ആഡംബരങ്ങൾ ഇല്ലാതെ, കൊട്ടാരത്തിലെ എല്ലാ സുഖ സൗകര്യങ്ങളും ഉപേക്ഷിച്ച് ഭരിച്ചു.

ആതിര: ആം

കുറ്റിപ്പുഴ രവി : അങ്ങനെ ഭരിച്ചിട്ടും അന്നുണ്ടാകുന്നതിനേക്കാൾ പതിൻമടങ്ങ് സമ്പത്ത് വർദ്ധിപ്പിക്കാൻ കഴിഞ്ഞു, ഏറ്റവും പ്രജാക്ഷേമ പരമായ രാജാവാണ് ഭരതൻ.

ആതിര: ആം

കുറ്റിപ്പുഴ രവി: നിസ്വാർത്ഥനാണ് ഭരതൻ.

ആതിര: ആം, സ്ത്രീകൾക്ക് പ്രവേശനം ഉണ്ടായിരുന്നോ അമ്പലത്തിൽ, തുടക്ക കാലംതൊട്ട്

കുറ്റിപ്പുഴ രവി: അതിപ്പം അമ്പലത്തിൽ കേറിയതിനെക്കുറിച്ച് രാമായണത്തിൽ ഉണ്ട്. വസിഷ്ഠന്റെ ഭാര്യ കേറിയതിനെക്കുറിച്ച് പറയുന്നുണ്ടല്ലോ, സ്ത്രീകളുടെ പ്രവേശന നിരോധനം അത് ഇടക്കാലത്ത് വന്നതാണ്.

ആതിര: എല്ലാ കാസ്റ്റിൽ ഉള്ളവർക്കും കയറാമായിരുന്നോ?

കുറ്റിപ്പുഴ രവി : ജാതിയിലെ താൻ ആണെങ്കിലും അവർ ഭക്ഷിച്ചതിന്റെ ഭക്ഷണം കഴിക്കുന്നതിനെ കുറിച്ച് പറയുന്നുണ്ടല്ലോ ശബരിടെ അതിൽ . ആ കാലത്ത് വേദങ്ങൾ ഉണ്ടാകുന്ന സമയത്ത് ഇങ്ങനെ ജാതി വ്യത്യാസം ഒന്നും ഉണ്ടായിരുന്നില്ല.

ആതിര: ആ

കുറ്റിപ്പുഴ രവി :പിന്നീട് വന്ന് കഴിഞ്ഞ് ആധിപത്യം സ്ഥാപിക്കാൻ വേണ്ടിയും, സമ്പത്ത് കിട്ടാനും ബ്രാഹ്മണർ ഒക്കെ മനപ്പൂർവം ഉണ്ടാക്കിയതാണ് ജാതിവ്യത്യാസം.

ആതിര: ആം. പിന്നെ ഈ...

കുറ്റിപ്പുഴ രവി: അതിനെപ്പറ്റി അന്ന് രേഖപ്പെടുത്താത് കാരണം ആണ്. പുസ്തകങ്ങളുടെ വായിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് അന്ന് ജാതി വ്യത്യാസം ഉണ്ടായിരുന്നില്ല എന്നാണ്. ഇന്നത്തെ പോലെ സ്ത്രീകളെ അടിച്ചമർത്തുന്ന ചിന്തയും ഇല്ലായിരുന്നു

ആതിര: ആം, ഒരു പിൽഗ്രിമേജ് അല്ലെങ്കിൽ തീർത്ഥാടനം എന്ന നിലയ്ക്ക് എന്നാണ് നാലമ്പലം പ്രസിദ്ധമായത് ? അമ്പലം സ്ഥാപിച്ച ഉടനെ പ്രസിദ്ധമായി കാണുകയില്ലല്ലോ

കുറ്റിപ്പുഴ രവി: ആ കാലത്ത് ഉണ്ടായിരുന്നില്ല പക്ഷെ ട്രാൻസ്പോർട്ടേഷൻ വന്നതിനുശേഷം ടൂറിസ്റ്റ് മായി ബന്ധപ്പെട്ട്, വരുമാനമാർഗ്ഗമായി, അമ്പലഭക്തിയേക്കാൾ യഥാർത്ഥമായും വളർന്നത് വരുമാനമാർഗം ആയാണ്. അങ്ങനെയാണ് കൂടുതലാളുകളും അറിഞ്ഞത്

ആതിര: അങ്ങനെയാണോ പ്രസിദ്ധമായത്

കുറ്റിപ്പുഴ രവി: ആളുകൾ ആരും അറിഞ്ഞിരുന്നില്ല

ആതിര: ഇങ്ങനെ ഉണ്ടെന്നോ

കുറ്റിപ്പുഴരവി: ഉണ്ടെന്നും അറിഞ്ഞിരുന്നില്ല. ശ്രീരാമനെ മാത്രം അക്കാലത്ത് പൂജിച്ചിരുന്നുള്ളൂ, ലക്ഷ്മണനെയും, ശത്രുജ്ഞനെയും, ഭരതനെയും പൂജിക്കേണ്ടതെണെന്നും, ഇടക്കാലത്ത് ഹൈന്ദവ സംസ്കാരം ആദം പതിച്ചല്ലോ

ആതിര: ആഹ് ആ

കുറ്റിപ്പുഴ രവി : ശ്രീരാമൻ ലക്ഷ്മണൻ ഒക്കെ സമ്പത്ത് കൂട്ടി വെച്ചിരുന്നു എന്ന് പറഞ്ഞ് ഇന്ന് തെറ്റായ രീതിയിലാണ് വ്യാഖ്യാനിക്കുന്നത്, യഥാർത്ഥത്തിൽ കൂട്ടി വെച്ചിട്ടില്ല, എല്ലാം അത് ജനങ്ങൾക്ക് വേണ്ടിയാണ് ഉപയോഗിക്കുന്നത്.ശ്രീരാമനല്ല ഏത് രാജാവായാലും വസിഷ്ഠൻ എന്തുപറയുന്നു അതേ ചെയ്യുകയുള്ളൂ

ആതിര:ആ

കുറ്റിപ്പുഴ രവി : ജനകന്റെ കൊട്ടാരത്തിൽ രാജ്ഞി വത്ക്കരണം ഉണ്ടായിരുന്നു. മഹർഷിമാർ ഗുരുക്കന്മാരാണ്. നമ്മുടെ ഇപ്പോഴത്തെ മന്ത്രിമാരുടെ ഉപദേശകന്മാരെ പോലെ അവർ എന്ത് ചെയ്യുന്നു, എന്നെല്ലാം തീരുമാനിക്കാൻ വേണ്ടി അവർ ഒന്നിച്ചു കൂടും.

ആതിര: മം മം.

കുറ്റിപ്പുഴരവി : അവരൊന്നിച്ച് തീരുമാനിച്ചിട്ട് കാര്യങ്ങൾ ചെയ്യുള്ളൂ. നമ്മുടെ ആകുമ്പോൾ ഒരു മന്ത്രി ചെയ്യുന്ന മറ്റൊരു മന്ത്രിക്ക് താല്പര്യം ഉണ്ടാവുകയും ഇല്ലല്ലോ.

ആതിര: ആം

കുറ്റിപ്പുഴ രവി : പരമ്പര്യമായിട്ട് കിട്ടിയത് തന്നെ ആണെങ്കിലും രാജ്യ പദവി സ്വീകരിക്കുന്നതിനു മുൻപ് തന്നെ അധ്യക്ഷത വഹിക്കണം. ശ്രീകൃഷ്ണനും,ശ്രീരാമനും ഒക്കെ രാജകുമാരന്മാർ ആണെങ്കിലും അവർ മറ്റുള്ളവരുടെ കൂടെ നിന്ന് യോഗം, രാജ്യ കാര്യങ്ങളൊക്കെ പഠിച്ച ശേഷമാണ്. നമ്മുടെ മന്ത്രിമാർ പഠിച്ചവർ അല്ല.

ആതിര: ആം

കുറ്റിപ്പുഴ രവി : നമ്മുടെ മന്ത്രിമാർ വോട്ടു കുത്തി വന്നവരാണ് പഠിച്ചവരല്ല. രാജേന്ദ്ര ത്തെക്കുറിച്ച് പഠിച്ചിട്ടില്ല,നിയമം, ആയോധനകല എല്ലാം പ്രാവീണ്യം നേടിയവരാണ് പഴയ രാജാക്കന്മാർ.

ആതിര: ആഹ്. തീർത്ഥാടനം ഇങ്ങനെയുണ്ടെന്ന് അറിഞ്ഞ് കേട്ട് അറിഞ്ഞ് വന്നതാണോ?

കുറ്റിപ്പുഴ രവി: ആം, കേട്ടറിഞ്ഞു വന്നു പിന്നെ പുസ്തകങ്ങളിലൂടെ ഒക്കെ പ്രസിദ്ധികരിച്ചു അതിന് കൂടുതൽ പ്രചാരം കിട്ടി.

ആതിര: ട്രാൻസ്പോർട്ടേഷൻ ഇതിന്റെ ഭാഗമാണോ

കുറ്റിപ്പുഴ രവി: പണ്ടുകാലത്ത് യാത്ര സൗകര്യം ഉണ്ടായിരുന്നില്ലല്ലോ.

ആതിര: ആ ഒരുപാട് ഇല്ലായിരുന്നു.എന്നാലും ഒരു പത്ത് വർഷങ്ങൾക്ക് മുൻപ് വരെ ജീപ്പ് ഉണ്ടായിരുന്നു എന്നാണ് എന്റെ ഒരു നിഗമനം

കുറ്റിപ്പുഴ രവി : അത് ഉണ്ടായിരുന്നു. ആദ്യം ജീപ്പുകൾ ആയിരുന്നു ആളുകൾ വന്നിരുന്നത് പിന്നെ ആളുകളുടെ എണ്ണം വർധിച്ചപ്പോൾ ക്രമാതീതമായി ബസ്സ് വന്നു.

ആതിര: റോഡുകളുടെ വികസനം ഏത് മാർഗ്ഗമായിരുന്നു?

കുറ്റിപ്പുഴ രവി : ശ്രീരാമന്റെ ക്ഷേത്രം സാധാ ഒരു ക്ഷേത്രം പോലെ നിത്യേന പൂജകളും വഴിപാടുകളുംഉള്ളഒരു ക്ഷേത്രമാണ്. എന്നാൽ മറ്റ് മൂന്ന് ക്ഷേത്രങ്ങൾ കർക്കിടക മാസത്തിൽ മാത്രം പ്രചാരമുള്ളതും ആളുകളുടെഎണ്ണത്തിൽവർദ്ദനവ്ഉണ്ടാകുന്നതുമാണ്. ആ പ്രദേശത്തേക്ക് വാഹനസൗകര്യവുംറോഡുകളുടെ വികസനവുംനാലമ്പലത്തിന്റെ ഭാഗമായി ഉണ്ടായതാണ്.

ആതിര : നാലമ്പലത്തിന്റെ ജോഗ്രഫി നോക്കുകയാണെങ്കിൽ ഓരാ അമ്പലത്തിൽ നിന്നും മൂന്ന് അല്ലെങ്കിൽ മൂന്നര കിലോമീറ്റർ ചുറ്റപ്പെട്ട്ആണ് നിൽക്കുന്നത് അതിന് എന്തെങ്കിലും പ്രത്യേകത കാരണങ്ങളോഉണ്ടോ?

കുറ്റിപ്പുഴ രവി : ഒരു ദിവസം തന്നെ നാല് അമ്പലങ്ങളിലുംദർശനംനടത്തിയാൽ കൂടുതൽ നല്ലതാണ്

ആതിര: അതല്ല. അമ്പലങ്ങൾ ഇങ്ങനെ അടുത്ത് വരാൻ ജോഗ്രഫിക്കൽ ആയിട്ട് എന്തെങ്കിലും കാരണം ഉണ്ടോ എന്ന്? കൃത്യം ഇത്ര ചുറ്റളവിൽ വരുന്നത് എന്തെങ്കിലും പ്രത്യേക കാരണങ്ങൾഉണ്ടോ?

കുറ്റിപ്പുഴ രവി : ഉച്ചപൂജയ്ക്ക് മുമ്പ് എല്ലാവരെയും തൊഴണം അതിന് അടുത്തടുത്ത് അമ്പലങ്ങൾ സ്ഥിതി ചെയ്താൽ അല്ലേ പറ്റൂ അതുകൊണ്ട് ആകണം എന്ന് പറയാൻ നമുക്ക് പറ്റൂ. യുക്തിപൂർവ്വം പറയാൻ പറ്റില്ല.

ആതിര: മ്മ്

കുറ്റിപ്പുഴ രവി :ഓരോഅമ്പലങ്ങളുംകാണുന്നതിനെ കുറിച്ചും ദർശനം നടത്തുന്ന രീതികളും അതിനെയെല്ലാം കുറിച്ചുംഎന്റെപുസ്തകത്തിൽഎടുത്ത്പറയുന്നുണ്ട്.

ആതിര: ഓരോ അമ്പലങ്ങളിലും ഐതിഹ്യങ്ങൾ തമ്മിൽ വ്യത്യാസം ഉണ്ടല്ലോ.ഓരോഅമ്പലത്തിലും വ്യത്യസ്തം അല്ലേ?

കുറ്റിപ്പുഴ രവി : അത്രേഖപെടുത്തി വെക്കാത്ത കൊണ്ടുള്ളതാണ്. ഇത് നമ്മൾ പറയുന്നത് കേട്ട് എഴുതുന്നില്ല ചെയ്യുന്നത് പണ്ടത്തെ കാലത്ത് വാമൊഴി രൂപത്തിൽ അല്ലേ. ഒന്നാമത്തേത് ചിട്ട ആയിട്ടുള്ള ജീവിതം കുളിക്കുക പ്രാർത്ഥിക്കുക അങ്ങനെ വെറും അന്ധമായ വിശ്വാസം അല്ല.

ആതിര: കർക്കിടകമാസം നാലമ്പലം തമ്മിലുള്ള ബന്ധം, കർക്കിടമാസത്തിൽ ആണ് കൂടുതൽ ആളുകൾ ക്ഷേത്രത്തിൽ വരുന്നത്?

കുറ്റിപ്പുഴ രവി : അതിന് കാരണം ഭൂമി ശാസ്ത്രം അനുസരിച്ച് നോക്കുകയാണെങ്കിൽ സൂര്യന്തേജസ്ഉള്ള സമയമാണ് സൂര്യവംശം ഉള്ളവനാണ് ശ്രീരാമൻ ശ്രീരാമനെ പ്രീതിപ്പെടുത്താൻ വേണ്ടിയാണ് എന്നൊരു വിശ്വാസം, പിന്നെ മറ്റൊരു വിശ്വാസം എന്തെന്നാൽ വനവാസകാലത്ത് ചതുർമാസ വ്രതം അനുഷ്ഠിച്ചിട്ടുണ്ട്ഇത് ആ ബുക്കിൽ ഉണ്ട് തീയതികാര്യങ്ങളൊക്കെ.

ആതിര: ആ

കുറ്റിപ്പുഴ രവി: അത് ഏകാന്തിസമയത്ത്ആണ്, മുഴുവൻ അല്ല. ശ്രീരാമൻ മനുഷ്യത്വത്തിന് വേണ്ടി ചെയ്ത ഒരു കാര്യം ശ്രീരാമന് ത്യജിക്കാൻ പറ്റില്ല എന്ന കാരണം അങ്ങനെ ആകാംഎന്ന്നമുക്ക് പറയാൻ പറ്റു.

ആതിര: കോട്ടയത്തെനാലമ്പലത്തിന്റെപ്രത്യേകതകൾമറ്റ് അമ്പലങ്ങളിൽ നിന്നും വ്യത്യസ്തമായി എന്താണുള്ളത്

കുറ്റിപ്പുഴ രവി : സമയം കുറവുണ്ട്,പെട്ടെന്ന് പോയി വരാൻ കഴിയും. മറ്റ് അമ്പലങ്ങളിലെ രാമൻ, ഭരതൻ, ലക്ഷ്മണൻ, ശത്രുഘ്നൻ എന്നാണ്. പക്ഷേ നാലമ്പലത്തിൽരാമൻ, ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നൻ എന്നാണ്.

ആതിര: ആ, റിലീജിയസിനെമാറ്റിനിർത്തിയാൽചരിത്രപരമായി നോക്കുമ്പോൾ എന്താണ് പ്രേത്യേകത

കുറ്റിപ്പുഴ രവി : നാലമ്പലം നേരത്തെ ഒരു ടൂറിസ്റ്റ് കേന്ദ്രം ആയിരുന്നില്ല . എന്നാൽ ഇന്ന് നാനാഭാഗത്തുനിന്നും ആളുകൾ ഇങ്ങോട്ടേക്കുവരുന്നുണ്ട്, സാമൂഹ്യമായ ഹാർമണിക്ക് . നാലമ്പലങ്ങളിലൂടെ സാംസ്കാരിക ഉണർവ് ഉണ്ടാകുന്നു. നാലമ്പലംഒരു ടൗൺഷിപ്പ് എന്ന നിലക്ക് ഉയരുന്നുണ്ട്. പുരാതനകാലത്തു നിന്നും വ്യത്യസ്തമായി ആധുനികതയിലേക്ക് അടുക്കുംതോറും നാലമ്പലത്തിന്റെ പുരോഗമനം രാമപുരത്തിന്റെ വികസനം ആയി മാറുന്നുണ്ട്.

ആതിര:മ്മ്

കുറ്റിപ്പുഴ രവി: സാമൂഹ്യമായ ഹാർമണിക്ക്. നാലമ്പലങ്ങളിലൂടെ സാംസ്കാരിക,സാമ്പത്തിക നവോദാനത്തിനുള്ള പാതആയി. ഭക്തിപരംആയിട്ടുള്ള കാര്യങ്ങൾ മാത്രമല്ല കലകൾ കൂടി ഇതിലുൾപ്പെടും. കലകൾക്കും സാമൂഹ്യ ആചാരങ്ങൾക്കും അതുപോലെ മറ്റ് എല്ലാ ജാതികൾക്കും അല്ലെങ്കിൽ എല്ലാ മനുഷ്യർക്കും പ്രവേശിക്കാൻ കഴിഞ്ഞു.

ആതിര: ജാതി എന്നുള്ളത് നാലാമ്പലത്തെ എത്രത്തോളം ബാധിച്ചിരുന്നു?

കുറ്റിപ്പുഴ രവി: ഇടക്കാലത്തു വന്നതാണ് സാമൂഹ്യ അസമത്വങ്ങൾ. അതിൽ നിന്നെല്ലാംമാറി നാലമ്പലം ഒരു നവ സംസ്കാരത്തിന് രൂപംനൽകാൻ കഴിഞ്ഞു.

ആതിര: രാമായണവുമായി ബന്ധപ്പെട്ട നോക്കിയാലോ?

കുറ്റിപ്പുഴരവി : രാമായണവുമായി ബന്ധപ്പെട്ട്നോക്കിയാലും ജാതിയുടെ പേരിൽആരെയും മാറ്റി നിർത്തിയിരുന്നില്ല. ഇടക്കാലത്ത് വന്നദുരാചാരം എന്നആശയത്തിൽ നിന്നും മാറിആധുനിക സാമൂഹ്യ വ്യവസ്ഥിതിയോട് യോജിച്ച്ഉള്ള സമ്പ്രദായംആയിമാറാൻ നാലമ്പലം ഒരു വലിയ പങ്ക് നൽകുന്നു.

ആതിര: ആഹ്. താങ്ക്യൂസാർ. സാറിന്റെവിലപ്പെട്ട സമയത്തിൽകുറച്ചുനേരംഎനിക്ക് വേണ്ടി മാറ്റി വെച്ചതിന്.

കുറ്റിപ്പുഴ രവി: ആ. ഇനിഎന്തേലും ഉണ്ടെങ്കിൽവിളിക്ക്

ആതിര: ഓക്കേസാർ.

സാഹിത്യ പ്രവർത്തകനും സാഹിത്യകാരനുമായ കുറ്റിപ്പുഴ രവിക്ക് അധ്യാപകനായും അധ്യാപക പരിശീലകനായും വിദ്യാലയ മേധാവിയായും 45 വർഷത്തെ സേവന പാരമ്പര്യം ഉണ്ട്. ഇത്രയുംവർഷത്തെ പ്രവർത്തന പരിചയമുള്ള ഇദ്ദേഹം ഓരോ മേഖലകളെക്കുറിച്ചും വിശദമായി കാര്യങ്ങൾ മനസ്സിലാവുന്ന രീതിയിൽ സമയമെടുത്ത് അതിന്റെ കാര്യകാരണ സഹിതം വിശദീകരിച്ചു.

ഇദ്ദേഹം രാമപുരവും നാലമ്പലവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളെകുറിച്ചും വിശദമായി വിവരിക്കുന്നു. രാമപുരത്തിന്റെ വികസനത്തിന്നാലമ്പലം പൂർണമായും ഒരു ഭാഗമല്ല എന്നാൽഒരു ഭാഗമാണ്. രാമപുരത്തെ പ്രധാനപ്പെട്ട വികസനം അല്ലെങ്കിൽ പുരോഗതി മാറ്റമെന്ന്ശ്രീരാമന്റെ ക്ഷേത്രമെന്ന സാധാ അമ്പലം പോലെ ദിവസേന പൂജകളും വഴിപാടുകളും ഉള്ള ഒരു അമ്പലമാണ്. എന്നാൽ മറ്റു മൂന്നു ക്ഷേത്രങ്ങൾ കർക്കിടക മാസത്തിൽ മാത്രം പ്രചാരമുള്ളതാണ് ആപ്രദേശത്തേക്ക് റോഡുകളും വണ്ടികളും വന്നത് നാലമ്പലത്തിന്റെ വികസനത്തിന്റെ ഭാഗമായാണ്. കുറച്ചു നാളുകൾക്കു മുൻപ് വരെ ജീപ്പ് മാർഗമാണ് അമ്പലത്തിലേക്ക് ആളുകൾ വന്നത് നാലമ്പലത്തിലെ പ്രചാരം കൂടി വന്നപ്പോൾ ബസ്വന്നു.

പിന്നെ ഇദ്ദേഹം എടുത്തു പറയുന്ന മറ്റൊരു കാര്യം മതമൈത്രിയാണ്. നാനാ ഭാഗത്തു നിന്നും വ്യത്യസ്ത മതവിഭാഗത്തിൽ പെട്ടവർ അമ്പലത്തിൽ പ്രവേശിക്കുന്നു, മതസൗഹാർദ്ദത്തോടെ ആണ് ആ പ്രദേശത്തെ ആളുകൾ നിലനിൽകുന്നത്. നാലമ്പലങ്ങളിലൂടെ സാംസ്കാരിക,സാമ്പത്തിക നവോദാനത്തിനുള്ള പാത ആയി.

രാമപുരം പൂർണ്ണമായുംഒരു വികസനത്തിലേക്ക് എത്തിയില്ലെങ്കിലും പണ്ട് ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ മാറ്റങ്ങൾ അവിടെ ഉണ്ടായിട്ടുണ്ട്. ഇന്ന് വന്നാലും ഏതൊരു വ്യക്തിക്കും നേരിൽകണ്ട് അറിയാവുന്നതും കണ്ട് മനസ്സിലാക്കാവുന്നതുമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.